President: Yes, it is because of that, that suggestions as regards certain activities have been communicated to the Corporation which, if carried out, would have given the Corporation ample finance to carry out their programmes. On five separate occasions during five successive years, I have said to the Corporation that this Government are willing to finance them to the extent of twenty lakhs if they would buy blocks in the suburbs and construct buildings on those blocks and start useful activities, like Power Laundry etc.

Mr. K. A. Raman Pillai: The Corporation, I am glad to say are thinking of taking some of those schemes. They have not been able to do so because of the abnormal times.

President: Why? When the Government came forward saying that they will finance the activities of the Corporation, and

assured them that they would acquire plots of ground for building houses, and give them the money, what were the abnormalities that they had to contend with?

Mr. K. A. Raman Pillai: Sir, the Corporation found that those suburbs were areas occupied by people who are very poor. The Corporation wanted to find out some parallel scheme to enable those people to be housed.

President: I do not follow. What I stated was that the Government would finance the construction of big and small houses for housing the Municipal employees and the labourers in the City. They would get small rents and keep the houses in proper condition. What was the difficulty about that?

Mr. K. A. Raman Pillai: The Corporation is taking up some of those schemes. I am not speaking of the Corporation alone, but of other Municipalities as well.

President: Well, the same thing has been suggested to the Alwaye and other Municipalities. They have not been able to do anything.

Mr. K. A. Raman Pillai: Sir, it was because we thought that the proper time is not now, but only after the abnormal conditions are over. I may say that the Power Laundry Scheme is being taken up by the Corporation.

President: How is it being taken up?

Mr. K. A. Raman Pillai: I am not able to supply the details of the scheme at present. But I can say it is under the consideration of the Corporation.

Sir, I have to invite the attention of Government to the insufficiency of the budgetted amount of grant to the Municipalities.

In 1110 the grant to the Municipalities was 51420 Rupees while the grant to the Trivandrum Corporation which was only a Municipality then was Rs. 19270 in 1114, the grant to Corporation was Rs. 16880. In 1116, the grant to Municipalities was Rs. 42000 while the grant to Corporation was Rs. 13000. In 1117, the grant to Municipalities was Rs. 34500 while the grant to Corporation was ten thousand Rupees. In 1118 the grant to Municipalities was Rs 27384 while the grant to Corporation was Rs. 7500. In 1119 the grant to Municipalities was Rs. 27000, while the grant to the Corporation was Rs. 6000. In 1120, the Budgeted amount of grant to Municipalities including Corporation is Rs. 40,000 while the figure in the revised Budget is Rs. 35000. These figures were supplied in answer to my interpellation last time. Further the Corporation is informed in the beginning of 1120 that no grant will be given to it thereafter.

President: I may also at once say that if the Corporation and the Municipalities do not avail themselves of the opportunities given and proceed on the lines indicated and if they go on year after year in the same way they have been going on, and if they do not augment their revenue and budget on a deficit basis, I do not see why Government should go to their help. That would be the policy of Government; why should Government then give them the help? The Corporation of Trivandrum is given some special consideration and I do not see why it should be given a special treatment in preference to other Municipalities.

Mr. K. A. Raman Pillai: Sir, I am speaking of all the Municipalities. Here in Trivandrum, the Corporation is giving higher salaries to the employees than in other Municipalities.

President: Order, order. If you are not able to keep proper accounts and after two or three years large deficits occur—if defaults are seen and you do not collect your arrears, and appoint people related to Mayors and they abscond with the money—there are large misappropriations under investigation now—why should the Government come forward with financial help?

Mr. K. A. Raman Pillai: That is certainly a matter for consideration. I am submitting whether in the special circumstances in which the Trivandrum Corporation is placed the grant could be given.

The Corporation has taken steps to realise the moneys that have been defaulted and the whole amount has been recouped.

President: The question of a rich man paying up misappropriated money is irrelevant. The question is why did the Corporation allow the money to be misappropriated. Some rich man whose relation has misappropriated the money is giving it back.

Mr. K. A. Raman Pillai: Sir, I have next to speak about the Commissioner's appointment. They are appointed by the Government. They are invested with certain duties and powers under the City Municipal Act and the District Municipalities Act and if they possess tact, ability and winning manners, they will be able to shape to a great extent the policy of these local bodies. Otherwise, they will be a sort of inconvenient intermediary between the Government and the local authorities. These officers are appointed only for short periods now. They must be allowed sufficient time to study the problems of municipal administration. By the time these officers learn the problems appertaining to local self-Government, they are transferred invariably from the Office of Commissionership. Again, because they are appointed only for a short time, human nature being what it is, the natural tendency for them will

be to view the office of commissionership as a resting place to work out their further destinies under Government. So, I would suggest that these officers be appointed for longer periods of, say, ten years. Commissioner's pay should also be revised in such a way that they should not be put to the necessity of leaving the services of these local bodies for higher pay elsewhere.

I next come to Tolls. No doubt, the abolition of tolls is a step in right direction. But the Corporation will sustain a heavy loss by this. I was happy to hear from the Dewan President that the Corporation will be compensated. The corporation was collecting by way of tolls approximately Rupees fifty thousand yearly. I very much appreciate the policy of Government in establishing Municipalities in deserving towns. It is gratifying that a Municipality is proposed to be established at Palai. I would in this connection recommend that the benefits of local self-Government be conferred in the towns of Kottarakara and Chengauoor also which deserve the same.

President: The honourable Member may finish soon.

Mr. K. A. Raman Pillai: I have practically finished. Sir, your thought-provoking speech the other day to the joint session of the Legislature bears eloquent testimony to your breadth of vision, courage of conviction and your deepseated love to the people committed to your care by Our Gracious Highness The Maharaja, one of the most enlightened and illustrious Sovereigns and the several schemes chalked out by your mature intellect when implemented, would provide the country with better food better houses, better cloth and better social amenities, so that the people would say from the bottom of their heart that here is a country really worth living in. I have nothing more to say at present.

Mr. K. S. Joseph: Sir, I rise to say just a word of correction. Mr. Raman Pillai said that I justified the shyness of Travancore capital. I did not say so. On the other hand what he said was that the fact that Travancore took shares in the Fertilisers and Chemicals showed that the Travancore capital was not shy.

Mr. G. Narayana Aiyar: I want to make a suggestion. In view of the new taxation policy to be adopted, it is not advisable to have the land revenue taken up.

Mrs. Thressiamma Kora (*Vaikom, Kottayam and Changanacherry* cum *Peermade:*) സർ, ബഡ്ജറ്റിൽ നിന്ന് അടുത്തകൊല്ലത്തിൽ ൩൨൩ ലക്ഷത്തിൽ പരം രൂപാ വരവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ൧൧൧-ൽ നമ്മുടെ വരവ് ൨൩൨ ലക്ഷം രൂപയാ

[Mrs. Thressiamma Koira]

യിരുന്നു. പത്തു കൊല്ലംകൊണ്ടു വന്നിട്ടുള്ള ഈ വ്യത്യാസം പുതിയ നികുതികൾ ചുമത്താതെ ആണെന്നുള്ള അഭിപ്രായത്തോടു യോജിക്കുവാൻ നിവൃത്തിയില്ല.

൧൧൧൧-ൽ അബ്കാരി, കറുപ്പ് ഈ രണ്ടിനങ്ങളിൽനിന്നുള്ള വരവ് ൨൩ അര ലക്ഷം രൂപയായിരുന്നു. അടുത്ത കൊല്ലത്തിൽ അത് ൯൧ ലക്ഷം രൂപാ ആകുമെന്നു പ്രതീക്ഷിക്കുന്നു. അതായത് മദ്യപാനത്തിൽ നിന്നും, കറുപ്പുതീററിയിൽ നിന്നും ഉള്ള വരവു പത്തു കൊല്ലംകൊണ്ടു ൬൭ അര ലക്ഷം രൂപയായി വർദ്ധിക്കുന്നു. ഇതു നമ്മുടെ രാജ്യത്തിന് അഭിമാനകരമായ ഒരു സ്ഥിതിയായി ഞാൻ കരുതുന്നില്ല.

൧൧൧൧-ൽ തീരുവ ഇനത്തിലെ വരവ് ൪൦ ലക്ഷം രൂപയായിരുന്നത് അടുത്തകൊല്ലത്തിൽ ൮൦ ലക്ഷം രൂപയാകുമെന്നു പ്രതീക്ഷിക്കുന്നു. ഈ ൪൦ ലക്ഷം രൂപാ കൂടുതൽ വന്നത് കയററുമതി സാധനങ്ങളുടെ താരിപ്പു റേററു വർദ്ധിപ്പിച്ച് ഡ്യൂട്ടി കൂട്ടിയതുകൊണ്ടും മററുമല്ലെങ്കിൽ പിന്നെയെന്താണ് ?

ആദായനികുതി ൧൧൧൧-ൽ നാലേമുക്കാൽ ലക്ഷം രൂപ ആയിരുന്നത് അടുത്ത കൊല്ലത്തിൽ ൧൨൦ ലക്ഷം രൂപയാകുന്നു. ൧൦ കൊല്ലംകൊണ്ടു ഉണ്ടായിട്ടുള്ള ഈ കൂടുതൽ വരവിന്റെ പ്രധാന കാരണം കാർഷികാദായ നികുതി ഏർപ്പെടുത്തിയതും, എക്സസ് പ്രാഫിററ ടാക്സ്, സൂപ്പർ ടാക്സ് മുതലായവ നടപ്പിൽ വരുത്തിയതുമൂലവുമാണ്.

പാക്ക്, കാപ്പി. തേയില ഇവയുടെ തീരുവ ഇനത്തിൽ അടുത്ത കൊല്ലം പതിനേഴേമുക്കാൽ ലക്ഷം രൂപ വരവുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. ഇങ്ങനെ ഒരു വരവ് ൧൧൧൧-ൽ ഇല്ലായിരുന്നു.

൧൧൧൧-ൽ തീപ്പെട്ടിയുടെ ഡ്യൂട്ടി ഒരുലക്ഷത്തിമുപ്പത്തിഏഴായിരം രൂപയായിരുന്നു. ഈ ഇനത്തിൽ അടുത്തകൊല്ലത്തിൽ ൧൨ ലക്ഷം രൂപാ കിട്ടുമെന്നുദ്ദേശിക്കുന്നു.

൧൧൧൧-ൽ സ്റ്റാമ്പിനത്തിൽ ൨൧ ലക്ഷം രൂപാ വരവുണ്ടായിരുന്നു. അടുത്തകൊല്ലത്തിൽ ഇത് ൩൭ അര ലക്ഷം രൂപാ ആകുന്നു. സ്റ്റാമ്പ് ഡ്യൂട്ടി കൂടിയത് ഈ കൂടുതലിന് ഒരു പ്രധാനകാരണമാണ്. മേലുദ്ധരിച്ച കണക്കുകൾ മാത്രം നോക്കുന്നപക്ഷം പുതിയ നികുതികൾ ഏർപ്പെടുത്തിയും, പഴയ നികുതികളിൽ റേററു വ്യത്യാസം വരുത്തിയും ൨൬൭ ലക്ഷം രൂപയോളം വർദ്ധിപ്പിച്ചിട്ടുണ്ടെന്നു കാണാവുന്നതാണ്. ഈ വർദ്ധനവുണ്ടായതു് സാധാരണ ജനങ്ങൾക്കു ഉപദ്രവം ഉണ്ടായിട്ടാണെന്നു പറയുന്നതു് വെറും പരമാർത്ഥമല്ലയോ ?

ഇപ്പോൾ നാം പ്രതീക്ഷിക്കുന്ന ഈ വരവ് ഒരു സ്ഥിരമായ വരവായിരിക്കാനിടയില്ല. സാധാരണ നിലയിൽ നമ്മുടെ വരവ് ഇതിൽ വളരെ കുറയുവാനാണെളുപ്പം. നാം ഇപ്പോൾ പ്രതീക്ഷിക്കുന്ന വരവ് ഒരു സ്ഥിരമായ വരവെന്നുള്ള നിലയിൽ ശമ്പളച്ചെലവും മറ്റു സ്ഥിരമായി വർദ്ധിപ്പിക്കുന്നതു് ബുദ്ധിപൂർവമാണോ എന്നു ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ഇപ്പോഴത്തെ ശമ്പളവർദ്ധനവു അനുസരിച്ച് ശമ്പളം അലവൻസ്, പെൻഷൻ, മുതലായവയ്ക്കു് ഉദ്ദേശം ൮ കോടിയിൽ പരം രൂപാ, വേണ്ടിവരുമെന്നു കാണുന്നു. സാധാരണ നിലയിൽ നമ്മുടെ വരവ് ൧൨ കോടി രൂപായോടടുത്തേ കാണുകയുള്ളു. ഈ സംഖ്യ ശമ്പളച്ചെലവിനും, പെൻഷൻ ചെലവിനുംകൂടി മാത്രമേ മതിയാകുന്നുള്ളുവെങ്കിൽ നമ്മുടെ രാജ്യം അപൽക്കരമായ ഒരു നിലയിൽ എത്തിച്ചേരും. എന്നാൽ ഈ ശമ്പളവർദ്ധനവു മൂലം താണതരം ശമ്പളക്കാരുടെ ശമ്പളം സാരമായ തരത്തിൽ വർദ്ധിപ്പിച്ചിരുന്നുവെങ്കിൽ അതു് സാധൂകരിക്കത്തക്ക ഒരു നടപടിയായി കരുതാമായിരുന്നു. ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വളരെ കൂടുതലായി വർദ്ധിപ്പിച്ചിരിക്കുന്നു. താണശമ്പളക്കാരുടെ ശമ്പളം അവരുടെ അത്യാവശ്യച്ചെലവുകൾക്കു മതിയാകത്തക്കവണ്ണം കൂട്ടിയിട്ടുമില്ല. വളരെ കൂടുതൽ ശമ്പളം വാങ്ങുന്നവരിൽ പലരും തിരുവിതാംകൂറിനു വെളിയിൽനിന്നും വന്നിട്ടുള്ളവരാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കുന്നതു് ആദരണീയമായ ഒരു നടപടിയാണ്. എന്നാൽ പ്രാഥമിക വിദ്യാഭ്യാസം നടത്തുന്നതിനുള്ള അവകാശം മുഴുവനും ഗവണ്മെന്റു ഏറ്റെടുക്കുന്നതു സാധൂകരിക്കത്തക്കതല്ല. ക്രിസ്ത്യാനികൾക്ക്, പ്രത്യേകിച്ച് കത്തോലിക്കർക്ക് ഈ സംഗതിയിൽ ഖണ്ഡിതമായ ഒരു നിലയാണുള്ളതു്. മതബോധനം നൽകുന്നതിന് സൗകര്യത്തോടുകൂടിയ വിദ്യാഭ്യാസം നൽകണമെന്നാണ് കത്തോലിക്ക സഭയുടെ സുനിശ്ചിതമായ നില. കത്തോലിക്ക കുട്ടികൾക്ക് ഏതുതരത്തിലുള്ള വിദ്യാഭ്യാസമാണു നൽകേണ്ടതെന്ന് നിശ്ചയിക്കുന്നതിനുള്ള ചുമതല കത്തോലിക്കാസഭയ്ക്കും മാതാപിതാക്കന്മാർക്കുമാണ്. ഈ ചുമതല മറ്റേതെങ്കിലും ഏജൻസികൾ ഏറ്റെടുക്കുന്നതു് കത്തോലിക്ക സഭയ്ക്കു് അനുവദിക്കാൻ നിവൃത്തിയില്ല.

ഭൂനികുതിയിൽ സാരമായ ചില വ്യത്യാസങ്ങൾ വരുത്തുന്നതാണെന്നു ഫിനാൻഷ്യൽ സെക്രട്ടറിയുടെ പ്രസംഗത്തിൽ നിന്നും മനസ്സിലാകുന്നു. ഇപ്പോൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന ബേസിക് ടാക്സു വടക്കൻ തിരുവിതാംകൂറിലുള്ള പല സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം

[Mrs. Thressiamma Kora]

ഇപ്പോൾ കൊടുക്കുന്ന കരത്തിന്റെ രണ്ടോ, മൂന്നോ ഇരട്ടിയായിരിക്കും. ഇതിനു പുറമെ കാർഷികാദായ നികുതിയും ഏർപ്പെടുത്തുവാൻ പോകുന്നു. കാർഷികാദായ നികുതി ഏർപ്പെടുത്തുന്നതു് കർഷകരെ സംബന്ധിച്ചിടത്തോളം വലുതായ നഷ്ടത്തിനും സങ്കടത്തിനും കാരണമായിത്തീരും. ഓരോ കൃഷിക്കാരന്റെയും ആദായം തിട്ടപ്പെടുത്തുന്നതിൽ പല ക്രമക്കേടുകളും അഴിമതികളും ഉണ്ടാകുമെന്നുള്ളതു് തീർച്ചയാണു്. ആദായം തിട്ടപ്പെടുത്തുന്നതിനു സ്ഥിരമായ ഒരു മാനദണ്ഡവും നിർദ്ദേശിച്ചുകാണുന്നില്ല. നെൽകൃഷിക്കാരെ സംബന്ധിച്ചാണെങ്കിൽ ഒരു മാനദണ്ഡം ഉണ്ടാക്കുക സാദ്ധ്യവുമല്ല. ഉദാഹരണമായി കുട്ടനാട്ടിൽ പുഞ്ചകൃഷിക്കാരുടെ സ്ഥിതി നോക്കുക. കാലാവസ്ഥയുടെ വ്യത്യാസം മൂലവും മററുപല കാരണങ്ങളാലും ആണ്ടുതോറും വിളവിൽ സാരമായ വ്യത്യാസം വന്നുകൊണ്ടിരിക്കുന്നു. ഈ നിലയ്ക്കു ആദായം നിർണ്ണയിക്കുന്ന വിഷയത്തിൽ എങ്ങനെയാണു് ശരിയായ ഒരു മാനദണ്ഡം സ്വീകരിക്കുക? കാർഷികാദായ നികുതി പൊതുജനാഭിപ്രായം അറിഞ്ഞതിനുശേഷം മാത്രമെ നടപ്പിൽ വരുത്താവൂ എന്നഭ്യർത്ഥിച്ചുകൊള്ളുന്നു.

തിരുവിതാംകൂറിലെ ഇപ്പോഴത്തെ വ്യവസായ നയത്തെപ്പററി ഒരു വാക്കു് പറയാനുണ്ടു്. ഇപ്പോൾ ആരംഭിച്ചിട്ടുള്ള വൻവ്യവസായങ്ങൾ പലതിന്റേയും മാനേജ്മെൻറു് വിദേശികൾക്കാണു്. വിദേശ മാനേജ്മെൻറും, വിദേശമൂലധനവും കൊണ്ടു വ്യവസായം നടത്തുന്നതായാൽ നമ്മുടെ രാജ്യത്തിനു അഭിവൃദ്ധിയുണ്ടാകുന്നതെങ്ങനെയെന്നു് മനസ്സിലാകുന്നില്ല.

വിദ്യാഭ്യാസത്തിലും, രാഷ്ട്രീയ പ്രബുദ്ധതയിലും വളരെ മുന്നണിയിൽ നിൽക്കുന്ന നമ്മുടെ രാജ്യത്തു് മഹാരാജാവു തിരുമനസ്സിലെ പരമാധികാരത്തിൻ കീഴിൽ ഉത്തരവാദിത്വഭരണം കഴിയുന്നതും വേഗം നടപ്പിലാക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു ഉപസംഹരിച്ചുകൊള്ളുന്നു.

Mr. N. Narayana Kurup: ൩൨൨ ലക്ഷത്തില്പരം രൂപാ വരവുള്ള ൧൧൨൧-ലെ ബഡ്ജററു തിരുവിതാംകൂറിന്റെ സുസ്ഥിരമായ സാമ്പത്തികനിലയെ സൂചിപ്പിക്കുന്നു. ഈ നില ഏതൊരു തിരുവിതാംകൂറുകാരനും അഭിമാനകരമാണു്. എന്നാൽ അതിൽ പറയുന്നതുപോലെ പുതിയതരത്തിലുള്ള യാതൊരു നികുതിഭാരവും ജനങ്ങളിൽ യാതൊരുതരത്തിലും ചുമത്താതെയാണു ഈ വരവു ഉണ്ടാക്കിയിരിക്കുന്നതെങ്കിൽ അതു ഏററവും കാമ്യമായ ഒരവസ്ഥയാണു്.

സർ, മേല്പറഞ്ഞ വസ്തുതയെപ്പററി കൂലംകഷമായി ചിന്തിച്ചു ഒരു വിമർശനം നടത്തുക എന്നുള്ളതു എനിക്കു അനുവദിച്ചിട്ടുള്ള ൧൦ മിനിട്ടുകൊണ്ടു തീരെ സാദ്ധ്യമല്ല. അതു അനന്തനാലും, ശേഷനാലും സാദ്ധ്യമാകുമോ എന്നുതന്നെ ഞാൻ സംശയിക്കുന്നു. അതിനാൽ ഏതാനും ചില സംഗതികൾ അതാതു് ഡിമാൻറുകൾ അവതരിപ്പിച്ചു് വാദപ്രതിവാദം നടത്തുന്ന അവസരത്തിൽ പ്രസ്താവിച്ചുകൊള്ളാമെന്നു വിചാരിച്ചു ഈ സന്ദർഭത്തിൽ മററുചില കാര്യങ്ങളെക്കുറിച്ചു പറയാമെന്നു കരുതുന്നു.

സർ, ഇവിടെ പുതിയ നികുതി യാതൊന്നും ചുമത്താതെയാണ് വരവു വർദ്ധിപ്പിച്ചിരിക്കുന്നതു എന്നു പറയുന്നതു പ്രത്യക്ഷത്തിൽ ശരിയായിരിക്കാമെങ്കിലും അതിൽ പരോക്ഷമായ ഒരു കബളിപ്പു് ഉണ്ടെന്നു പറയാതെ നിവൃത്തിയില്ല. തിരുവിതാംകൂറിലെ ജനങ്ങളിൽനിന്നു ഒരു തരത്തിൽ അല്ലെങ്കിൽ മററൊരുതരത്തിൽ ഈടാക്കുന്ന നികുതികൾ കൊണ്ടുമാത്രമാണ് ഇത്രയും വരവുണ്ടാക്കിയിരിക്കുന്നതു്. ഭൂനികുതിക്കു പുറമേ അബ്കാരി, കസ്റ്റംസ്, തിപ്പെട്ടിഡ്യൂട്ടി, പുകയില ലൈസൻസുഫീസ് ഇങ്ങിനെ മററു പലതരത്തിലുള്ള നികുതിഭാരവും ജനതതിയുടെമേൽ ചുമത്തപ്പെട്ടിട്ടുണ്ടു്. അവർ അതു കെട്ടിവരുന്നുമുണ്ടു്. ഇവിടെ ആകെ ൬൦ ലക്ഷം ജനങ്ങളാണ് അധിവസിക്കുന്നതു. ൬൨൫ ലക്ഷം രൂപായുടെ ൯൦ ശതമാനവും കെട്ടുകയേണ്ടിവരുന്നതു ൬൦ ലക്ഷം ജനങ്ങളാണ്. ശരാശരി കണക്കിൽ അമ്പതു രൂപയിൽ താഴെ വരവുള്ള തിരുവിതാംകൂറുകാരന്റെ ആളോഹരി നികുതിഭാരം പത്തു രൂപയാകുന്നു. [illegible] ൧൧൨൦-ൽ ഈ തുക ആളോഹരി ൫ രൂപയിൽ കൂടിയിരുന്നില്ല. ഇതിനൊത്തവണ്ണം സാമാന്യജനങ്ങളുടെ വരവു വർദ്ധിപ്പിക്കയോ വർദ്ധിക്കയോ ചെയ്തിട്ടില്ലെന്നുള്ളതു പരമാർത്ഥമാണ്. പുതിയ നികുതിഭാരം ചുമത്തപ്പെട്ടിട്ടില്ലെങ്കിലും നികുതിയായിട്ടോ, അല്ലെങ്കിൽ ലൈസൻസുഫീസ് ആയിട്ടോ, മറെറന്തെങ്കിലും ഡ്യൂട്ടിയായിട്ടോ കൂടുതൽ പണം ജനങ്ങൾ സർക്കാരിനു കൊടുക്കുന്നു എന്നുള്ളതു തർക്കമററ സംഗതിയാണ്.

President: Order, order. The customs duty is not really paid by the people. It is paid by the purchasers generally.

Mr. N. Narayana Kurup : സർ, ഞങ്ങളുടെ ഉല്പന്നങ്ങൾക്കു കയററുമതി തീരുവ കുറച്ചേ വില കിട്ടുകയുള്ളു. ഡ്യൂട്ടി കൂടുംതോറും കയററുമതി ചെയ്യപ്പെടുന്ന സാധനങ്ങളുടെ വിലയിൽ വ്യത്യപ്രകാരം കുറച്ചേ കർഷകനു വില കിട്ടുകയുള്ളു.

President : Order, order. I think the honourable member's remarks are likely to be misleading, though I do not mean to say that he cannot in the slightest degree be imputed with any intention to do so. I might say that out of the six and odd crores of rupees, Rs. 1½ crores are by way of income tax. That is paid only by a very small fraction of the populaiton. Another big portion is from taxes on Jaffna tobacco and liquor which are paid by those who need not indulge in them but who use them purely as luxuries. Apart from the excise duty which is about Rs. 1¾ crores and income tax which is about Rs. 1½ crores, the remainder is only Rs. 3 crores. The incometax is paid only by a small minority, of the people.

Mr. N. Narayana Kurup : ജനങ്ങൾ ആളോഹരി ചുമക്കുന്ന നികുതിഭാരം എത്ര എന്നു പറഞ്ഞ നിലയ്ക്കു അവക്കു ശരാശരി എന്തു വരവുണ്ടെന്നുകൂടി കണക്കാക്കേണ്ടതു ആവശ്യമാണെന്നു സിദ്ധമായതിനാൽ ഞാൻ അതിനെപ്പററി പറഞ്ഞതാണ്.

ഇനിയും തിരുവിതാംകൂറിലെ ചെലവിനങ്ങളിലേക്കു കടന്നാൽ വരവുമായി ഒരു അപാരതയും കാണുന്നില്ല. ഭാരിച്ച ഭരണച്ചെലവു, ഏതാണ്ടു രണ്ടു കോടിയോടടുത്ത ശമ്പളച്ചെലവു് വരവിൻെറ മുപ്പതു ശതമാനത്തിൽ കൂടുതലായിട്ടുണ്ടു. ൧൧൧൯-ൽ ൨൬൭ ലക്ഷമായിരുന്ന മൊത്തച്ചെലവു ഇന്നു ൭൦൦ ലക്ഷമായി. യുദ്ധം അവസാനിക്കാറായപ്പോഴാണു നമ്മുടെ ചെലവു അതിൻെറ പരമകാഷ്ഠയിൽ എത്തിയതു്. യുദ്ധം അവസാനിച്ചു വരവു കുറയുമ്പോൾ നിശ്ചിതമായ ഇന്നത്തെ ചെലവു എങ്ങനെ നടത്തുമെന്നു ജനങ്ങൾ ഭയപ്പെടുന്നുണ്ടു്.

യുദ്ധാപരിതഃസ്ഥിതിയെ അഭിമുഖീകരിക്കുവാൻ ഉദ്യോഗസ്ഥന്മാർക്കു ജീവിതച്ചെലവു വർദ്ധനയനുസരിച്ചു് ജീവിതം നയിക്കാൻ തക്കതായ അലവൻസു കൂട്ടിക്കൊടുക്കുകയും യുദ്ധം അവസാനിക്കുമ്പോൾ അതു പിൻവലിക്കുകയും ചെയ്യുന്നതിനെ എനിക്കു മനസ്സിലാക്കുവാൻ കഴിയും. എന്നാൽ ഈ പതനത്തിൽ ഒരിടത്തും നടപ്പില്ലാത്ത, ശമ്പളപരിഷ്കാരവും ശമ്പളം വർദ്ധിപ്പിക്കലും യഥേഷ്ടം നടത്തിയതു ബുദ്ധിപൂർവ

മല്ലെന്നു പറയേണ്ടിയിരിക്കുന്നു. ശമ്പളപരിഷ്കാരംകൊണ്ടു തിരുവിതാംകൂർ ദിവാൻജിമാരുടെ ആയക്കെട്ട ശമ്പളത്തിലധികമുള്ള കൊച്ചി ദിവാൻജിമാർ രണ്ടുമൂന്നായി. വലിയവലിയ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും സ്കെയിലും അവരെ അത്ഭുതപ്പെടുത്തത്തക്കവിധം വർദ്ധിപ്പിച്ചു. ആ ഉദ്യോഗസ്ഥന്മാരെ ഞാൻ അനുമോദിക്കുകയും അവർക്കു ശമ്പളം കൂട്ടിക്കൊടുത്തതിൽ ഗവൺമെൻറിനെ അഭിനന്ദിക്കുകയും ചെയ്യുന്നു. എന്നാൽ ഈ തോതനുസരിച്ച് ൨൦൦ രൂപയിൽ താഴെ ശമ്പളം വാങ്ങിവന്ന താഴ്ന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വർദ്ധിപ്പിച്ചിട്ടില്ല. അവരുടെ ശമ്പളപരിഷ്കാരം ഏററവും തുച്ഛമാണ്. യുദ്ധം അവസാനിച്ചു അലവൻസു നിറുത്തിയാൽ, അവർക്കു ശമ്പളപരിഷ്കാരം ഉണ്ടായുള്ളതായി കാണുന്നില്ല. അവധിയില്ലാതെ അഹോരാത്രം എല്ലുമുറിയെ പണിയുന്ന സെക്രട്ടറിയേററു ക്ലാർക്കന്മാർ, ൨൦൦ രൂപയിൽ താഴെയുള്ള മററുദ്യോഗസ്ഥന്മാർ, ശിപായി, ഹെഡ്മാസ്റ്റർ, മലയാളംസ്കൂൾ അദ്ധ്യാപകന്മാർ, കാൺസ്റ്റബിൾസ്, എക്സൈസ് ശിപായിമാർ മുതലായവർക്കു ശമ്പളപരിഷ്കാരംവന്നിട്ടും ജീവിതാവശ്യസാധനങ്ങൾ വാങ്ങുന്നതിനു മതിയാകുന്നില്ല. വാർഅലവൻസും ശമ്പളപരിഷ്കാരവും വന്നിട്ടും, ഒരാളിനു ദിവസം ഒരു രൂപ കിട്ടത്തക്കവിധത്തിലുള്ള ഒരു നില ചിലർക്കു കിട്ടിയില്ല. ഒരു രൂപയെങ്കിലും ദിവസേന കിട്ടാനുള്ള തരത്തിൽ ശമ്പളപരിഷ്കാരം വരുത്തേണ്ടതായിരുന്നു. ഈ ചെലവു ആലോചിക്കാതിരുന്നതു വളരെ കഷ്ടമായിപ്പോയി. കൊച്ചിയിൽ ഒരു ശിപായിക്കും അദ്ധ്യാപകനുംഉള്ള ശമ്പളംപോലും ഇവർക്കു ലഭിക്കാതെ വന്നതു വളരെ പരിതാപകരംതന്നെയാണ്. എല്ലാ കാര്യങ്ങളിലും കൊച്ചിയെക്കാൾ മെച്ചമാണെന്നു പറയപ്പെടുന്ന തിരുവിതാംകൂർ ഈ കാര്യത്തിൽ കൊച്ചിയെക്കാൾ കൊച്ചായിപ്പോയതു നിർഭാഗ്യംതന്നെ. കൊച്ചിയിൽ ഒരു ശിപായിക്കു ഇപ്പോൾ ൩൦ രൂപ ശമ്പളം കിട്ടുന്നുണ്ട്. ഇതുകൂടാതെ ൧൯൨൦-ലെ ശമ്പളപരിഷ്കാരത്തിൽ വന്നിരുന്ന അനീതിയും വ്യത്യാസങ്ങളും പരിഹരിക്കപ്പെടുമെന്നു പറഞ്ഞിട്ടും, അന്നത്തെ പേഴ്സനൽ സ്കെയിലുകാരായ ചില ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ വന്നിരുന്ന അനീതി ഇന്നും പരിഹരിച്ചിട്ടില്ല.

സർ, യുദ്ധം അവസാനിച്ചിരുന്നാൽ ഇവിടത്തെ വരവു കുറയുവാൻ ഇടയുണ്ടെന്നു ഫിനാൻഷ്യൽ സെക്രട്ടറി അവർകൾ ദീർഘദർശനം ചെയ്തതിനോടു ഞാൻ യോജിക്കുന്നു. എന്നാൽ ഇവിടെ തുടങ്ങിയിട്ടുള്ള വ്യവസായങ്ങളിൽനിന്നും മുറക്കു വരവുണ്ടാകുമെന്നും വരവു കുറയാൻ തരമില്ലെന്നും ദിവാൻജി അവർകൾ വിശദീകരിക്കുന്നു. വ്യവ

[Mr. N. Narayana Kurup.]

സായത്തൽപ്പരരായ ആളുകൾ ഈ കാര്യത്തിൽ, വിപരീതാഭിപ്രായക്കാരാകയാൽ ഗവണ്മെന്റു ശരിയായ ഒരു സമാധാനം പറഞ്ഞു സമാധാനപ്പെടുത്തേണ്ടതായുണ്ട്. സർ, തിരുവിതാംകൂറിലെ ഏറ്റവും വലിയ വ്യവസായം ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ആണ്. അതിന് ഏകദേശം ൧ കോടി രൂപാ മൂലധനം ഉണ്ട്. വ്യവസായം പ്രാരംഭദശയിലുമാണ്. ഈ സ്ഥാപനത്തിൽനിന്നു കൂടിയാൽ ഏകദേശം ൫൦ ലക്ഷം ടൺ ആണ്ടുൽപ്പാദനശക്തി എന്നു വിദഗ്ദ്ധന്മാർ പറയുന്നു; ഇതിനു ഇന്നത്തെ കൺട്രോൾവില കിട്ടിയാൽ പരമാവധി ൩൦ ലക്ഷംരൂപ കിട്ടുമെന്നും, വ്യവസായത്തിൽ കിട്ടാവുന്ന പത്തിൽ ഒരോഹരി ലാഭം ഉണ്ടായാൽ തന്നെയും അതു അഞ്ചുകോടി രൂപയുടെ മുടക്കിനു മൂന്നു ശതമാനം പലിശയേ കിട്ടുകയുള്ളുവെന്നും, അതിനാൽ ആദായകരമല്ലെന്നും മുതലെടുപ്പു കൂടാനിടയില്ലെന്നും വ്യവസായികൾ പറയുന്നുണ്ട്.

President : Order, order. The honourable member might rest his mind in peace. We are under an obligation to make as little or practically no profit at all out of the sale of the Fertilisers. This Fertiliser Scheme has been started with two very definite and distinct objects. Firstly, the product of the Fertilisers will be sold practically at no profit, but the concern will produce phosphates which will be used here and also sold outside. The sulphuric acid which will be used for other industries, will also be used for the reduction of monazite sand. It will also be used in other industries like rayon where it is an essential ingredient. It is expected that Government will get probably about 3 per cent. by way of income from the Fertilisers. Out of the other, they might get probably about 8 to 10 per cent. The general estimation is that they will get about 5 to 6 per cent. on the whole.

As a matter of fact, if the demand for sulphuric acid arises to such an extent as we at present expect, and if the development of salt, which we contemplate, gives rise to the production of hydrochloric acid and if the monazite gives us an adequate quantity of phosphates, we shall be content with the lowest income from the Fertiliser portion of the venture.

Mr. N. Narayana Kurup : സർ, ഇതിൽനിന്നും വലിയ ലാഭമൊന്നും ഗവണ്മെന്റു ഉദ്ദേശിക്കുന്നില്ലെന്നു പറയുന്നുണ്ടെങ്കിലും ഇതിലേയ്ക്കു മുടക്കുന്ന മൂലധനത്തിനു മൂന്നു ശതമാനത്തിൽ കൂടുതൽ പലിശ കിട്ടുകയില്ലെന്നും ഉദ്ദേശിക്കുന്നില്ലെന്നും പറയുന്നതിനാൽ മുതലെടുപ്പു

വർദ്ധിക്കാൻ തരമില്ല. മററു ഉപവ്യവസായങ്ങൾക്കു, വലിയ വ്യവസായത്തിനു കിട്ടാവുന്നതിൽ കൂടുതൽ ന്യായവുമില്ല. അതിനുംപുറമെ, ഇംഗ്ലണ്ടിലെ ഡൈയേർഡ് സിൻഡിക്കേറ്റും ഉത്തമതാൽപ്പര്യമുള്ള ഇംപീരിയൽ കെമിക്കൽസ്, ഇതര അമേരിക്കൻ കമ്പനികൾ ഇവരുടെ മാത്സര്യശക്തികളോടു മത്സരിച്ചു നിൽക്കത്തക്കവണ്ണം നമ്മുടെ വ്യവസായത്തിനു ശക്തിയുണ്ടാകയില്ലെന്നും, മത്സരം നിശ്ചയമാണെന്നും വരവു വ്യവസായങ്ങളിൽനിന്നും നമുക്കു കൂടാനിടയില്ലെന്നുമാണു ജനസംസാരം. വൈദേശികകമ്പനികൾ മാത്സര്യമനോഭാവത്തിൽ അവരുടെവക സാധനങ്ങൾ ഇവിടെ അളവില്ലാതെയും വിലകുറച്ചും ഇറക്കുമതി ചെയ്യുമ്പോൾ, നമ്മുടെ സ്ഥിതി എന്താണെന്നു നിശ്ചയിക്കാൻ നിവൃത്തിയില്ലെന്നും പറയുന്നുണ്ട്.

President: Order, order. There, again, I thought I made it clear. We are under a gentleman's agreement with the Government of India for the next five or six years. They are not likely to compete with us. Apart from that, the Madras Government also will not compete with us and when Provincial Autonomy becomes the order of the day in Madras, the Government of India cannot start any factory in Madras without the consent of the Provincial Government. The Madras Government entered into a contract with us a few days ago, by which they will take over 2/5 of the entire quantity of the fertilisers from us, the moment they are produced. Similarly, Cochin is taking a portion; similarly Pudukotta is taking a portion. The result of it is that if we produce 100 tons of fertilisers, about 50 tons will be sold practically on the day of production. The rest alone will have to be marketed by us, and as the Madras Government have put in 30 lakhs of rupees in that venture and have undertaken to take 2/5 of the production we need not expect any competition from South India. Fortunately, the great and undoubted influence of the I. C. I. is not likely to be used antagonistically against us.

Mr. K. G. Narayana Panicker: A time limit may be suggested.

Mr. N. Narayana Kurup: വിളവു ഉണ്ടാകുന്നതിനാണോ ടൈം ലിമിററ് വേണമെന്നു മി. പണിക്കർ പറയുന്നത്?

സർ, യുദ്ധാനന്തരപുനരുദ്ധാരണസംവിധാനപദ്ധതികൾക്കായി അനേകലക്ഷം ഉറുപ്പിക നീക്കിവച്ചിരിക്കുന്നതിൽ ഞാൻ ഗവണ്മെൻറിനെ അഭിനന്ദിച്ചുകൊള്ളുന്നു. അനേകം ബേസിക്കു വ്യവസായങ്ങൾ ഇവിടെ തുടങ്ങുന്നതോടുകൂടിത്തന്നെ, നമുക്കു ആത്യോപയോഗത്തിനുള്ള കൺസ്ട്രക്ഷൻ സാമാനങ്ങളായ, ചട്ടു, ഗ്ലാസ്, സിമൻറ മുതലായ സാധന

[Mr. N. Narayana Kurup.]

ങ്ങൾ ഉണ്ടാക്കുന്നതിനുള്ള വ്യവസായങ്ങൾക്കൂടി തുടങ്ങുമെന്നു കാണുന്നതു ഏററവും അഭിനന്ദനീയമാണ്. നമ്മുടെ വ്യവസായങ്ങളെല്ലാം കോടിക്കണക്കിനുള്ള മുതൽമുടക്കുള്ളതാണ്. നമ്മെക്കാൾ കൂടുതൽ വരവുള്ള മൈസൂരിൽപോലും, കുറഞ്ഞ മൂലധനം മുടക്കിയാണ് വ്യവസായം തുടങ്ങിയിട്ടുള്ളതു്. അങ്ങിനെ തുടങ്ങിയിട്ടുള്ള വ്യവസായങ്ങൾ കൊണ്ടു അവിടെ സാമാന്യജനങ്ങളുടെ വരവു വർദ്ധിച്ചിട്ടുണ്ടു്. അതുപോലെ സാമാന്യജനങ്ങളുടെ വരവു വർദ്ധിപ്പിക്കത്തക്കതരത്തിലും അവർക്കു ജോലിയുണ്ടാക്കിക്കൊടുക്കത്തക്കവിധത്തിലും, കുറഞ്ഞ മൂലധനത്തിൽ അനേകം കുടിൽവ്യവസായങ്ങൾ ഗവൺമെൻറു തുടങ്ങണമെന്നും, അതിലേക്കു ഒരു വലിയ തുക നീക്കിവയ്ക്കണമെന്നും അഭിപ്രായപ്പെട്ടുകൊള്ളുന്നു.

സർ, പുനരുദ്ധാരണപദ്ധതിയിൽ പട്ടണങ്ങൾക്കും വ്യവസായകേന്ദ്രങ്ങൾക്കുമാണു പ്രാധാന്യം കൊടുത്തുകാണുന്നതു്. രാജ്യത്തിൻെറ പ്രധാന ചെറിയ ഘടകം ഗ്രാമമാണ്. ഓരോ പകുതിയാണ് നമ്മുടെ രാജ്യത്തിൻെറ ഘടകം. അങ്ങിനെയുള്ള ൪൦൦-ൽ പിലപാനം പകുതികൾ ഈ രാജ്യത്തിലുണ്ടു്. ഓരോ പകുതിയും അതിലെ ജനങ്ങളും സമ്പൽസമൃദ്ധമായാൽ രാജ്യം മുഴുവനും നന്നാകും. ബഡ്ജററിൽ ഗ്രാമത്തിലേക്കുള്ള ധനവിനിയമം പരിമിതവും തുഛവുമായി കാണുന്നതു പരിതാപകരമാണ്. സാധാരണ ജനങ്ങളുടെ വരവു വർദ്ധിപ്പിക്ക എന്നുള്ളതാണ്, ഏതു പുനരുദ്ധാരണപദ്ധതിയുടേയും ലക്ഷ്യമായിരിക്കേണ്ടതു്. അതിനു ഗ്രാമങ്ങളിലെ കൃഷിസ്ഥലം വർദ്ധിപ്പിക്കയും വിളവു വർദ്ധിപ്പിക്കാനുള്ള വഴികളുണ്ടാക്കയും ഗ്രാമങ്ങളിൽ കുടിൽവ്യവസായപദ്ധതി നടപ്പിൽ വരുത്തുകയും ചെയ്യേണ്ടതായിട്ടുണ്ടു്. രണ്ടാമതു കുടിൽവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തണം. ആളോഹരിഭാഗം നിമിത്തം കൃഷിക്കു സ്ഥലം വളരെ കുറവാണെന്നു പറയേണ്ടതില്ലല്ലോ. ഉള്ള സ്ഥലത്തു വിളവു വർദ്ധിപ്പിക്കുന്നതിനാണു ഇനി നാം പ്രധാനമായി ശ്രമിക്കേണ്ടതു്.

Mr. K. A. Raman Pillai : കൃഷിയുടെ വർദ്ധനവിനുവേണ്ടി ബഡ്ജററിൽ ൨൦ ലക്ഷം രൂപാ നീക്കിവച്ചിട്ടുള്ള വിവരം മെമ്പർക്കറിയാമോ?

Mr. N. Narayana Kurup : മെമ്പർ ബഡ്ജററു പഠിച്ചതുപോലെ ഞാനും പഠിച്ചിട്ടുണ്ടു്. വാഴവെട്ടിനു വലിയ ചെലവു കാണിച്ചിട്ടുണ്ടു്. ഗ്രാമങ്ങളിലുള്ള കൃഷിയെ അഭിവൃദ്ധിപ്പെടുത്തുവാൻ പ്രധാനമായി ചെയ്യേണ്ടതു ജലസേചനത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുക

യാണ്. ചിറകൾ, തോടുകൾ മുതലായവ വെട്ടിയും ഉള്ളവ കൂടുതൽ ഉപയോഗയോഗ്യമാക്കിത്തീർത്തും ഈ കാര്യത്തിൽ ജനങ്ങളെ സഹായിക്കേണ്ടതാണ്. അതിലേക്കു ധാരാളം പണം വിനിയോഗിക്കേണ്ടതായുണ്ട്. ജനങ്ങളുടെ സഹായസഹകരണം ഈ കാര്യത്തിൽ പൂർണ്ണമായി ലഭിക്കത്തക്കവിധത്തിൽ പരസ്പരസഹായസംഘങ്ങൾ ഏർപ്പെടുത്തിയോ, മററുതരത്തിൽ നിയമം ഉണ്ടാക്കിയോ ഗ്രാമപ്രദേശങ്ങളിലെ ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും [illegible] വിളവു വർദ്ധിപ്പിക്കാനും ഗവണ്മെൻറു വേണ്ടതു ചെയ്യുമെന്നു വിശ്വസിക്കുന്നു.

അതുപോലെതന്നെ ഗ്രാമപ്രദേശങ്ങളിലെ റോഡുകൾ നന്നാക്കുന്നതിനും വളരെ കുറച്ചു പണം മാത്രമേ അനുവദിച്ചിട്ടുള്ളു. ഏകദേശം ൧൭ ലക്ഷം രൂപയോളം പുതിയ ജോലികൾക്കു നീക്കിവച്ചിട്ടുണ്ടെന്നു ബഡ്ജററുകൊണ്ടു കാണുന്നുണ്ടെങ്കിലും അതിൽ ൩ ലക്ഷംരൂപാ നീക്കിയാൽ ബാക്കിയുള്ള തുക പഴയ റോഡുകൾ പുതുക്കുന്നതിനും നന്നാക്കുന്നതിനുംവേണ്ടി നിശ്ചയിച്ചിട്ടുള്ളതാണെന്നു കാണാം. ഗ്രാമങ്ങളിലുള്ള റോഡുകൾ മെററൽ റോഡുകളാക്കിത്തീർക്കുന്നതിനും അവിടത്തെ ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഓരോ ഗ്രാമീണ റോഡുകളും പ്രധാന റോഡുമായി ചേർക്കുന്നതിനും ഒരു പദ്ധതിയുണ്ടാക്കി പണം ചെലവിടേണ്ടതു് ഈ സാമ്പത്തികസമയത്താണ്. ഗ്രാമാഭിവൃദ്ധിക്കു് ഏററവും പ്രധാനമായി വേണ്ടതു ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നുള്ളതുതന്നെയാണ്. ഗവണ്മെൻറു് ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിക്കുമെന്നു വിശ്വസിക്കുന്നു.

സർ, ഗ്രാമീണജനങ്ങളുടെ ആരോഗ്യസമ്പാദനത്തിനുവേണ്ടിയും ഗവണ്മെൻറിൻെറ ശ്രദ്ധ വേണ്ടിടത്തോളം പതിഞ്ഞിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. സർ, യുണൈറഡ് കിംഗ്ഡത്തിൽ ൭൬൦ ജനങ്ങൾക്കു ഒരു ഡാക്ടരും, ൪൩൭ പേർക്കു ഒരു നേഴ്സും വീതമുണ്ട്. ഇൻഡ്യയിൽ ൬൦൦൦ പേർക്കു ഒരു ഡാക്ടർവീതമുണ്ട്. തിരുവിതാംകൂറിലെ കണക്കുനോക്കിയാൽ ൩൦,൦൦൦ പേർക്കു ഒരു ഡാക്ടർ പോലുമില്ലെന്നു കാണാം. ഇത്ര മുതലെടുപ്പുള്ള ഈ രാജ്യത്തു ജനങ്ങളുടെ ആരോഗ്യപാലനത്തിനുവേണ്ടി കുറേക്കൂടി കൂടുതൽ തുക അനുവദിക്കാവുന്നതാണ്. ഓരോ പകുതിയിലും കുറഞ്ഞതു പതിനായിരം ജനങ്ങൾ ഉണ്ട്. കുറഞ്ഞതു് ഒരു ആസ്പത്രിവീതം ഉണ്ടായിരിക്കണം. ഓരോ ആസ്പത്രികളിലും ഓരോ ഡാക്ടരും ഓരോ ലേഡി ഡാക്ടരും ഒന്നോ രണ്ടോ നേഴ്സുകളും ഉണ്ടായിരിക്കേണ്ടതാണ്. ഈ പദ്ധതി രാജ്യത്തിനു് ഇത്ര

[Mr. N, Narayana Kurup.]

മേൽ ഭദ്രതരമായ ഒരു സാമ്പത്തികനില ഉണ്ടായിരിക്കുന്ന ഈ കാലത്ത്, രാജ്യരക്ഷക്കും ജനക്ഷേമത്തിനുംവേണ്ടി ഏതും ചെയ്യാൻ തയ്യാറായിരിക്കുന്ന ഒരു ദിവാൻജിയുള്ളകാലത്തു, നടപ്പിൽ വരുത്തുവാൻ കഴിഞ്ഞില്ലെങ്കിൽ പിന്നെ എന്നാണു ഇതു നടപ്പിൽ വരുത്തുവാൻ പോകുന്നതെന്നു ഞാൻ ചോദിക്കുന്നു, അതുപോലെ പഞ്ചായത്തുകോടതികളും ആയുർവേദ ഗ്രാൻറുവൈദ്യശാലകളും അനുവദിക്കേണ്ടതാണ്.

ആരോഗ്യരക്ഷക്കു അത്യന്താപേക്ഷിതമായിരിക്കുന്ന ഒന്നാണു ശുദ്ധജലം. ഇതിലേക്കു ബഡ്ജറ്റിൽ ഗണ്യമായ ഒരു തുകയും കൊള്ളിച്ചിട്ടില്ല. ചവറമുതൽ അരൂക്കുറ്റിവരെ കായലോരങ്ങളിൽ താമസിക്കുന്നവർക്കും ഉദ്ദേശം പതിനാലു പകുതികളുള്ള കുട്ടനാട്ടിലും ശുദ്ധജലം കിട്ടാതെ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നുണ്ട്. ഇതിനെപ്പറ്റി ഗവൺമെൻറു ശ്രദ്ധിച്ചിട്ടില്ലെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. ഈ പ്രദേശങ്ങളിൽ ഓരോ പകുതിയിലും ഓരോ ട്യൂബ്വെൽ സ്ഥാപിക്കുന്നതിനു ഗവൺമെൻറു ശ്രമിക്കേണ്ടതാണ്. അതിനു പ്രത്യേകം പണം അനുവദിക്കണം. ഇതിനുപുറമെ അനേകവർഷങ്ങളായി അനേകലക്ഷം രൂപാ ചെലവുചെയ്തു അപൂർണ്ണമാക്കിയിട്ടിരിക്കുന്ന പ്രധാനറോഡുകളും തോടുകളും പൂർത്തിയാക്കേണ്ടതുണ്ട്. ആലപ്പുഴ-ചേർത്തല തോടും അമ്പലപ്പുഴ-തിരുവല്ലാ റോഡും രണ്ടു പ്രധാനകാര്യങ്ങളാകയാൽ ഉടനടി പൂർത്തിയാക്കേണ്ടതും സാധ്യമല്ലാത്തപക്ഷം പുനരുദ്ധാരണപദ്ധതിയിലെങ്കിലും ഉൾപ്പെടുത്തി തീർക്കേണ്ടതുമാണ്.

ഗ്രാമപ്രദേശങ്ങളിലെ കൃഷി അഭിവൃദ്ധിപ്പെടുത്തണമെങ്കിൽ കന്നുകാലികളുടെ സംരക്ഷണത്തിൽ നാം കൂടുതൽ ശ്രദ്ധിച്ചേ തീരൂ. കന്നുകാലിസംരക്ഷണത്തിനുവേണ്ടി വളരെ വളരെ ചുരുക്കമായ ഒരു സംഖ്യമാത്രമേ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളു. ഗവൺമെൻറ് ഈ തുറയെ പ്രോത്സാഹിപ്പിക്കുന്നില്ല. ഇപ്പോൾ അവിടവിടെ ഏതാനും ചില വെറ്ററിനറി ഡാക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഇവർക്കു ഒരു മാസത്തിൽ ൨൦ ദിവസവും സർക്കീട്ടു പോകണം. കുട്ടനാട്ടിൽനിന്നും കന്നുകാലികളെ കെട്ടുവള്ളത്തിൽ കയറ്റി വെറ്ററിനറി ഇൻസ്പെക്ടരുടെ അടുക്കൽ ചെന്നാൽ അദ്ദേഹത്തെ അവിടെ കാണുകയില്ല. അദ്ദേഹം വരുന്നതുവരെ ഈ കന്നുകാലികളേയും വച്ചുകൊണ്ടു അവിടെ താമസിക്കുന്നതിനു വളരെ ക്ലേശവും ബുദ്ധിമുട്ടും സഹിക്കേണ്ടതായിട്ടുണ്ട്. കെട്ടിസൂക്ഷിക്കുവാൻ ആശുപത്രികളിൽ സ്ഥലമില്ല. സർ, ഈ ഡിപ്പാർട്ടുമെൻറുകൊണ്ടു ജനങ്ങൾക്കു കൂടുതൽ പ്രയോജനമുണ്ടാകണമെങ്കിൽ

കൃഷിഡിപ്പാർട്ടുമെൻറിൽനിന്നു വേർതിരിക്കണം. സകല പരിഷ്കൃത രാജ്യങ്ങളിലും അപ്രകാരം ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇവിടെ എന്താണു അതിനു വൈഷമ്യമെന്നു എനിക്കു അറിവാൻ കഴിയുന്നില്ല. കൊച്ചിയിൽ ഇതു കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും മാററിയിട്ടുണ്ട്. പത്തോ പന്ത്രണ്ടോ മൃഗവൈദ്യന്മാർ മാത്രമുള്ള കൊച്ചിയിൽ ഈ ഡിപ്പാർട്ടുമെൻറു കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും മാററിയിരിക്കുന്ന സ്ഥിതിക്കു തിരുവിതാംകൂറിൽ ഇപ്പോഴും ഇതിനെ കൃഷിഡിപ്പാർട്ടുമെൻറിൻെറ കീഴിൽ വച്ചുകൊണ്ടിരിക്കുന്നതു് എന്തുകൊണ്ടാണെന്നു എനിക്കു എത്ര ആലോചിച്ചിട്ടും മനസ്സിലാക്കുവാൻ കഴിയുന്നില്ല. ഇവിടത്തെ മൃഗവൈദ്യത്തിനു കൂടുതൽ പ്രാഗല്ഭ്യം ഉണ്ടാകണമെങ്കിൽ ഈ ഡിപ്പാർട്ടുമെൻറു കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും വേർതിരിച്ചു് ഒരു മൃഗവൈദ്യവിദഗ്ദ്ധൻെറ കീഴിൽ പ്രത്യേക ഡിപ്പാർട്ടുമെൻറു ആക്കേണ്ടതത്യാവശ്യമാണു്. മൃഗവൈദ്യത്തിനെ അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കു ഡാക്ടർ മില്ലർ ഒരു പദ്ധതി നിർദ്ദേശിച്ചിട്ടുള്ളതായി കാണുന്നു. അദ്ദേഹം വെറററിനറി ഡിപ്പാർട്ടുമെൻറിനെ തിരുവിതാംകൂറിൽമാത്രം കൃഷി ഡിപ്പാർട്ടുമെൻറിൽനിന്നും വേർതിരിക്കുന്നതിനോടു യോജിക്കുന്നില്ല എന്നു തോന്നുന്നു. പത്തു ആശുപത്രികൾ മാത്രമുള്ള കൊച്ചിയിൽ ആ ഡിപ്പാർട്ടുമെൻറിനെ കൃഷി ഡിപ്പാർട്ടുമെൻറിൽനിന്നും മാറേറണ്ടതാണെന്നും രണ്ടു റിലീവിംഗ് മൃഗവൈദ്യന്മാർ എപ്പോഴും ഉണ്ടായിരിക്കണമെന്നും ശുപാർശ ചെയ്ത ഡാക്ടർ മില്ലർ തിരുവിതാംകൂറിൽ വന്നപ്പോൾ അതിനേക്കാൾ കൂടുതൽ ആശുപത്രികളും വൈദ്യന്മാരുമുള്ള ഇവിടത്തെ വെറററിനറി ഡിപ്പാർട്ടുമെൻറു ഇവിടത്തെ കൃഷി ഡിപ്പാർട്ടുമെൻറിൽനിന്നും മാററുന്നതിനോടു അനുകൂലിക്കാതിരുന്നതു അദ്ദേഹത്തിനെ അനുഗമിച്ചിരുന്ന ഉദ്യോഗസ്ഥന്മാരുടെ ഏതത് വിഷയകമായ ഉപദേശങ്ങളുടെ തകരാറുകൾകൊണ്ടാണെന്നാണു എനിക്കു തോന്നുന്നതു്. അതുകൊണ്ടു കർഷകജനതക്കു ഈ കാര്യത്തിൽ ഏതെങ്കിലും നിലയിലുള്ള ആശ്വാസം ഉണ്ടാക്കിക്കൊടുക്കണമെന്നു തിരുവിതാംകൂർ ഗവൺമെൻറിനു ആത്മാർത്ഥമായ വിചാരമുണ്ടെങ്കിൽ ഈ ഡിപ്പാർട്ടുമെൻറിനെ കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും വേർതിരിച്ചു് ഒരു പ്രത്യേക വിദഗ്ദ്ധൻെറ കീഴിലാക്കിക്കൊടുക്കേണ്ടതാണ്. ഫിഷറിഡിപ്പാർട്ടുമെൻറു യൂണിവേഴ്സിററിയുടെ കീഴിലിരുന്ന കാലത്തും, വേർതിരിച്ചതിനുശേഷവും, മത്സ്യവ്യവസായത്തിനുണ്ടായിട്ടുള്ള ത്വരിതപുരോഗമനം തന്നെ ഇതു വേർതിരിക്കുന്നതിനു ഗവൺമെൻറിനെ പ്രേരിപ്പിക്കേണ്ടതായിരുന്നു.

[Mr. N. Narayana Kurup.]

ഗതാഗതസൌകര്യം വളരെ കുറഞ്ഞ ഒരു പ്രദേശമാണല്ലോ കുട്ടനാട്ട്. അവിടെ ൪ പകുതികളുണ്ട്. ഈ പകുതികളിലെ കന്നുകാലികളുടെ സംരക്ഷണാവശ്യത്തിലേയ്ക്കു കുമരകം, നെടുമുടി, പുളിങ്കുന്നു, കോഴിമുക്കു എന്നീ സ്ഥലങ്ങളിൽ ഓരോ മൃഗാശുപത്രി സ്ഥാപിച്ചുതരേണ്ടതാണ്. തൽക്കാലം അതിനു നിവൃത്തിയില്ലെങ്കിൽ സകല സജ്ജീകരണങ്ങളോടുകൂടി മോട്ടാർബോട്ടിൽ ഒരു സഞ്ചാര ഡിസ്പെൻസറിയെങ്കിലും സ്ഥാപിച്ചുതരണം. ഈ കാര്യം മി. കെ. ആർ. നാരായണയ്യർ പണ്ടു കൃഷി ഡയറക്ടരായിരുന്നപ്പോൾ ൧൧൧൯-ാമാണ്ടുമുതൽ ഞാൻ ആവർത്തിച്ചാവശ്യപ്പെട്ടിട്ടുള്ളതു കാര്യത്തിന്റെ ഗൌരവം കൊണ്ടുമാത്രമാണ്.

Mr. K. R. Narayana Aiyar : There is provision in the budget for the opening of a Veterinary Hospital.

Mr. N. Narayana Kurup : സർ, ഇവിടെ ആളോഹരിഭാഗവും മററും വന്നു ആളോഹരി കൃഷിസ്ഥലം ൪൦ സെൻറായിട്ടുണ്ട്. കൃഷിസ്ഥലത്തിനു വിസ്തീർണ്ണം കൂട്ടാനും തരമില്ല. എന്നാൽ പരസ്പരസഹായതത്വത്തിൽ കൃഷിചെയ്യിക്കുന്നതുകൊണ്ടു ഉടമസ്ഥാവകാശത്തിനു നാശമില്ലാതെ വിസ്തീർണ്ണം കൂട്ടി കൃഷിചെയ്യാനുതകുന്നതാണ്. അതിനാൽ അങ്ങിനെയുള്ള ഒരു പദ്ധതി നിശ്ചയിച്ച് നിയമമുണ്ടാക്കി കൃഷിചെയ്യിക്കുന്നതിനുടനടി ഏർപ്പാടുകൾ തുടങ്ങേണ്ടതാകുന്നു.

അഞ്ചലാഫീസിൽ കാർഡും കവറും കിട്ടുന്നില്ലെന്നുള്ള പരാതി ഉണ്ടായപ്പോൾ കവറുകൾ എല്ലാം കച്ചവടക്കാരും മററു പ്രൈവറേറ ജൻസികളും പൂഴ്ത്തിവച്ചിരിക്കുകയാണെന്നു ദിവാൻ പ്രസിഡൻറവർകൾ പറകയുണ്ടായി. ദിവാൻജി അവർകൾ ഈ വിഷയത്തിൽ തെററിദ്ധരിച്ചിരിക്കുകയാണെന്നു തോന്നുന്നു. അഞ്ചലാഫീസിൽ കവർ കിട്ടാതായപ്പോൾ കടകളിലും അതു ലഭിക്കുന്നില്ല. ഉൾനാടുകളിൽ താമസിക്കുന്ന ജനങ്ങൾക്കു കച്ചവടക്കാർ മുഖേനയാണു കവറുകൾ സാധാരണയായി ലഭിക്കുന്നത്. എന്റെ അന്വേഷണത്തിൽ കവർ കിട്ടാതിരിക്കുവാനുള്ള കാരണം വേറെയാണെന്നു കാണുന്നു. കവറുണ്ടാക്കുന്നതിനുള്ള കൺട്രാക്ററ് പണമില്ലാത്തവർക്കു കൊടുക്കും. കുറച്ചുകവറുകൾ ഉണ്ടാക്കി അതിന്റെ പണം വാങ്ങി കൂലികൊടുത്തു പിന്നെയും കുറച്ചുണ്ടാക്കിവരുന്നതാണു ഒന്നാമത്തെ കുഴപ്പം. രണ്ടാമത്, വെറും കവറിനു വില കൂടുതലാകയാൽ വലിയ വലിയ കമ്പനിക്കാരും കച്ചവടക്കാരും വ്യവസായികളും വളരെ അധികം കവർ വാങ്ങി സൂക്ഷിക്കുന്നതു

മാണ്. അതുകൊണ്ടു വലിയ കണ്ട്രാക്റ്റർമാർക്കു കണ്ട്രാക്റ്റു കൊടുക്കണം. ധാരാളം കവറുകൾ ഉണ്ടാക്കിവയ്ക്കണം. ഈ കുഴപ്പത്തിനു കച്ചവടക്കാർ ഒളിച്ചുവയ്ക്കുന്നെന്നു പറയുന്നതബദ്ധമാണ്. അഞ്ചലാഫീസിലേയ്ക്കു ഒന്നും രണ്ടും മൈൽ ദൂരമുള്ള പല ഗ്രാമങ്ങളിലും ചില്ലറ കച്ചവടക്കാരുടെ സഹായത്താലാണു കവറുകൾ സമയത്തു കിട്ടുന്നതു്. അവർ വില്ക്കരുതെന്നു പറഞ്ഞാൽ ഗ്രാമവാസികൾ വിഷമിക്കും. ഗ്രാമീണജനങ്ങളെ കരുതിയെങ്കിലും അഞ്ചൽ കവറുകൾ വാങ്ങി വില്ക്കുന്നതിനുള്ള സൗകര്യം കച്ചവടക്കാർക്കു കൊടുക്കേണ്ടതാണ്.

President : The honourable member will finish soon.

Mr. N. Narayana Kurup : I will finish in 2 minutes.

President : There are twelve members who want to speak and there are only 15 minutes more.

Mr. N. Narayana Kurup : അഞ്ചൽ ഉരുപ്പടികളും മററും മൂന്നും നാലും ദിവസങ്ങൾ കഴിഞ്ഞാണ് ഇപ്പോൾ കിട്ടിവരുന്നതു്. കർക്കടകം ൨-ാംതീയതിയിലെ ഗസററ് ൯-ാംതീയതിയിലും, ൯-ാംതീയതിയിലെ ഗസററു ൧൬-ാംതീയതിലും, ൧൬-ാംതീയതിയിലെ ഗസററ് ൨൩-ാംതീയതിലും മററുമാണു ഇപ്പോൾ കിട്ടിവരുന്നതു്. ഈ കാലതാമസം കൊണ്ടു പലക്കും പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഗസററിൽ പല ഡിപ്പാർട്ടുമെൻറൽ നോട്ടിഫിക്കേഷൻസ് ഉണ്ട്. സർജൻ ജനറൽ കർക്കടകം ൯-ാംതീയതിയിലെ ഗസററിൽ ഒരു നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിരുന്നു. ആ നോട്ടിഫിക്കേഷൻ അനുസരിച്ചു് കർക്കടകം ൧൫-ാംതീയതിക്കകം അപേക്ഷകൾ അയച്ചിരിക്കണമെന്നു ആവശ്യപ്പെട്ടിരുന്നു. എന്നാൽ കർക്കടകം ൧൬-ാംതീയതിയാണു ൯-ാംതീയതിയിലെ ഗസററ് ആലപ്പുഴ കിട്ടിയതു്. തന്നിമിത്തം പലക്കും അപേക്ഷ അയക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. ഈ മാതിരിയിലും അഞ്ചൽ കുഴപ്പമുണ്ട്. ഇതു പരിഹരിക്കുന്നതിനു ഗവൺമെൻറു വേണ്ട നിർദ്ദേശം കൊടുക്കേണ്ടതായിരിക്കുന്നു.

President : Hereafter in order to give some scope to other honourable members, I will give only five minutes.

Mr. K. C. Chandy : The Financial Secretary has presented to us a surplus budget. This has been made possible because of the war conditions and the alertness on the part of the Financial Secretary to cash in on, for revenue purposes, a part of the increased financial resources of the people. From 1116 onwards taxation both direct and indirect was resorted to by Government. I am not proposing to deal with the various items under which this additional taxation has been made. But, I am appalled at the pro-

[Mr. K. C. Chandy.]

posal contained in the Financial Secretary's speech regarding the new system of taxation that is proposed to be adopted.

Sir, no one will question the fact that agriculture is the key industry of our State. The Agricultural Debt Redemption Committee, in their Report, expressed deservedly how much we owe to agriculture, and at page 69 of the State Manual, Volume III, a glowing tribute to the fact that we owe the wealth of the country to agriculture, has been paid. And in your own words, Sir, "we depend to a large extent and must depend to a larger extent in future upon the intensification of our agricultural production". Therefore, any action on the part of the State or the people which prevents this intensification of our basic industry and checks enterprise and initiative will be ruinous to our State.

I am afraid, Sir, that the new proposal of levying a basic land tax and lowering the taxable agricultural income to the level of Rs. 2,000, will nip in the bud the natural inducements of the agriculturists to improve their lands. Experience of the present mode of assessment of income-tax on agricultural incomes above Rs. 5,000 leads me to believe that we will only be reinstating the evils mentioned in Section 31 of the Revenue Settlement Proclamation of 1061, if the agricultural income of the level of Rs. 2,000 is sought to be taxed. For these reasons, the future economic effects of this scheme deserve careful study.

Government have not placed before this House the details concerning the new taxation. I do not know whether they have themselves collected the details. We are simply told that there will be a uniform basic land tax throughout the State and that there will be a levy of tax on the agricultural incomes of Rs. 1,500 or Rs. 2,000. Before we are asked to accept the principle of this taxation, it would have been better if Government had appointed a committee and asked them to go into the whole question and then presented this proposal in the form of a Bill. In that case it would have been possible for us to devote more attention to this subject and it would have also enabled the members on this side of the House to study the details of so intricate and complex a problem as this. The time is not yet past, and I would urge upon the Government that this suggestion is availed of.

When the imposition of a tax on agricultural incomes above Rs. 5,000 was foreshadowed in the speech introducing the Budget for 1119, some members on this side of the House were apprehensive. You, Sir, then assured us thus:—Page 50 of the Council proceedings, Vol. 22 No. 2. "The question of agricultural income tax or any other tax is not taken up as an end in itself. When inflationary tendencies exist, that would be done. The moment deflation starts all these steps will have to be retraced". That was the assurance which you gave them.

President: That stands.

Mr. K. C. Chandy: The estimate of income from agricultural income tax on incomes above Rs. 5,000 was then put at Rs. 9 lakhs only. In effect it has now swelled up to Rs. 22 lakhs to 19 and odd lakhs under the Administration Report for 1119 and to something about 22 lakhs in 1120. The assurance then given by you, Sir, seems to have been conveniently forgotten now by the Financial Secretary.

The only justification for changing the mode of taxation is the same as what was put forward by Sir Norman Strathie in Madras, namely, equalisation of tax. When the Revenue Settlement Proclamation of 1061 was issued, the difference in taxation between the North and South Travancore was also taken into consideration. The settlement which followed the Proclamation took into consideration, the fertility of the soil, the location of the soil and other factors. Tax was levied according to the productivity of the soil.

Now let us examine the point whether the new scheme will bring about equalisation. By statistics I can show that it will not. On the other hand, it will only bring greater inequality. I will take the instance of two land owners, one in the Karinilam area in Vaikom taluk and the other in the Nanjinad area. Let us assume that these two land owners hold only five acres each and that they are not taxed to the agricultural income tax. Now, under the proposed scheme both these land owners will have to pay Rs. 4-6-0 per year as land tax. In three years they will each pay three times that, *i. e.* Rs. 13-2-0. But, what is the difference in benefit of the two owners? The man in the double crop area will have the benefit of taking six crops, while the man in the Karinilam area will have the benefit of only one crop, as his land can be cultivated only once in three years, and yet he will have to pay the same tax. Is not this an inequality?

There is another aspect.........

Mr. G. Ravi Varma: Suppose the land tax is abolished, will there not be this difference?

Mr. K. C. Chandy: I am for continuing the land tax according to the productivity of the land.

There is yet another point which has escaped the notice of the Government. There are big land holders, the cultivators of the so called money crops, in North Travancore. They are now paying two to three rupees per acre as land tax, and are also assessed to agricultural income tax under the existing scheme of taxing agricultural incomes above Rs. 5,000. Under the new taxation, they will not have to pay a pie more, whereas the poor man alone will be charged to income tax. The rich land holder will on the other hand get a reduction in land tax. So this scheme will only benefi

[K. C. Chandy.]

the big land holders who are now paying two or three rupees per acre. This being the case, I submit that there is no necessity for changing a system which has stood the test of time.

Mr. K. G. Narayana Panicker: I think I must congratulate the Financial Secretary for the excellent schemes set forth in the budget. I shall confine my observations to certain points in it. The first reference must be about the land tax. I do welcome the idea of introducing the new principle of taxation. Sir, when a country is prospering in industry and commerce, it is only natural to expect that enterprising business men must be asked to pay more and the poor land-holders or the poor villagers are, to a certain extent, to be relieved of their burden. In the Cochin State, the income from income-tax is Rs. 32 lakhs while the Land Revenue yields only to Rs. 12 lakhs. So the proportion is, the income from income-tax is 2 2/3 times that of the income from Land Revenue. And naturally when the country is prospering, such a proportion is likely to increase. In Travancore it is only just that we should expect that the earning business man pays more and the poor villager is given some relief.

In this connection, I may be permitted to point out one fact. That is, the allotment to the Devaswoms should not be reduced due to this change. Now 40 per cent. of the income from the Ayacut and Sanchayam revenue goes to the Devaswom funds. The records show that many of the Devaswom lands were assumed......

Mr. G. Narayana Aiyar: May I know whether Government have not fixed a minimum of Rs. 15 lakhs for the Devaswoms?

Mr. K. G. Narayana Panicker: The Devaswom Proclamation says that 40 per cent.........

President: Over Rs. 15 lakhs.

Mr. K. G. Narayana Panicker: When the revenue......

President: I do not think the honourable member need express any fear in regard to it.

Mr. K. G. Narayana Panicker: There was a suggestion yesterday that the present tax will be applied only to pandarapattom lands. My submission is, when the Kudiyan......

President: Order, order. All that I said was that the materials for starting the taxation are available. Taxation can be started with regard to pandarapattom lands now. Government are considering the whole question, including the Edavagais and the

general tenures and the inter-actions to the whole system and will appoint a special officer who will make full enquiries and report on what necessary changes should be made with a view to making them come into line with the general scheme.

Mr. K. G. Narayana Panicker: My only anxiety was that it must apply equally to all. The relief to pandarapattom land-holder and jenmom land holder must be equal, since both of them must pay the agricultural income-tax. I wish to make a few observations about the Post-war Reconstruction Schemes. I am certainly glad that big schemes will come into operation both in the North as well as in the South. But, may I point out, Sir, that the people in Central Travancore are also anxious to be benefited by such schemes. I have to make only one suggestion. The necessity was pointed out every now and then, that there must be a land route connecting the commercial towns in Central Travancore with Alleppey. If any such scheme is brought into operation, it will be welcome to us.

About transport, I wish to add a word. My wish is that the line may be extended through the main routes in Travancore so that we may also have the benefits of that system.

President: As soon as we get more vehicles, we expect to extend the line. That is the idea of Government.

Mr. K. G. Narayana Panicker: I may also say that the lines through the backwaters may also be taken up by Government.

Mr. N. Madhavan Namboothiri (*Travancore Jenmies*): സർ, സഹോദരസംസ്ഥാനങ്ങൾക്ക് മാതൃകായോഗ്യമായിതീരത്തക്കവണ്ണം ഒരു ബഡ്ജററു രൂപീകരിച്ചുകാണുന്നതു തിരുവിതാംകൂറുകാർക്കെല്ലാവർക്കും അഭിമാനകരം തന്നെയാണ്. ഈ രാജ്യം ഇൻഡ്യയിലുള്ള മററു നാട്ടുരാജ്യങ്ങളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ പല കാര്യത്തിലും മെച്ചമായ ഒരു സ്ഥാനം തിരുവിതാംകൂറിനുണ്ടെന്നുള്ളതു അവിതർക്കിതമാണ്. യുദ്ധം ആരംഭിക്കുന്നതിനു മുമ്പുതന്നെ സാമ്പത്തികമായി ക്രമപ്രവൃദ്ധമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്തിനു യുദ്ധത്തിനുശേഷവും വരവിനങ്ങൾക്കു കുറവുണ്ടാകുവാൻ ന്യായമുണ്ടെന്നു തോന്നുന്നില്ല. അടുത്ത ഭാവിയിൽ ഉൽപ്പന്നങ്ങളുടെ വില കുറയുമെന്നും തന്നിമിത്തം നമ്മുടെ വരവിനു സാരമായ ക്ഷീണം സംഭവിക്കുമെന്നും ചിലർ ഭയപ്പെടുന്നുണ്ടെങ്കിലും, പുതിയ വ്യവസായങ്ങൾ സൃഷ്ടിക്കുന്നതിനും ഉള്ളവതന്നെ കൂടുതൽ വിപുലപ്പെടുത്തുന്നതിനും, ഗവൺമെൻറു തീരുമാനിച്ചിരിക്കുന്ന സ്ഥിതിക്ക് അങ്ങിനെ ഭയപ്പാടിന് ആവശ്യമില്ലെന്നാണ് എൻെറ

[Mr. N. Madhavan Namboothiri.]

അഭിപ്രായം. ഇപ്പോൾ യുദ്ധം ഏതാണ്ട് അവസാനിച്ചിരിക്കുന്നു. ഈ ഭയങ്കര മഹാമാരിയുടെ പ്രത്യാഘാതങ്ങൾ നാം അനുഭവിക്കാൻ തുടങ്ങുന്നതേ ഉള്ളു. വരുന്ന രണ്ടോ നാലോ കൊല്ലത്തേക്ക് യുദ്ധം നിമിത്തം വന്നിട്ടുള്ള പ്രത്യാഘാതങ്ങൾ ഭയങ്കരമായിരിക്കും. തന്നിമിത്തം പലേ തരത്തിലുള്ള ചേതങ്ങൾക്കുവേണ്ടി പുനരുദ്ധാരണ പ്രവൃത്തികളും നടത്തേണ്ടിവരും. അതിലേക്ക് വളരെ ധനം വ്യയം ചെയ്യേണ്ടതായും വരും. അതുകൊണ്ട് യുദ്ധാനന്തര പുനരുദ്ധാരണ സംവിധാനപദ്ധതിക്കുവേണ്ടി നല്ല ഒരു സംഖ്യ ഇപ്പോഴേ ഗവണ്മെൻറു നീക്കിവച്ചിരിക്കുന്നതു ബുദ്ധിപൂർവ്വവും ന്യായ്യവും തന്നെയാണ്.

യുദ്ധം കഴിയുന്നതോടുകൂടി യുദ്ധസേവനത്തിനായി പുറത്തു പോയിരിക്കുന്നവർ തിരികെ മടങ്ങിവരും. അവർക്കു ഇതുപര്യന്തം കിട്ടിക്കൊണ്ടിരുന്ന വരവ് മേലാൽ കിട്ടുകയില്ല എന്നും വരും. അതിനാൽ യുദ്ധാനന്തരപുനരുദ്ധാരണസംവിധാനപദ്ധതിക്കായി നീക്കി വച്ചിട്ടുള്ള പണം അവരുടെ സഹായത്തിനുവേണ്ടി ചെലവാക്കുന്നതു കൂടുതൽ നന്നായിരിക്കും.

അടുത്ത ഭാവിയിൽ ഉൽപ്പന്നങ്ങൾക്കു വില കുറയുമെന്നുള്ളതു തീർച്ചയാണ്. തന്മൂലം യുദ്ധത്തിനുശേഷം വലിയ ക്ലേശങ്ങൾ അനുഭവിക്കേണ്ടതായി വരും. പോരെങ്കിൽ യുദ്ധസേവനത്തിനായി പോയിരിക്കുന്നവർ തിരിച്ചു വരികയും ചെയ്യും. പഴയ യുദ്ധം യൂറോപ്പിനെ മാത്രമേ ബാധിച്ചിരുന്നുള്ളു. ഇപ്പോഴത്തെ യുദ്ധം ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്നതുകൊണ്ട് ഇതിൻെറ പ്രത്യാഘാതങ്ങൾ പഴയ യുദ്ധത്തെക്കാൾ വളരെ ഭയങ്കരങ്ങളായിരിക്കും. അതു ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ ഭയങ്കരമായിരിക്കും. അതിനാൽ യുദ്ധാനന്തരപുനരുദ്ധാരണസംവിധാനപദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള തുക പട്ടണങ്ങളിൽ മാത്രമല്ല, ഉൾനാടുകളിലും ഗ്രാമപ്രദേശങ്ങളിലുമാണ് കൂടുതലായി ചെലവാക്കേണ്ടതെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഈ തുക ഉൾനാടുകളിലെ തോടുകൾ, റോഡുകൾ മുതലായവ കൂടുതലായി ഉണ്ടാക്കുന്നതിനും ഉള്ളവയെ നന്നാക്കുന്നതിനും അങ്ങിനെ അവിടത്തെ ഗതാഗതസൗകര്യങ്ങളേയും കുടിൽവ്യവസായസാദ്ധ്യതകളേയും വർദ്ധിപ്പിക്കുന്നതിനുംവേണ്ടി വിനിയോഗിക്കുന്നതു നന്നായിരിക്കും. ഈ രാജ്യത്തിൻെറ ചെറിയ ഘടകമായ ഓരോ പകുതിതോറും അനുദ്യോഗസ്ഥപ്രാധാന്യമുള്ള പഞ്ചായത്തുകൾ സ്ഥാപിച്ചു അവർ മുഖാന്തരം ഗ്രാമങ്ങളിലെ ഭരണപരമായ കാര്യങ്ങൾ നടത്തുന്നതു നല്ലതാണെന്നും എനിക്ക് അഭിപ്രായമുണ്ട്. അങ്ങിനെ ചെയ്യുന്നപക്ഷം ഓരോ ഗ്രാമത്തിലും ആവശ്യ

മുള്ള ഗതാഗതസൗകര്യങ്ങളും [illegible] എല്ലാ [illegible] ങ്ങളിലും ഗവണ്മെന്റിനെ ധരിപ്പിക്കുന്നതിനും [illegible] ക്കുന്നതിനും കൂടുതൽ സൗകര്യമായിരിക്കും.

[illegible] കൊള്ളട്ടെ. ഗവണ്മെന്റു ഇപ്പോഴും [illegible] വിപുലമായ [illegible] സകല സജ്ജീകരണങ്ങളോടുകൂടി മൂന്നോ നാലോ സ്ഥലങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതു നല്ലതുതന്നെയാണ്. എന്നാൽ അതേ അവസരത്തിൽതന്നെ ഓരോ സ്ഥലത്തും ഇപ്പോഴുള്ളതായ ആശുപത്രികൾ അതേനിലയിൽ [illegible] നടത്തിക്കൊണ്ടുപോകുവാൻ അനുവദിക്കേണ്ടതാണ്.

President : The idea is to have a hospital for each pakuthy. But such a position will take time.

Mr. N. Madhavan Namboothiri : ബഹുമാനപ്പെട്ട മെമ്പർ മി. നാരായണക്കുറുപ്പു പറഞ്ഞതുപോലെ ഓരോ പകുതിതോറും ഓരോ ചെറിയ ആശുപത്രികൾ സ്ഥാപിച്ച് അവിടെ പ്രഥമശുശ്രൂഷ മുതലായ അത്യാവശ്യകാര്യങ്ങൾ നടത്തുന്നതിനായി ഓരോ ഡാക്ടരേയും, ഓരോ നേഴ്സിനേയും ഓരോ മിഡ് വൈഫിനേയും നിയമിക്കുന്നതു വളരെ നന്നായിരിക്കും.

ഇനി ആയുർവേദത്തെ സംബന്ധിച്ചും എനിക്കു അല്പം പറയാനുണ്ട്. വടക്കൻ തിരുവിതാംകൂറിൽ എവിടെയെങ്കിലും ഒരു ആയുർവേദാശുപത്രി സ്ഥാപിച്ചുതരേണ്ടതാണ്. വടക്കൻ തിരുവിതാംകൂറിൽ നല്ല നിലയിൽ നടത്തുന്ന ആയുർവേദവൈദ്യശാലകൾപോലും പറയത്തക്കവണ്ണം ഒന്നുംതന്നെയില്ല. ഗവണ്മെന്റു ഇക്കാര്യം ഉടനെ ചെയ്തുതരണമെന്ന് അപേക്ഷിക്കുന്നു.

Mr. Revi Varma Valia Raja (*Edavaka*): സർ, തിരുവിതാംകൂറിന്റെ ഭരണസാരഥ്യം അങ്ങ് ൧൧൧൨-ൽ കയ്യേറ്റപ്പോൾ ൨൨൫ ലക്ഷം രൂപാ ആയിരുന്ന മുതലെടുപ്പ് വർദ്ധിച്ചു വർദ്ധിച്ചു ൧൧൨൧-ൽ എത്തിയപ്പോൾ ൩൨൧ ലക്ഷം രൂപയായിരിക്കുന്നു എന്ന വസ്തുത ചിന്തിക്കുമ്പോൾ അങ്ങയുടെ ഭരണപാടവത്തേയും സൂക്ഷ്മമായ കാര്യനിർവഹണകുശലതയേയും പറ്റിയുള്ള ഒരു സാമാന്യജ്ഞാനം നമുക്കു ഉണ്ടാകുന്നതാണ്. നാട്ടുരാജ്യങ്ങളുടെ ഗണനയിൽ തിരുവിതാംകൂറിനു മൂന്നാമത്തെ സ്ഥാനം മുതലെടുപ്പിൽ സിദ്ധിച്ചിരിക്കുന്നു എന്നുള്ളതു ഒരു വിശേഷവിധിയായിരിക്കുന്നു.

[Mr. Revi Varma Valia Raja.]

സർ, എനിക്ക് ആദ്യമായി പറയാനുള്ളത് ഇന്നത്തെ ഭൂനികുതി * സമ്പ്രദായത്തെപ്പറ്റിയാണ്. പുതിയ ഒരു കണ്ടെഴുത്തുമൂലം നികുതി ഈടാക്കുന്ന കാര്യത്തിൽ ഒരു പരിഹാരം കണ്ടുപിടിക്കുക എന്നുള്ള വിഷമപ്രശ്നത്തിൽനിന്നു ഗവൺമെന്റു പിന്മാറി [illegible] ടാക്സ്, ഇൻകംടാക്സ എന്നിങ്ങനെ അന്തരമായി കരംപിരിക്കുവാൻ ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു. ഈ തീർച്ചയെ ഒരു ഇടവക പ്രതിനിധി എന്ന നിലയിൽ ഞാൻ സർവാത്മനാ സ്വാഗതം ചെയ്യുന്നു. എന്നാൽ തിരുവിതാംകൂറിലെ ഭൂമികൾ പലവിധങ്ങളിലും പെട്ടതായതുകൊണ്ട് നികുതിപിരിക്കുന്ന വിധത്തിൽ ഈ എല്ലാ ഭൂവിഭാഗങ്ങളെയും ഒരേരൂപത്തിൽ പരിഗണിക്കപ്പെടുമോ എന്നു ഞങ്ങൾക്കു സംശയമുണ്ട്. പുതിയ സമ്പ്രദായം അനുസരിച്ച് ഇടവകഭൂമികളിൽനിന്നും നികുതി ഈടാക്കുന്ന പക്ഷം അവക്കു ചില നഷ്ടങ്ങൾ ഉണ്ടാകാൻ വഴിയുണ്ടെന്നാണ് ഞാൻ ഊഹിക്കുന്നത്. അതുകൊണ്ട് ഇതിനെസംബന്ധിച്ച് ശരിയായ കണക്കുകൾ വരുത്തി ഇടവകക്കാരുമായി ആലോചിച്ചുവേണം ഗവൺമെന്റ് ഈ കാര്യം മുമ്പോട്ടു കൊണ്ടുപോകുവാൻ എന്നാണ് ഞാൻ പറയുന്നത്. അല്പസ്വല്പം ത്യാഗങ്ങൾ സഹിച്ചും ഗവൺമെന്റിന്റെ ഈ പുതിയ പദ്ധതിയെ വിജയകരമാക്കിത്തീർക്കുവാൻവേണ്ടി എല്ലാം ചെയ്യുവാൻ തയ്യാറുള്ളവരാണ് ഞങ്ങൾ. എന്നാൽ ക്രമത്തിലധികമായ ത്യാഗം ചെയ്യുവാൻ ഗവൺമെന്റു ഞങ്ങളോടു ആവശ്യപ്പെടുകയില്ലെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

അടുത്തതായി എനിക്കു പറയുവാനുള്ളത് ആയുർവേദവൈദ്യശാലകളെപ്പറ്റിയാണ്. എത്രയോ കൊല്ലമായി പരമ്പരയായി നടന്നുവരുന്ന ഒരു വൈദ്യസമ്പ്രദായമാണ് ആയുർവേദം. ഈ സമ്പ്രദായത്തെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റു ഇത്ര വൈമനസ്യം കാണിക്കുന്നതു എന്തുകൊണ്ടാണെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഏകദേശം [illegible] ലക്ഷം രൂപാ അലോപ്പതിവൈദ്യസമ്പ്രദായത്തിനുവേണ്ടി ചെലവാക്കുന്ന ഗവൺമെന്റ് കേവലം ഒരു ലക്ഷത്തിൽ ചില്വാനം രൂപാ മാത്രമാണ് ആയുർവേദത്തിനുവേണ്ടി ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്നതെന്നു കാണുമ്പോൾ ഇതിനോടു എന്തോ പ്രത്യേകമായ ഒരു പക്ഷപാതംതന്നെ ഗവൺമെന്റിനുണ്ടോ എന്നു തോന്നിപ്പോകുന്നതാണ്. ഇന്നു ഒരു വലിയ ഡാക്ടരുടെ ഗൃഹത്തിൽ തന്നെ എണ്ണയോ, കഷായമോ, നെയ്യോ വേണമെങ്കിൽ ആയുർവേദവൈദ്യനെ ആശ്രയിക്കേണ്ടതായിട്ടാണിരിക്കുന്നത്. ഇത്ര പാരമ്പര്യവും മാഹാത്മ്യവുമുള്ള ഒരു ചികിത്സാസമ്പ്രദായത്തെപ്പറ്റി, അങ്ങ് തിരുവിതാംകൂർ ദിവാൻ

പദം അലങ്കരിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത്, ഇത്ര അവഗണനയോടു കൂടി പെരുമാറുവാൻ ഇടവരുന്നല്ലോ എന്ന സംഗതി ഓർക്കുമ്പോൾ എനിക്കു സങ്കടം തോന്നുന്നു. ആർഷസംസ്കാരവുമായി ധാരാളം പരിചയം സിദ്ധിച്ചിട്ടുള്ള ആളും ആയുർവേദ ചികിത്സാസമ്പ്രദായത്തിന്റെ വൈശിഷ്ട്യങ്ങൾ നല്ലവണ്ണം ഗ്രഹിക്കാൻ കഴിഞ്ഞിട്ടുള്ളയാളും ആയ ദിവാൻജി അവർകൾക്ക് ഇത്ര തുച്ഛമായ ഒരു തുക ആയുർവേദത്തിനുവേണ്ടി അനുവദിക്കുവാൻ എങ്ങനെ ഹൃദയമുണ്ടായി എന്ന ശങ്കയും എനിക്ക് ഇല്ലാതില്ല.

ഇപ്പോൾ തിരുവനന്തപുരത്തുള്ള ആയുർവേദഫാർമസികൊണ്ട് തെക്കൻ തിരുവിതാംകൂറുകാർക്ക് വല്ല ഗുണവും ഉണ്ടാകുന്നുണ്ടെന്നല്ലാതെ വടക്കൻതിരുവിതാംകൂറുകാർക്ക് അതുകൊണ്ടു യാതൊരു ഗുണവും സിദ്ധിക്കുന്നില്ല. അതിനാൽ വടക്കൻതിരുവിതാംകൂറിൽ പല സ്ഥലങ്ങളിലും ആയുർവേദഫാർമസികൾ സ്ഥാപിച്ചു നടത്തേണ്ടതാണ്.

സർ, പിന്നോക്കസമുദായസംരക്ഷണത്തിനുവേണ്ടി അനുവദിച്ചിട്ടുള്ള തുകയും വളരെ തുച്ഛമാണ്. വടക്ക് വാലന്മാർ എന്നു ഒരു സമുദായക്കാരുണ്ട്. ഏററവും ദരിദ്രവും ശോചനീയവുമായ നിലയിലാണ് അവർ അവിടെ കഴിച്ചുകൂട്ടുന്നത്. ഈ ഹാളിനോളം വിസ്തൃതമുള്ള ഒരു സ്ഥലത്തു അഞ്ചും എട്ടും കുടുംബക്കാരാണ് ഇപ്പോൾ താമസിച്ചുവരുന്നത്. താമസിക്കുവാൻ വേണ്ടത്തോളം സ്ഥലം ലഭിക്കാത്തതുകൊണ്ടു ഇവർ വളരെ ക്ലേശങ്ങൾ അനുഭവിക്കുന്നുണ്ട്. ഇവർക്കുവേണ്ടി അഞ്ചോ ആറോ കോളനികൾകൂടി ഗവണ്മെന്റു സ്ഥാപിച്ചുകൊടുക്കേണ്ടതാണ്.

Mr. Sultan Muhiadeen (*Kalkulam and Vilavancode cum Neyyattinkara*): സർ, മിച്ചമുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിച്ചതിൽ ഞാൻ ഫിനാൻഷ്യൽ സിക്രട്ടറിയെ അഭിനന്ദിക്കുന്നു. സമയം അധികമില്ലാത്തതുകൊണ്ടു ഒന്നുരണ്ടു സംഗതികൾ മാത്രം ചുരുക്കിപ്പറയാമെന്നാണുദ്ദേശിക്കുന്നത്.

ആദ്യമായി ഒരു മുസ്ലീമിനെ ഡിവിഷൻപേഷ്കാരായും ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടുമായി നിയമിച്ചതിൽ ഞാൻ ഗവണ്മെന്റിനെ അഭിനന്ദിച്ചുകൊള്ളുന്നു. അടുത്തതായി സെക്രട്ടേറിയറ്റിലെ മുസ്ലീം പ്രാതിനിധ്യത്തെക്കുറിച്ച് എനിക്കു രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിലെ എല്ലാ പ്രബലസമുദായങ്ങളിൽനിന്നും സെക്രട്ടേറിയറ്റിൽ സൂപ്രണ്ടുമാരായും അസിസ്റ്റന്റു സെക്രട്ടറിമാരായും സിക്രട്ടറിമാരായും നിയമിച്ചിട്ടുണ്ടെങ്കിലും നാലഞ്ചുകൊല്ലം പരാതിപ്പെട്ടതിനുശേഷവും മുസ്ലീം സമുദാ

[Mr. Sultan Muhiadheen.]

യത്തിൽനിന്നും ആ ഉദ്യോഗങ്ങളിൽ ആരെയും നിയമിച്ചിട്ടില്ല എന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. മുസ്ലിം സമുദായത്തോടു വലിയ അനുകമ്പയുള്ള ഒരാളാണെന്നു പേർകേട്ട സചിവോത്തമൻ അടുത്ത അവസരത്തിലെങ്കിലും മുസ്ലിമിങ്ങളുടെ ഈ ന്യായമായ സങ്കടം പരിഹരിച്ചുതരണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

അടുത്തതായി എനിക്കു പറയുവാനുള്ളതു ബേസിക് ടാക്സിനെ സംബന്ധിച്ചാണ്. ഒരിക്കൽ നിശ്ചയിക്കുന്ന ഇതു മൂന്നോ അഞ്ചോ കൊല്ലമെങ്കിലും ഇരിക്കണമെന്നാണു എന്റെ അഭിപ്രായം. നമ്മുടെ ഉൽപ്പന്നങ്ങളുടെ വിലക്കൂടുതൽകുറവുകൊണ്ടു ആദായത്തിനും നികുതിക്കും വ്യത്യാസം വരാനിടയുള്ള പക്ഷവും ഗവർമ്മെന്റും ജനങ്ങളുംകൂടി സഹിച്ചു കുറഞ്ഞതു മൂന്നുകൊല്ലത്തേക്കെങ്കിലും ആദ്യം നിശ്ചയിക്കുന്ന നികുതിതന്നെ തുടർന്നുകൊണ്ടു പോകാൻ തീരുമാനിക്കുന്നതായാൽ ഇതു സംബന്ധിച്ചു കീഴ്‌സിൽബന്ധികളിൽനിന്നും ഉണ്ടാകാൻ ഇടയുണ്ടെന്നു വിചാരിക്കുന്ന കുഴപ്പങ്ങൾക്കു ഒരു ശമനമുണ്ടാകുമെന്നാണു എന്റെ അഭിപ്രായം.

സർ, പബ്ലിക് ഹെൽത്തു ഡിപ്പാർട്ടുമെന്റിനും, മെഡിക്കൽ ഡിപ്പാർട്ടുമെന്റിനുംവേണ്ടി ബഡ്ജറ്റിൽ നല്ല തുകകൾ അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ കൂടുതലായി സകല സൗകര്യങ്ങളോടുംകൂടി നാലു ആശുപത്രികൾ തുറക്കാൻ നിശ്ചയിച്ചിരിക്കുന്നതു, സന്തോഷാവഹമാണ്. അതിൽ ഒരാശുപത്രി തെക്കൻതിരുവിതാംകൂറിൽ എവിടെയെങ്കിലും സ്ഥാപിക്കുന്നതിനു ഉദ്ദേശിച്ചിട്ടില്ലെന്നു കാണുന്നതിൽ ഞാൻ വ്യസനിക്കുന്നു. നെയ്യൂരിലും പുത്തേരിയിലും രണ്ടു മിഷൻ ആശുപത്രികൾ ഉണ്ടെങ്കിലും അവകൊണ്ടു ശസ്ത്രക്രിയ സംബന്ധിച്ചു കൂടുതൽ പ്രയോജനം ലഭിക്കുന്നുണ്ടെന്നല്ലാതെ സാധാരണ ചികിത്സക്കു അവിടെ വ്യാധന്മാരില്ല. അതുകൊണ്ടു നാഗർകോവിലിൽ, അവിടെ ധാരാളം പ്രൈവറ്റു പ്രാക്റ്റിഷണേഴ്സ് ഉണ്ടെന്നു പറയുന്നുണ്ടെങ്കിലും, മേൽപ്രകാരമുള്ള ഒരാശുപത്രി സ്ഥാപിച്ചുതരേണ്ടതു എത്രയും ആവശ്യമാണു. കൽക്കുളം, വിളവംകോടു ഈ താലൂക്കുകളിൽപ്പെട്ട പൊന്മന, തൃപ്പരപ്പു, അരുമന, കളിയൽ മുതലായ പകുതികളിൽ മലമ്പനി നിമിത്തം വളരെ ആൾനാശം സംഭവിക്കുന്നുണ്ടു. ഈ സംഗതിയിൽ ഗവർമ്മെന്റു വേണ്ടവിധം ശ്രദ്ധ പതിപ്പിച്ചു വേണ്ട പ്രതിവിധി ഉണ്ടാക്കിത്തരണമെന്നു പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

അടുത്തതായി എനിക്കു പറയുവാനുള്ളതു മത്സ്യകയറ്റുമതിനിരോധനത്തെ സംബന്ധിച്ചാണ്. യുദ്ധംതുടങ്ങി രണ്ടുമൂന്നു കൊല്ലത്തേക്കു

നിരോധനമേ ഉണ്ടായിരുന്നു. ൧൧൧൮-ലാണു ഇതാദ്യം നടപ്പിലാക്കിയതു്. ൧൧൧൭-ലും ൧൧൧൨-ലും കയററി അയച്ചിരുന്നതിന്റെ ൨൫ ശതമാനം കയററി അയക്കാൻ അവർ അനുവാദം ഉണ്ടായിരുന്നു.

President: The honourable member will be glad to know that the ban has been removed from today, or it will be taken away very soon.

Mr. Sultan Mohiadheen: മത്സ്യം കയററി അയക്കുന്നതിനുള്ള നിരോധനം ഗവണ്മെന്റു നീക്കിയിരിക്കുന്നതായി ദിവാൻപ്രസിഡന്റ് അവർകളുടെ പ്രസ്താവനയിൽ നിന്നു അറിയുന്നതിൽ ഗവണ്മെന്റിനെ പ്രത്യേകമായി അഭിനന്ദിച്ചുകൊള്ളുന്നു.

Mr. M. K. Velu Pillai: Sir, I will confine myself to the policy adopted by the Government with regard to the development of agriculture. I do admit that the Government is immensely interested in the agricultural development in the State. I may say that in spite of the policy with regard to the industrial development adopted by the Government, agriculture will continue to be the main source of income so far as the majority of the people. In this connection I would draw the attention of the Government to the contributions and sacrifices made by the agriculturists during the war period. Probably the Government and the public in general have not recognised the sacrifices the agriculturists made during this time. It may be remembered that the price of every article of food was controlled. The business men and the traders were allowed to pursue their avocations without any restriction. Of all the people engaged in various professions, agriculturists alone were denied the chance of a life time.

President: The honourable member cannot say that in view of the price of pepper, ginger and cocoanut-oil.

Mr. M. K. Velu Pillai: I confine my remarks only to the articles of food produced by the agriculturists. Agriculturists alone sided with the Government in advancing the policy of the Government with regard to the Grow More Food Compaign. In view of this fact I may submit that the agriculturists deserve special consideration especially when a tax is proposed to be imposed on the income from agriculture.

I may be permitted to say a few words with regard to the requirements of the ryots in the State at present. Sir, you will find that a special department was instituted more than a quarter of a century ago to look after the interests and welfare of the ryots. Even though that department was in existence for so long a time the ryots get very little expert advice from the staff of that department

[Mr. M. K. Velu Pillai.]

In spite of the Government's policy of grow more food, the department was not able to sell manure to the ryots at a reduced rate. As a matter of fact, the department was not able to compete with the private individuals with regard to the sale of manure. The Madras Government was distributing manure free to the poor and deserving ryots. When the Fisheries Department was under the Agricultural Department it was not a success and that point has been adverted to by the honourable friend Mr. Narayana Kurup. He also pointed out that the Veterinary Department must be separated from the Agricultural Department so that it may become a benefit to the ryots in the State. The department not only failed to give expert advice and to supply manure at a cheap rate but they also failed to supply agricultural implements to the needy ryots. So I may say that this department has become the sick man of the Government. If the aim of the Government is to make the State self sufficient with regard to the articles of food, a new re-orientation of the policy regarding agriculture has become absolutely necessary. The department may be ill staffed. The staff of the department do not go among the ryots and give them advice. It would appear that they are not interested in the work entrusted to them. Unless some more enthusiasm is shown by the staff, the department may be straight away abolished.

Another necessity so far as the ryots are concerned is this. Unless transport facilities are given by the development of village roads there is no chance of improving the condition of the ryots. A reference to the Administration Report for 1119 will show that when large sums were spent for the improvement of other roads, the P. W. D. was able to spend only Rs. 17 per mile for the improvement of village roads. The development of rural transport facilities is intimately connected with village economics.

President: The honourable member will realise that the policy initiated by the Government and which will be followed is that in the construction of village roads preference will be given to local agencies.

Mr. M. K. Velu Pillai: Some ryots formed themselves into associations and undertook the construction of a thousands of miles of village roads. On account of the disinclination of the department to maintain them that attempt is checked and all those roads were abandoned by the ryots. What I submit is that the department must be asked to pay particular attention to this necessity universally felt by the ryots. The Government will also note that unless transport facilities are given to the ryots they will be much handicapped in pursuing their profession.

President: The honourable member will finish soon.

Mr. A. N. [illegible] : സർ, ഫിനാൻഷ്യൽ സെക്രട്ടറിയുടെ
അനാർഭാടവും ആത്മാർത്ഥപ്രസക്തവുമായ ബഡ്ജററ്, തിരുവിതാംകൂർ
സാമ്പത്തികചരിത്രത്തിൽ ഒരു നവയുഗം ഉൽഘാടനം ചെയ്തിരിക്കുന്നു
വെന്നു പ്രസ്താവിക്കുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. പ്രാചീ
നാദർശങ്ങളോടുള്ള ഭക്തിബഹുമാനവും, പ്രാചീനമാനദണ്ഡങ്ങളെക്കൊണ്ടുള്ള പുനരാസൂത്രണം
ചെയ്യും അങ്ങനെ [illegible] ബഡ്ജററിൽ എത്രയും സ്മരണീയമായ
ഒരു നവീനാശയം ആവിർഭവിപ്പിക്കുന്നതിനു [illegible] മായുള്ള സൂക്ഷ്മ
ഗ്രാഹിത്വവും രാജ്യതന്ത്രജ്ഞതയും [illegible] ചതുരതയും ധന
കാര്യവിചാരത്തിലുള്ള [illegible] ഒത്തിണങ്ങിയിരിക്കുന്നുവെന്നു കാണുന്ന
താണ് എന്റെ പ്രഥമവും പ്രധാനവുമായ സന്തോഷഹേതു. സർ,
പുരോഗമനോന്മുഖമായ ഭരണക്രമം ഒരുവശത്തും, ദീർഘദർശനമായ വ്യവസ്ഥാ
പനീകരണം മറുവശത്തും വച്ചുകൊണ്ട് കൂലങ്കഷമായി പരിശോധിച്ചു രൂപ
പ്പെടുത്തിയ ഒരു ബഡ്ജററ് എന്ന നിലയിൽ ഞാൻ അതിനെ എത്രയും
വിലമതിക്കുന്നു. [illegible] ന്മാരുടെ സാമാന്യ പ്രവർത്തന
ങ്ങളെയും യുദ്ധാനന്തരപരിപാടികളേയും ശരിയായ വിവേചനബോധ
ത്തോടുകൂടി അങ്ങ് ക്രമപ്പെടുത്തിയതാണ് സ്തുത്യർഹമായ കാര്യം. ഇതര
രാജ്യങ്ങളെപ്പോലെ യുദ്ധാനന്തരവികാസങ്ങളെ അടിസ്ഥാനപ്പെടുത്തി
നമ്മുടെ വനവിഭവങ്ങളെ [illegible] ചെയ്തിരുന്നെങ്കിൽ ഭരണമേധാവി
യായ അങ്ങേക്ക് ഈ സാധാരണ പരിതഃസ്ഥിതിയിൽ ആറുകോടി
അല്ലാ പതിനാറുകോടി രൂപ വരവു കാണിക്കാമായിരുന്നു. അപ്രകാരം
ക്ഷണഭംഗുരവും വ്യാമോഹജനകവുമായ പ്രദർശനസാമർത്ഥ്യമല്ല, രാജ്യരക്ഷ
ക്കുവേണ്ടിയുള്ള സാക്ഷാത്തായ [illegible] മാത്രമാണ് അങ്ങയുടെ വിദഗ്ദ്ധ
ഹസ്തം ഭരണപരമായ കാര്യങ്ങളിൽ പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നത്.

സർ, രാജ്യത്തെ പ്രകൃതിവിഭവങ്ങളെ പരിപോഷിപ്പിച്ചും, സമ
ഷ്ടിയുടെ പ്രയോജനപ്പെടുത്തിയും ആളോഹരി വർദ്ധിപ്പിക്കുക മാത്രമാണ്
അങ്ങ് നേതൃത്വം വഹിക്കുന്ന ഗവൺമെൻറിന്റെ മൗലികമായ സാമ്പ
ത്തികലക്ഷ്യമെന്ന് ഞാൻ മനസ്സിലാക്കുന്നു. നമ്മുടെ സമീപസ്ഥവും
വിദൂരവുമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ ഏഴരക്കോടി രൂപ
കൈവശമുണ്ടെന്നറിയുന്നതു അഭിമാനകരമാണ്. ഈ മഹത്തായ
ഭരണകാര്യങ്ങൾ നിർവഹിക്കാൻ അങ്ങ് പുതിയ നികുതിഭാരങ്ങൾ ചുമ
ത്തുകയോ, പുതിയ ലോണുകളെ ആശ്രയിക്കുകയോ ചെയ്യുന്നില്ലെന്നു
ള്ളതു പ്രശംസനീയമായ വസ്തുതയാണു. ബഹുമാന്യമെമ്പറായ മി.
എൻ. നാരായണക്കുറുപ്പ് യഥാർത്ഥത്തിൽ പുതിയ നികുതി ചുമത്തുക
യാണു ചെയ്തിരിക്കുന്നതെന്നു ചൂണ്ടിക്കാണിക്കപ്പെട്ടു. സൂക്ഷ്മമായ പരി
ശോധനയിൽ ആ പ്രസ്താവന അടിസ്ഥാനരഹിതമാണെന്നു ബോദ്ധ്യപ്പെ

[Mr. A. N. Satyanesan.]

ടാതെയിരിക്കുകയില്ല. നീതിപരമായും ശാസ്ത്രീയമായും ഭൂനികുതി സമ്പ്രദായം ക്രമപ്പെടുത്തുകയല്ലാതെ പുതിയ നികുതി ചുമത്തിയതായി വിശ്വസിക്കാൻ സാധ്യമല്ല. ഈ പരിതസ്ഥിതിയിൽ ക്രമാതീതമായ ശുഭപ്രതീക്ഷ കൂടാതെതന്നെ പ്രത്യക്ഷകാരണങ്ങളാൽ കോശസ്ഥിതി സംബന്ധിച്ച് നമ്മുടെ രാജ്യത്തിനു ഐശ്വര്യവിലസിതമായ ഒരു ഭാവി ഉണ്ടെന്നു ഞാൻ വിചാരിക്കുന്നു. സർ, സമയദൌർല്ലഭ്യം മൂലം ചില വസ്തുതകൾ സൂചിപ്പിക്കുക മാത്രമേ ചെയ്യുന്നുള്ളു. മർദ്ദനംമൂലം രാഷ്ട്രീയപ്രവർത്തകന്മാർ ഒളിച്ചുകളിക്കുകയാണെന്നു സ്റ്റേറ്റുകോൺഗ്രസ കക്ഷി അപശബ്ദം മുഴക്കിയതു് എന്നെ അത്ഭുതപരതന്ത്രനാക്കുന്നു. ഇവിടെ രാഷ്ട്രീയപ്രവർത്തകന്മാരെ മർദ്ദിക്കുന്നുവെന്നോ? ചില രാഷ്ട്രീയപ്രവർത്തകവേഷധാരികൾ സ്വാർത്ഥലാഭത്തിനുവേണ്ടി സ്വയം ഒളിച്ചുകളിക്കുന്നുണ്ടാവാം. സർ, രാഷ്ട്രീയപ്രവർത്തകന്മാരെ അങ്ങു് മർദ്ദിക്കുകയല്ല, ലാളിക്കുന്നുവെന്നാണു് എന്റെ പരാതി. വിധ്വംസകസംഘടനയിൽപ്പെട്ടു പ്രവർത്തിച്ചുതളർന്നു് അവശരായി, അതിൽ സ്വയം മുഷിഞ്ഞു് നിത്യവൃത്തിക്കു് വകയില്ലാതെ എല്ലാവരാലും കൈവിടപ്പെട്ടു ഗത്യന്തരമില്ലാതെ അങ്ങയെ ശരണം പ്രാപിക്കുന്നവരെ അവരുടെ അഭ്യർത്ഥനയനുസരിച്ചു പ്രോത്സാഹിപ്പിക്കാൻ അങ്ങു മഹാമനസ്കത പ്രദർശിപ്പിക്കുന്നു. അവരുടെ വാർഷികസമ്മേളനത്തിനു സ്ഥലം വേണമെന്നു് അങ്ങയുടെ മുമ്പിൽ വന്നു് അപേക്ഷ സമർപ്പിക്കുമ്പോൾ സന്തോഷപൂർവം അനുവദിച്ചുകൊടുക്കുന്നു. താലൂക്കുകമ്മററികളിൽ ഉൾപ്പെടുത്തി ഭരണപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ മഹാശയനായ അങ്ങു സമ്മതം നൽകുന്നു. ഇതെല്ലാമാണോ സർ, മർദ്ദനം? അടിസ്ഥാനരഹിതവും അപകീർത്തികരവുമായ പ്രസ്താവന ചെയ്യുവാൻ ഈ കൂട്ടർക്കു് ലജ്ജയില്ലയോ എന്നാണു് ഞാൻ ചോദിക്കുന്നതു്. പത്രങ്ങളെല്ലാം ഭയചകിതങ്ങളാക്കി ഉള്ള സംഗതികൾ തുറന്നുപറയാൻ ധൈര്യപ്പെടുന്നില്ലെന്നു സ്റ്റേറ്റുകോൺഗ്രസ് കക്ഷി ആരോപണം ചുമത്തുന്നു. ഗവൺമെന്റിനെയല്ല വിധ്വംസകസംഘടനയെയാണു് ഇന്നു് പത്രങ്ങൾക്കു് ഭയപ്പെടേണ്ടിയിരിക്കുന്നതെന്നു് സ്ഥിതിഗതികൾ സൂക്ഷ്മമായി ധരിച്ചുകൊണ്ടു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അഭിപ്രായസ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുന്നുവെന്നഭിമാനിക്കുന്ന പത്രങ്ങളുടെ സ്വതന്ത്രമായ വിമർശനമാണു ജീവിതപ്രമാണമെന്നുൽഘോഷിക്കുന്ന സ്റ്റേറ്റുകോൺഗ്രസ്സ് കക്ഷിപത്രത്തിന്റെ അഭിപ്രായസ്വാതന്ത്ര്യത്തെ തടയണമെന്നും, അതിനുവേണ്ടി നിയമം പ്രയോഗിച്ചു് ശ്വാസം മുട്ടിക്കണമെന്നും ആവേശത്തോടെ യത്നിച്ച സംഭവം അത്ഭുതത്തോടെയല്ലാതെ വീക്ഷിക്കാൻ കഴിയുന്നില്ല.

സർ, പത്രപ്രവർത്തനം സംബന്ധിച്ച് വിദഗ്ദ്ധജ്ഞാനമുള്ള അങ്ങ് അവരുടെ ഭഗീരഥപ്രയത്നങ്ങളെ വഴിപ്പെടുത്തുന്നതിൽ ഇവിടത്തെ പത്രങ്ങൾ അനുഭവിച്ചിട്ടുള്ളതും കഷ്ടപ്പെട്ടിട്ടുള്ളതുമാണെന്ന് പ്രസ്താവിക്കുവാനും ഞാൻ ഈ സന്ദർഭം വിനിയോഗിച്ചുകൊള്ളുന്നു.

പൗരസ്വാതന്ത്ര്യത്തിന്റെ പേരിൽ എന്റെ സ്നേഹിതൻ മി. കെ. എസ്സ്. ജോസഫ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കു വേണ്ടി ഒരു ഭേദഗതിപ്രമേയം അവതരിപ്പിക്കയും ചില അഭിപ്രായങ്ങൾ ഉന്നയിക്കുകയും ചെയ്തതു എന്റെ ശ്രദ്ധയെ ആകർഷിക്കുകയുണ്ടായി. പൗരാവകാശവും പൗരസ്വാതന്ത്ര്യവും സാർവത്രികമായി പരിരക്ഷിക്കേണ്ടതാണ്.

ഒരു രാഷ്ട്രീയസംഘടന പൗരസ്വാതന്ത്ര്യത്തിന്റെ പേരിൽ ഇതര ജനവിഭാഗങ്ങൾക്കു അസഹ്യമുണ്ടാക്കുകയും അവരുടെ സ്വാതന്ത്ര്യജീവിതത്തെ ഭഞ്ജിക്കുകയും ചെയ്യുന്ന നയം പ്രകടനം അവലംബിച്ചാൽ പൊതുവായ പൗരസ്വാതന്ത്ര്യസംരക്ഷണം ലക്ഷ്യമാക്കി അതിനെ തടഞ്ഞു രാജ്യത്തിന്റെ സമാധാനജീവിതത്തെ സംരക്ഷിക്കേണ്ടതു് ഏതൊരു ഗവണ്മെന്റിന്റെയും സർവതോമുഖമായ ധർമ്മമാണ്.

സർ, ഇവിടെ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഗവണ്മെന്റും തമ്മിലല്ല സ്റ്റേററു് കാൺഗ്രസ്സുപാർട്ടിയും കമ്മ്യൂണിസ്റ്റ് പാർട്ടിയും തമ്മിലാണ് ഏററുമുട്ടൽ നടക്കുന്നതായി പൊതുജനങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയുന്നതു്. അവർ തമ്മിലുള്ള സൌഹൃദപ്പിണക്കത്തിന്റെ ദുർഗന്ധമാണ് സർവത്ര വ്യാപിച്ചിരിക്കുന്നതും. കമ്മ്യൂണിസ്റ്റുകളെപ്പററി സ്റ്റേററുകാൺഗ്രസ്സ് ജനറൽ സെക്രട്ടറിയായ മിസ്സ് ആനിമസ്ക്രീൻ കൊച്ചി പ്രജാമണ്ഡല വാർഷികസമ്മേളനത്തിൽ പരസ്യമായി ചെയ്ത പ്രസ്താവന അവർ തമ്മിലുള്ള ദ്വന്ദയുദ്ധത്തെ യഥോചിതം വെളിപ്പെടുത്തുന്നു. അതിലെ ഒരുഭാഗം ഇപ്രകാരമാണു സാർ,

“രാജ്യാഭിമാനത്തിന്റെ പേരിൽ തക്കംനോക്കി കൈനീട്ടം വാങ്ങുവാൻ നടക്കുന്നവരാണ് തിരുവിതാംകൂറിലെ കമ്മ്യൂണിസ്ററുകാർ. പരിപാവനമായ തിരുവിതാംകൂർ സ്റ്റേററുകാൺഗ്രസ്സിന്റെ ദൈനംദിന കാര്യങ്ങൾ ഗവണ്മെന്റിനു ഒററുകൊടുക്കുന്ന ഒരു കൂട്ടരാണ് അവിടെയുള്ള കമ്മ്യൂണിസ്ററുകാർ. കമ്മ്യൂണിസ്റ്റിന്റെ ശരിയായ ആദർശത്തെ അവർ വ്യഭിചരിക്കുന്നു”

ഈ ധർമ്മരാജ്യത്തു പൗരസ്വാതന്ത്ര്യത്തെ ഭഞ്ജിക്കുന്ന നടപടികൾ ആവിർഭവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ യഥാർത്ഥരൂപത്തിലുള്ള ഉത്തരവാദിത്വം ഇവിടത്തെ ദേശീയപ്രക്ഷോഭകാരുടെ മേൽ ചുമത്തുവാൻ മാത്രമേ സ്ഥിതിഗതികൾ അനുവദിക്കുന്നുള്ളു.

Mr. S. Narayana Aiyar (*Financial Secretary to Government*): Sir, I thank the honourable members for their useful suggestions and criticisms on the Budget presented to them. Most of the points raised on the floor of the House have been explained already in the course of the general discussion of the Budget and there are only very few for me to deal with.

One of the most important questions raised was in regard to the investments of the Government in industrial concerns. Sir, so far as the Rubber Factory is concerned, after the change over from the old arrangement to the present one, we have realised Rs. 15 00,000 against a capital investment of four lakhs; besides this, we have a reserve of five lakhs.

In regard to Ceramics, the net amount we expect to make is Rs. 1,40,000 besides Rs. 1,14,000 on account of interest and depreciation charges.

Sir, reference was made to the food control measures. An approximate profit and loss account has been prepared and it is under scrutiny; and without actually knowing what the present stock position is and how much of it has deteriorated, it is not possible to prepare a correct profit and loss account. This would however be done as early as possible.

The honourable member, Mr. Narayana Kurup referred to the shortage of Anchal cards and covers in the mofussil parts. Actually, we have manufactured this year more than fifteen lakhs of cards and an equal number of Anchal covers. The Stamp Manufactory is working overtime with all the available machinery and it is hoped that the shortage, if any, will be made good very soon.

In regard to the general revision of salaries, I may say that the pay of the peons in urban areas has been raised to Rs. 14-17. They are also being paid a War allowance of Rs. 7 per month. The minimum pay of clerks has also been raised to Rs. 25. Talking on the alleged high expenditure under salaries and establishment, I may say that with the termination of the war and restoration of normal conditions there would be a saving of about Rs. 50 lakhs under war allowance and military expenditure.

President: Mr. Narayana Aiyar, you wanted to speak something.

Mr. G. Narayana Aiyar: Yes Sir, I should like to know whether it would be possible to take up the Land Revenue Demand first?

Mr. N. Narayana Kurup: It will automatically come. There is no necessity to take it first; it is the sixth or the seventh in the list.

President: No, no. It is the twelfth.

The question whether Demand No. XII—Land Revenue may be taken up first was put to vote and carried.

President: Order, order. The House will now adjourn and meet again at 3 P. M.

The House adjourned at 2·10 P. M.

The House re-assembled after lunch at 3 P. M. with the Dewan-President in the Chair.

NEW MEMBER.

MR. P. JOSEPH JOHN Electrical Engineer took the oath and signed the Rolls.

DEMAND XII LAND REVENUE

Mr. G. Narayanan Tampi: Sir, I rise to move for a grant of Rs. 13,37,590 under Demand X—Land Revenue.

Mr. P. Gopalan: സർ, ഗവൺമെൻറ് ഇപ്പോൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന ഭൂനികുതി സമ്പ്രദായത്തോടു ഞാൻ യോജിക്കുന്നു. സംഭരണകാര്യത്തിലെങ്കിലും ഗവൺമെൻറ സോഷ്യലിസത്തോടു യോജിക്കുന്നതായി കണ്ടതിൽ ഞാൻ സന്തോഷിക്കുന്നു. വിതരണകാര്യത്തിൽ കൂടി ഗവൺമെൻറ് ആ തത്വം സ്വീകരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

അഗ്രികൾച്ചറൽ ഇൻകം ടാക്സ് സ്വീകരിക്കുന്നതിൽ ഗവൺമെൻറ അനുവർത്തിക്കുന്ന നടപടി എന്തായിരിക്കുമെന്നു ഗ്രഹിക്കുവാൻ കഴിയാത്തതിൽ മനസ്താപമുണ്ട്. ഇപ്പോഴത്തെമാതിരി ലാൻറുറവന്യൂ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരെക്കൊണ്ടാണ് ഈ കാര്യം നിർവഹിക്കാൻപോകുന്നതെങ്കിൽ തന്നിമിത്തം കർഷകർക്കു വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകും. ഗവൺമെൻറ ഏററവും സദുദ്ദേശത്തോടുകൂടി നടപ്പാക്കിയ നെല്ലെടുപ്പു പദ്ധതിയിൽ ഈ ഡിപ്പാർട്ടുമെൻറിലെ പ്രവൃത്തിക്കാരന്മാർ, മുതലായ ഉദ്യോഗസ്ഥന്മാരുടെ പീഡനങ്ങൾ നിമിത്തം കർഷകർക്ക് വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നു. അതുകൊണ്ടു ഈ ചുമതല അവരെ ഒരിക്കലും ഏൽപ്പിക്കരുത്.

സെൻറിനു നാലുകാശുവച്ചു ബേസിക് ടാക്സ് ഏർപ്പെടുത്തുവാൻ ഗവൺമെൻറ ഉദ്ദേശിക്കുന്നതായി തോന്നുന്നു. ഇതു അല്പം കൂടുതലാണ്. ബേസിക് ടാക്സ് കേവലം നാമിനലായിരിക്കണം, അതുകൊണ്ട് ഒരു കാശോ, രണ്ടുകാശോ ബേസിക ടാക്സ് വച്ചാൽ മതിയാകും. ഏററവും കുറഞ്ഞതരത്തിലുള്ള ഒരു കരം ബേസിക് ടാക്സായി ചുമത്തുന്നതാണു കൂടുതൽ ആദരണീയമായിട്ടുള്ളതു്.

[Mr. P. Gopalan]

അഗ്രികൾച്ചറൽ ഇൻകം ടാക്സ് ഈടാക്കുന്നതിനു ചുമതലബോധവും സത്യസന്ധതയും ഉള്ള ഉദ്യോഗസ്ഥന്മാരെ മാത്രമേ ഏർപ്പെടുത്താവൂ എന്നും ബേസിക്ടാക്സിൽ സാരമായ കുറവു വരുത്തേണ്ടതാണെന്നും അഭിപ്രായപ്പെട്ടുകൊണ്ടു ഞാൻ ഈ ഡിമാൻറിനെ പിൻതാങ്ങുന്നു.

Mr. N. Narayana Kurup: സർ, ഭൂനികുതിയെസംബന്ധിച്ചിടത്തോളം ഒരു വിപ്ളവപരിവർത്തനം ഗവൺമെൻറുദ്ദേശിച്ചിരിക്കുന്നതായി കണ്ടു് ജനങ്ങളിൽ ഒരു വലിയഭാഗം പരിഭ്രാന്തരായിട്ടുണ്ടു്. നടപ്പിൽ വരുത്തുന്ന നിയമങ്ങൾ നീതിയായും ന്യായമായും നടത്തേണ്ടുന്നവർ അന്യായം കാണിച്ചുവന്നതിൻെറ ഫലമായിട്ടാണ് ഈ പരിഭ്രമം കൂടുതലായി വന്നിട്ടുള്ളതു്. പുതിയ രീതി ആദ്യമേ അങ്ങ് ഉദ്ദേശിച്ചതു് നികുതി ഇല്ലാതാക്കി ആദായത്തിനു കരം ചുമത്തുകയായിരുന്നെന്നു കഴിഞ്ഞതയാണ്ടിലെ പ്രസംഗത്തിലുണ്ടു്, അതു് സാദ്ധ്യമല്ലെന്നും റിക്കാർഡ് നോക്കാനെങ്കിലും അടിസ്ഥാനനികുതിവേണമെന്നും ഒരു നിർദ്ദിഷ്ടതുകക്ക് മേൽ ആദായമുള്ളവർ നികുതികൊടുത്താൽ മതിയെന്നും ആണ് ഇപ്പോൾ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ഇതിൽ ഭീതിപ്പെടാനുണ്ടോ? ദോഷംവരാനുണ്ടോ? ഉണ്ടെങ്കിൽ പരിഹരിക്കപ്പെടാമോ? എങ്ങനെ, പരിഹരിക്കാം? ഇതെല്ലാം വിശദപ്പെടുത്തുകയെന്നുള്ളതാണ് എൻെറ അടിയന്തിരപ്രമേയംകൊണ്ടു് ഞാൻ ഉദ്ദേശിച്ചതു്. കണ്ടെഴുത്തു നടത്തേണ്ട കാലം അതിക്രമിച്ചെന്നും തെക്കൻതിരുവിതാംകൂറുകാർ കൂടുതൽ കരം ചുമത്തപ്പെട്ടവരാണെന്നും അതുകൊണ്ടു് ചെങ്കോട്ട മുതലായ സ്ഥലങ്ങളിൽ കരമിളവു് വേണ്ടിവരുന്നെന്നും ഭൂമിയിൽ പുതിയതരം കൃഷിയും കൂടുതൽ മരങ്ങളും തൻമൂലം കൂടുതൽ ആദായവും ജനങ്ങൾക്ക് കിട്ടുന്നുണ്ടെന്നും പഴയതുപോലെ കണ്ടെഴുത്തു തുടങ്ങിയാൽ അതിനുള്ള വമ്പിച്ച ചെലവു് കാലതാമസം, താരതമ്യേനയുള്ള ഫലക്കുറവു ഇവ നോക്കിയാൽ ഏററവും നല്ല മാർഗ്ഗം ഇന്നത്തെ തീരുമാനമാണെന്നും അതിനാൽ, ഈ നിശ്ചയം ചെയ്തതാണെന്നും പറയുന്നു. ഈ കാരണങ്ങൾ വളരെ ശരിയാണ്. എന്നാൽ കണ്ടെഴുത്തു വസ്തുക്കളിലെ ആദായമനുസരിച്ചു കരം ചുമത്തുകയാണെന്നു തീർച്ചയാണ്. പുതിയ കണ്ടെഴുത്തു നടത്തിയാൽ തെക്കൻതിരുവിതാംകൂറുകാരുടെ നിലങ്ങളുടെ ഫലപുഷ്ടിക്കൂടുതൽകൊണ്ടു് കരം കുറയുക സാദ്ധ്യമല്ല. അവിടെ ഒരു പറനിലം രണ്ടോ മൂന്നോ കൃഷിചെയ്തുപോരുന്നു. മൂന്നുകൃഷിക്കു് പത്തുപറനെല്ലു് ചെലവു

ചെയ്താൽ കറഞ്ഞതു് ൩൨൫ പറ നെല്ലു് കിട്ടും. കരം നിശ്ചയിക്കുന്ന തോതനുസരിച്ചു് ഒരു പറ നിലത്തിനു് ൩൹ പറ നെല്ലു് രാജഭോഗമാണു്. ഒപ്പൂനിലങ്ങളായ വടക്കൻതിരുവിതാംകൂറിൽ ഒരു പറ നിലത്തിൽവിളയുന്ന പത്തുപറയിൽ അഞ്ചുപറ ചെലവു നീക്കിയാൽ ബാക്കി ൫ പറയാണു്. അതിൽ കരത്തോതു നോക്കിയാൽ ൨ പറയാണു്. അപ്പോൾ തെക്കും വടക്കുമായി നിലങ്ങളുടെ കാര്യത്തിൽ ൩൹: ൨ എന്ന അനുപാതത്തിൽ കരം വരാനല്ലാതെ നിവൃത്തിയില്ല. ഈ കരക്കൂടുതലിലും അവിടെ നിലങ്ങൾ വിലയ്ക്കു വാങ്ങുന്നതിൽനിന്നും ജനങ്ങൾക്കു് സങ്കടമില്ലെന്നു സിദ്ധമാണു്. സമീപമായ ബ്രിട്ടീഷ് പ്രാവിൻസിലും ഒരേക്കറിനു ശരാശരി ൩൦ രൂപ കരമുണ്ടു്. അതിനാൽ നിലങ്ങളെ സംബന്ധിച്ചിടത്തോളം തെക്കർ ഒരു വലിയ ലാഭം പുതിയനയത്താൽ അനുഭവിക്കും. എന്നാൽ അവിടെയുള്ള കൃഷിസ്ഥലം ആളിനു ൫ ഏക്കറിൽകൂടുതൽ സാമാന്യേന ഇല്ലാത്തതുകൊണ്ടു് അവർ ആദായനികുതിയിൽനിന്നും രക്ഷപ്പെടുകയും ചെയ്യും. അതു് രാജ്യത്തിനു വലിയ ഒരു നഷ്ടമായി ഭവിക്കാൻ ഇടയുണ്ടു്.

സർ, ഗവൺമെൻറുദ്ദേശിച്ചിരിക്കുന്ന പുതിയ നയത്തിൽ യഥാർത്ഥത്തിൽ ഭയപ്പെടാനൊന്നുമില്ല. എങ്കിലും അതുകൊണ്ടു പല ദൂഷ്യങ്ങൾ നഷ്ടങ്ങൾ മുതലായവ ഉണ്ടു്. അതു പരിഹരിക്കപ്പെടാമെങ്കിൽ നയത്തെ ഞാൻ സ്വാഗതം ചെയ്യുന്നതാണു്. പരിഹരിക്കപ്പെടാമെന്നു എനിക്കു വിശ്വാസം വരുന്നില്ല.

സർ, തിരുവിതാംകൂർ പല പല ചെറിയ നാട്ടുവാഴികളുടേതായിരുന്നു. അവർ പ്രബലന്മാരായ ഇടപ്രഭുക്കന്മാരുടെ ധനപ്രാബല്യത്തിലും സഹായത്തിലും രാജ്യം ഭരിച്ചുവന്നു. പൊതുവേയുള്ള കരം നിശ്ചയിച്ചശേഷം ഓരോ കുടുംബക്കാർ ചെയ്തുകൊടുത്ത സഹായത്തിനു കരമൊഴിവായും സാധാരണ കരത്തിൻെറ എട്ടിലൊന്നായും നികുതിസൗജന്യം ചെയ്തു് രാജനീതി നടത്തിയിട്ടുണ്ടു്. നമ്മുടെ നാട്ടുവാഴികളും രാജ്യങ്ങൾ പിടിച്ചെടുത്തശേഷം ആ രാജ്യങ്ങളിലെ നടപ്പു അനുവദിച്ചതിനും പുറമേ ഇതുപോലുള്ള സൗജന്യങ്ങൾ ചെയ്തിട്ടുണ്ടു്. കരമൊഴിവായിട്ടുള്ളതിനു ഒരു കാശു കരമെങ്കിലും വയ്ക്കുന്നതും കുറച്ചുകരമാക്കി നാട്ടുവാഴികൾ കൊടുത്തതു കൂട്ടുന്നതും ഉച്ചിവച്ച കൈകൊണ്ടുതന്നെ ഉദകക്രിയചെയ്യുന്നതിനു സമമാണു്.

Mr. K. G. Kunjukrishna Pillai: കരമൊഴിവുവസ്തുക്കളിന്മേൽഇപ്പോൾ ആദായനികുതി ചുമത്താൻ ഗവൺമെൻറുദ്ദേശിക്കുന്നില്ലെന്നു് മെമ്പർക്കറിയാമോ?

Mr. N. Narayana Kurup : ഇങ്ങനെയുള്ള വിശദീകരണമാണ് ഞങ്ങൾ ഗവൺമെന്റിൽനിന്നും ആവശ്യപ്പെടുന്നത്.

President : Order, order. The general discussion might be curtailed if the honourable members know what the Government's programme is. Government are aware that merely confining themselves to this Pandarapattom land would not satisfy the people at large and that there are other large interests and complicated tenures which deserve consideration and which should also be settled in some manner side by side with or as soon as possible after the present settlement. At this moment, as things are fairly clear with regard to pandarapattom, the present scheme will affect the pandarapattam lands; the Government are appointing Mr. P. Parameswaran Pillai as Special Officer for the purpose of investigating the whole question, and finding out what difficulties will arise in the application of the scheme of the Government to Edavagais, Jenmom tenures, etc., and putting up proposals before the Government after consulting local opinion. The order has been passed Yesterday.

Mr. G. Narayanan Tampi : It is being issued today, Sir.

Mr. N. Narayana Kurup : രണ്ടാമതായി, ചവറ മുതൽ വടക്കോട്ട് ചേർത്തലവരേയും കടൽക്കരയ്ക്കുള്ള പുരയിടത്തിനും കായൽക്കരയ്ക്കും ഇടയ്ക്കുള്ള മണൽഭൂമികളും അടൂർ പത്തനംതിട്ട പള്ളിപ്പുറം മുതലായ സ്ഥലങ്ങളിലെ മൊട്ടക്കുന്നുപോലുള്ള സ്ഥലവിഭാഗത്തിനും തോട്ടപ്പുള്ളിയിലെ ഒരുമേനി വിളയുന്ന കരിനിലത്തിനും ൪ ചക്രം മുതൽ ൬ ചക്രം വരെ മാത്രമേ കരമുള്ളൂ.

Mr. G. Revi Varma : ഈ നാലുചക്രത്തിനും പുറമേ വൃക്ഷങ്ങൾക്ക് പ്രത്യേകം കരം ചുമത്തുകയില്ലേ?

Mr. N. Narayana Kurup : ഇത് കഷണ്ടിത്തലയിലെ മുടിക്ക് നീളം എത്രയുണ്ടെന്നു ചോദിക്കുന്നതുപോലെയിരിക്കുന്നു. അടൂർ പത്തനംതിട്ട മുതലായ സ്ഥലങ്ങളിലുള്ള മൊട്ടക്കുന്നുകളിൽ ഒരു വൃക്ഷം പോലുമില്ല. സെന്റിന് രണ്ടു കാശു വരെയുള്ള അടിസ്ഥാനനികുതി പോലും അങ്ങനെയുള്ള ആദായരഹിതമായ ഭൂമികളെ സംബന്ധിച്ചിടത്തോളം വളരെ കൂടുതലാകുന്നു. ഇതും വരാൻ പാടില്ലാത്ത ഒരു സംഗതിയാണ്. തെക്കൻ തിരുവിതാംകൂറിൽ കരക്കുറവും ആദായത്തിനു തക്കവണ്ണം നികുതികൊടുക്കാൻ ഇടവരാതിരിക്കയും അരുത്, ഇന്ന് നികുതി കുറഞ്ഞവർക്കു കൂട്ടുകയുമരുത്. ഇതിന് ഒരു വഴി കണ്ടുപിടി

ക്കേണ്ടതു് അത്യാവശ്യമാണ്. മുൻപറഞ്ഞ ഏഴു ചക്രക്കരക്കാക്കും അതു കൊടുക്കാൻ വയ്യാതെ ൪്. കൊല്ലത്തിനുമുൻപുവരെ കരക്കുടിശ്ശികയും വസ്തുക്കളും വിട്ടുപെട്ടിട്ടുണ്ട്.

Mr. G. Revi Varma : ൧൦൯൦-ാമാണ്ടത്തെ റിവൈസ്ഡ് പുതുവൽ ആക്ററിൻപ്രകാരം ഒരേക്കറിന് കുറഞ്ഞതു് ൧ രൂപ കരമുണ്ടെന്നു മെമ്പർക്കറിയാമോ?

Mr. N. Narayana Kurup : ആയിരിക്കാം.

Mr. K. C. Chandy : അതു് പുതുവൽ ഭൂമിയെ മാത്രമല്ലേ ബാധിക്കയുള്ളു.

Mr. N. Narayana Kurup : അതേ. സാധാരണക്കാർക്ക് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന ബേസിക്ക് ടാക്സ് വളരെ ഭയങ്കരമായ ഒരു നികുതി ഏർപ്പാടാണ്. മൂന്നാമതായി ഗവണ്മെൻറിന്, നിശ്ചിതമായിരുന്ന ഒരു നികുതി കുറയുകയും അനിശ്ചിതമായ ഒരു നികുതി വരികയും ആണ്. വസ്തു ഉടമസ്ഥന്മാരെ സംബന്ധിച്ചിടത്തോളവും ക്രയവിക്രയത്തിന് ഈ അനിശ്ചിത നികുതിമൂലം കഷ്ടനഷ്ടങ്ങളുണ്ടാകുന്നു.

നാലാമതായി ഇടവകഭൂമികൾ അനുഭവിക്കുന്നവർക്ക് ജന്മിഭോഗം കൊടുക്കണം. അതു് വലിയ ഒരു ചുങ്കമാണ്. അതിനും പുറമേ അവൻെറ കാർഷികാദായത്തിൽ നിന്നും സർക്കാരിനു കരം കൊടുക്കണം. ജന്മിയുടെ മൊത്തം ആദായത്തിൽനിന്നും ആദായനികുതിയും അനുഭവക്കാരിൽനിന്നും ആദായനികുതിയും ഇങ്ങനെ ഗവണ്മെൻറ് ഒരു വസ്തുവിന് രണ്ടുപ്രാവശ്യം കരം ഈടാക്കാൻ ഇടവരുന്നു. ആ സങ്കടാവസ്ഥയ്ക്കു പരിഹാരം കാണണം.

അഞ്ചാമതായി, ഈ തത്വത്തോടനുസരിച്ച് കണ്ടുകൃഷിനിലങ്ങളുടെ നില മാററാൻ തരമില്ല. ആറാമതായി, ആദായനികുതി നിയമം ൨ ൪ (എ) കൊണ്ട്, വസ്തു കുത്തിനോ മററോ കൈമാററം ചെയ്താലും ഒരു വസ്തുവിന് രണ്ടുപ്രാവശ്യം കരം ഗവണ്മെൻറിനു കിട്ടാനിടവരുന്നു. അതു പരിഹരിക്കണം. ആദായനികുതിപരിധി രണ്ടായിരത്തി മൂവായിരം രൂപ ആക്കിയാലും ആയിരം പേരിൽ കൂടുകയില്ലെന്നു ഒരു സ്റ്റേററിതൻ പറഞ്ഞു. ഉദ്ദേശം ൧൬ ലക്ഷം പട്ടാദാരന്മാരിൽ ഒരു രൂപയോ കുറവോ കൊടുക്കുന്നവർ ൧൦ ലക്ഷമേയുള്ളു. ശേഷിച്ചതിൽ കുറഞ്ഞതു് മൂന്നിലൊന്നു ഒന്നര ലക്ഷംപേരെങ്കിലും വരുമെന്നാണ് വിശ്വാസം. ഇന്നത്തെ രണ്ടായിരം രൂപക്കാർ ൧൧൪-ന്നു വരെയുള്ള ൭൦൦ രൂപ ആദായമുള്ളവരാണ്. നമ്മുടെ ഉല്പന്നങ്ങളുടെ വില കുറയുമ്പോൾ ഈ തോതു് ൭൦൦ ആക്കേണ്ടതായി വരും

[Mr. N. Narayana Kurup]

അപ്പോഴും കുറഞ്ഞത് രണ്ടുലക്ഷം പട്ടാദാരന്മാരെ ഈ ആദായനികുതി നിയമം ബാധിക്കാതിരിക്കയില്ല. അതിന് ആക്ഷേപമുണ്ടെന്നല്ല പറയുന്നത്. ഈ വൈഷമ്യങ്ങളെല്ലാം പരിഹരിച്ചുകഴിഞ്ഞാൽ നിയമം നടപ്പിൽ വരുത്തുന്ന ഗവണ്മെൻറുദ്യോഗസ്ഥന്മാർ നിയമം നീതിയായി പാലിക്കാൻ ഏർപ്പാടുകൂടി ചെയ്താൽ ആർക്കും ഭയത്തിനവകാശമില്ല. ആദായനികുതി എന്നു കേൾക്കുമ്പോൾ കർഷകൻ ഭയപ്പെടുന്നത് തിളച്ചവെള്ളത്തിൽ ചാടിയ പൂച്ച പച്ച വെള്ളം കണ്ടാൽ ഭയപ്പെടുന്നതുപോലെയാണ്.

ഇന്നത്തെ ഭയങ്കര നഷ്ടത്തെപ്പററി പറഞ്ഞിട്ട് എങ്ങനെ പരിഹാരം നേടണമെന്നു പറയാം. മലയാളം പഠിപ്പിക്കുന്നസ്ഥലത്ത് പഠിപ്പിക്കാൻ പണ്ട് തമിഴ്മാത്രം അറിയാവുന്ന ഒരു ആളെ നിയമിച്ചതുപോലെ, ഒരു സ്ഥലവിഭാഗമോ അവിടത്തെ കൃഷിരീതിയോ ചെലവുരീതിയോ സ്ഥലത്തെഭാഷയോ അറിയാൻ പാടില്ലാത്ത ഒരു ഉദ്യോഗസ്ഥനെ ആ നാട്ടിലേക്കു നിയമിക്കരുതെന്ന് ആദ്യം ഗവണ്മെൻറു നിശ്ചയിക്കണം.

ഇന്ന്, മദ്ധ്യതിരുവിതാംകൂറിലെയും വടക്കൻ തിരുവിതാംകൂറിലെയും സ്ഥിതി പറയാം. അവിടെ തോട്ടപ്പള്ളി മുതൽ വടക്കോട്ട് ചേർത്തല വരെ ചൊരിമണലാണ്. നടപ്പനുസരിച്ച് ആദായത്തിൽ പകുതിയും വെള്ളാകോരി ചെലവാകും. കുളംവെട്ട് മുതലായവയ്ക്കു നാലിലൊന്നാദായം പോകും. ഒരേക്കറിൽ ൪൫ മുതൽ ൬൦ വരെ തെങ്ങുകളേ സാധാരണ കാണുകയുള്ളു. അവയിലും അധികവും കാററുവീണ് ആദായരഹിതമാണ്. എന്നാൽ കളക്ററർക്കുള്ള തോട്ട് ഏക്കറിൽ ൧൦൦ തെങ്ങ്, തെങ്ങൊന്നിന് ആണ്ടിൽ നൂറുതേങ്ങ, ആയിരം തേങ്ങയ്ക്ക് നൂറു രൂപ ആണ്ടിൽ ചെലവുകഴിച്ച് ഒരേക്കറിന് ഇരുനൂറു മുതൽ ആയിരം വരെ രൂപ ആദായമെന്നാണ്. കണക്കു കാണിച്ചാൽ കർഷകനു കണക്കെഴുത്തില്ലാത്തതിനാൽ വിശ്വാസമില്ല. കണക്കില്ലെങ്കിൽ തന്നിഷ്ടമനുസരിച്ച് നികുതിവയ്ക്കും. അതുപോലെ നിലമാണെങ്കിൽ പാട്ടം ൫. ശരാശരി ഒരു പറയ്ക്കു രണ്ടു പറനെല്ല് ലാഭം. സെററിൽമെൻറു പാട്ടം ഒഴിവാക്കേണ്ട കരിനിലങ്ങൾക്കും ഇതേനിലയിലാണ് തോത്. ഒരു താലൂക്കിലെ ഓരോ പകുതിയിലേയും കൃഷിരീതി, ചെലവ്, വിളവ് ഇവ വ്യത്യാസമാണ്. ഇതിന് ഉദ്ദേശംവച്ച് വിളവ് നിശ്ചയിച്ചാൽ കർഷകന് നഷ്ടമാണ്. ആദായമാണെങ്കിൽ ഓരോതവണയും വ്യത്യാസം, വിലവ്യത്യാസം; ചിലവാണെങ്കിൽ പത്തിലൊന്നും മററും വകവെച്ചാൽ എങ്ങനെ സഹിക്കും.

കർഷകനു വൌച്ചർ വൈഷമ്യമാണ്. വിത, പറിച്ചുനടീൽ, കൊയിത്തു് ഈ ജോലികൾക്കു് ആയിരക്കണക്കിന് അന്യനാട്ടുകാർ വരുന്നു. ദിവസേന വേലക്കാർ മാറിമാറി വരുന്നു. ഓരോരുത്തർക്കും കൊടുക്കുന്ന മൊത്തം കൃഷിനോക്കിയാൽ ദിവസേന ആയിരപ്പറ നെല്ലു വരുന്നവരുണ്ട്. ഇതിനു വൌച്ചർ സാദ്ധ്യമല്ല. വൌച്ചർ ഇല്ലെങ്കിൽ ആ ചെലവു വകവയ്ക്കുകയില്ല. ഒരു കൃഷിക്കാരന് ഒരു പറ നിലത്തിന് രണ്ടുമേനി ലാഭമാണെന്ന് ഒരു തീരുമാനമാണ്. ശരാശരി ഒരു പറയ്ക്ക് അരപ്പറനെല്ലു ലാഭം കൊടുത്താൽ മുഴുവനും സർക്കാരിനു വിട്ടുതരാൻ കൃഷിക്കാരൻ സമ്മതിക്കും.

ഇനിയും ഒരിക്കൽ നികുതി നിശ്ചയിച്ചാൽ അടുത്തയാണ്ടിൽ വില പകുതിയായാലും ഉദ്യോഗസ്ഥന്മാർ കരുതിനു നോട്ടീസയയ്ക്കും. ചുരുക്കിപ്പറഞ്ഞാൽ എല്ലാ ആണ്ടിലും കർഷകൻ കണക്കുമായി ഉദ്യോഗസ്ഥന്റെ പടിക്കൽ നില്ക്കേണ്ടതായി വരുന്നു. സർ, കൃഷിച്ചെലവുതന്നെ ൧൧൫ മുതൽ ൧൨൦ വരെ ഓരോ കൊല്ലവും കൂടുതലാണ്. ഇവ ഓരോ ആണ്ടിലും ചെലവനുസരിച്ച് അനുവദിച്ചുകൊടുക്കുന്നില്ല. ഒരിക്കൽ പറിച്ച ഒരു തോതാണ് കളക്ടർക്ക് എന്നും. ചുരുക്കിപ്പറഞ്ഞാൽ അദ്ദേഹത്തിന്റെ തോതനുസരിച്ച് ആദായം ഇല്ലെങ്കിലും കൊടുത്തേ മതിയാകൂ. സർ, ഈ തോതിനാണെങ്കിൽ ഈ തോതു നിശ്ചയിച്ച് ഒററ ക്ലാക്കിനെ നിർണ്ണയിച്ചാൽ നിഷ്പ്രയാസം കണക്കുകൂട്ടി നികുതി ഈടാക്കാം. ആദായനികുതിവച്ച കാലത്തു് മുട്ടത്തു് ഏക്കറിന് ൧൦൦ തെങ്ങെന്നും തെങ്ങിനു നൂറു തേങ്ങായെന്നും ൧൦ രൂപാവച്ച് ഏക്കറിന് ൧൦൦൦ രൂപാ ആദായമെന്നും ഏഴേക്കറിന് ഏഴായിരം രൂപയെന്നും അസസ്സ് ചെയ്തിട്ടുണ്ട്. പാരമ്പര്യമായി കണക്കുവയ്ക്കുന്ന ഒരു കുടുംബക്കാരനായിരുന്നിട്ടും കണക്കു വിശ്വസിച്ച് ആദായനികുതി ചുമത്തിയിട്ടുണ്ട്.

President: Was any such case brought to the notice of this Government?

Mr. N. Narayana Kurup: —പത്തോ അൻപതോ രൂപ മാത്രമേ ഇതുകൊണ്ടു് ലാഭമുണ്ടാകയുള്ളു എന്നു കണ്ടാൽ സാധാരണയായി ജനങ്ങൾ ഇവിടെ വന്നു് ബുദ്ധിമുട്ടാറില്ല. ഞാൻ പറഞ്ഞ മാതിരി സങ്കടങ്ങൾ കാണിച്ച് ജനങ്ങൾ ഗവണ്മെൻറിനു സങ്കടഹർജി അയച്ചിട്ടുണ്ടെന്നാണ് അറിവ്.

President: Order, order. I know of many cases where on account of alleged hardship sustained by the petitioners people have come to government and in some cases they have obtained relief. But if there was any obvious inequality, Government could have been easily addressed on the matter.

Mr. N. Narayana Kurup :— ഗവണ്മെൻറ് നീതിനടത്തുന്നില്ല എന്നു ഞാൻ പറയുന്നില്ല. ഒരാളിന് ൱ രൂപ ഇൻകംടാക്സിൽ ലാഭം കിട്ടണമെങ്കിൽ ഇവിടെ വന്ന് ൨൦൦ രൂപ ചെലവാക്കി കേസ് പറയണം. ആ വേലയ്ക്ക് കർഷകൻ തുനിയുകയില്ല. അതുകൊണ്ട് ബുദ്ധിമുട്ടും ചെലവും ഉദ്ദേശിച്ച് ൫൦ രൂപ മുതൽ ൧൦൦ രൂപവരെ കൊടുക്കുന്നവരുമുണ്ട്. അതാണ് അപ്പീൽ കുറയാൻ കാരണം. അതുകൊണ്ട് അനീതിയില്ലെന്നർത്ഥമില്ല.

President: In any case that is not necessary on account of the competition amongst legal practitioners now.

Mr. M. K. Mackar Pillai :— (*Nominated*) സാധാരണ ഇൻകംടാക്സ് കൊടുക്കുന്നവരെ മാത്രമല്ലേ ഇതു ബാധിക്കൂ.

Mr. N. Narayana Kurup :—അതു വ്യവസായികന്മാരാണ്. അവർക്കു പല കണക്കും ഉണ്ട്. കർഷകർക്ക് ഒരു കണക്കുമില്ല. ചില ആദായനികുതി ആഫീസറന്മാർക്കു ഒരു വിദ്യയുണ്ട്. ൧൦൦൦ രൂപ ആദായം കണ്ടാൽ മററിനം നൂറെന്നും നാലായിരത്തിൽ കവിഞ്ഞാൽ ഒന്നുമല്ലെങ്കിൽ നടവരവ് ആയിരമെന്നും മററുംചേർത്ത് നികുതി ചുമത്തുന്ന സുഖക്കേടുണ്ട്. ഇതെല്ലാം ബുദ്ധിമുട്ടും ഭയത്തിനും കാരണമാണ്. ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ അപ്രകാരം ചെയ്യാൻ രഹസ്യഉപദേശം കൊടുത്തിട്ടുള്ളതായും പറയാറുണ്ട്. ഈ മാതിരി ഉദ്യോഗസ്ഥന്മാർ സർക്കാർ നിയമം നിയമാനുസരണം പാലിക്കാത്തതുകൊണ്ടും അവർ ചെന്നായ്ക്കൾ ആട്ടുകളോടു പെരുമാറുന്നതുപോലെ നികുതിദായകന്മാരോടു പെരുമാറുന്നതുകൊണ്ടുമാണ് ഗവണ്മെൻറിൻെറ ഏതു നയത്തിലും ജനങ്ങൾ ഭയപ്പെടുന്നത്. ഇവരാണ് ഗവണ്മെൻറു ശത്രുക്കൾ.

ഈ കാര്യങ്ങൾ ശരിപ്പെടുത്തിയാൽ, സർ, ഗവണ്മെൻറിൻെറ പുതിയ നയം ആർക്കും സ്വീകാര്യവും രക്ഷയുള്ളതും നല്ലതുമായിരിക്കും. ആദായം കിട്ടുന്നവൻ അവൻെറ ചെലവുനീക്കിയുള്ള മിച്ചത്തിൽനിന്നും രൂപയ്ക്കു അരച്ചക്രം കൊടുക്കണമെന്നു പറയുന്നതിൽ ആക്ഷേപമില്ല. തരാൻ ജനങ്ങൾ മടിക്കയുമില്ല.

ഇന്നത്തെ കളക്ററർമാർ നിശ്ചയിക്കുന്ന ആദായത്തിൻെറ മൂന്നിൽ രണ്ടുഭാഗം ആണ്ടിൽ കൊടുക്കാൻ ഗവണ്മെൻറു തയ്യാറുണ്ടെങ്കിൽ എല്ലാ കർഷകരും വസ്തുക്കൾ നന്ദിപുരസ്സരം ഗവണ്മെൻറിനെ ഏല്പിക്കാൻ തയ്യാറാണ്. ഇന്നത്തെ നിയമം നടപ്പിലായാൽ വോട്ടവ

കാശത്തിൽ മാററം വരും. സമ്മതിദായകലിസ്ററും മാറേണ്ടതായിവരും. ആദായനികുതി നിയമത്തിൽ നികുതി നിശ്ചിത തീയതിക്കു കൊടുത്തില്ലെങ്കിൽ ഇരട്ടി ഈടാക്കുമെന്നുള്ളതു് ഭയങ്കരമാണ്. കരക്കുടിശ്ശികനിയമമനുസരിച്ചു് ഈടാക്കാൻ വ്യവസ്ഥയുണ്ടാക്കേണ്ടതു് അത്യാവശ്യമാണ്.

Sahib Bahadur Mohammed Mustafa: (*Commerce and Industry South*): Sir, இந்த Demand ஐ நான் ஆதரிக்கிறேன். ரொம்ப காலமாக நாங்கள் கூடுதல் நிலக்கரம் கொடுத்துவருகிறோம். இந்தக் கரச்சுமை தாங்க முடியவில்லை என்றும் அது குறைத்துக் கிடைக்க வேண்டுமென்றும் இந்தச் சபையில் முறையிட்டுக் கொண்டு வருகிறோம்.

President: ஏன், மலையாளத்தில் பேசலாமே? (Laughter).

Sahib Bahadur Mohammed Mustafa: Sir, தாங்கள் தயவு செய்து என்னை என் தாய் பாஷையாகிய தமிழிலேயே பேச அனுமதி தரவேண்டுமென்று கேட்டுக் கொள்கிறேன். இந்தச் சபையில் ரொம்ப பேர்கள் மலையாளத்தில் பேசுகிறார்கள். தமிழைத் தாய்மொழியாகக் கொண்டுள்ள என்னைத் தாங்கள் தமிழிலேயே பேச உத்தரவு தரவேண்டும்.

President: All right.

Sahib Bahadur Mohammed Mustafa: Sir, ரொம்ப காலமாகக் கரச்சுமை தாங்கமுடியாமலிருக்கிற நாஞ்சநாட்டுக் கிருஷிகர்களாகிய நாங்கள், காருண்ய கவர்ண்மெண்டார் நடப்பில் கொண்டுவரப்போகிற basic tax ஐ வரவேற்கிறோம். அதற்காக நாஞ்சநாட்டுக் கிருஷிகர்களின் சார்பாக தங்களுக்கும், காருண்ய கவர்ண்மெண்டாருக்கும் என் நன்றியைச் செலுத்திக் கொள்கிறேன். ஸார், 5 அல்லது 10 ஏக்கர் நிலத்துக்கு மேலுள்ள நில உடமஸ்தர்கள் தென் திருவாங்கூரிலில்லையென்றும், 500, 1000 ஏக்கர் உள்ள பெரிய நில உடமஸ்தர்கள் வட திருவாங்கூரில்தானிருக்கிறார்கள் என்றும், இந்த basic கரம் வட திருவாங்கூர் கிருஷிகர்களுக்கு பிரதிகூலமே செய்யுமென்றும் சில மெம்பர்கள் இங்கே சொன்னார்கள். ஸார், நாஞ்சநாட்டுக் கிருஷிகர்களாகிய நாங்கள் ரொம்ப காலமாக ஏக்கர் ஒன்றுக்கு 20 ரூபாய் முதல் 30 ரூபாய் வரையிலும், ஏன், இன்னும் கூடுதல் கரம் ரொம்ப காலமாகக் கொடுத்து வருகிறோம். ஸார், நாஞ்சநாட்டில் ஐம்பதினாயிரம் ஏக்கர் நிலம் இருக்கிறது. இதில் பாதி பண்டாரப்பாட்டம். மீதி பாதிக்குத்தான் இந்தக் கரக்குறைவு கிடைக்கிறது. மேலும் தற்போது உத்தேசம் அறுபதினாயிரம் ஏக்கர் சும்மாயிருக்கிற பூமிக்கு இப்போது நாலுசக்கரம் கொடுக்கவேண்டியிருக்கிறது. ஆனால் தற்போது basic tax முறையில் இந்த அறுபதினாயிரம் ஏக்கருக்கும் அறுபதினாயிரம் ரூபாய் கொடுக்கவேண்டும். அப்படிக் கொடுக்கவேண்டியவர்களில் நானும் ஒருவன். அறுமனை, கடியல், குலசேகரம் முதலிய இடங்களில் எனக்கு ஆயிரம் ஏக்கர் பூமியுண்டு. எனக்கு 140 ரூபாய் கொடுத்தால் போதும். ஆனால் இந்த basic tax முறையில் ஆயிரம் ரூபாய் கொடுக்கவேண்டியவனாயிருக்கிறேன். மேலும், ஸார், நாங்கள் இரண்டுவித கரங்கள் கொடுக்கிறோம்—தண்ணீர் வரியும் நிலக்கரமும். தண்ணீர்வரி ஏக்கருக்கு ஏழுரூபாய் கொடுக்கிறோம்.

President: Apart from everything else, taking South Travancore itself into account, there is the Oodukoor tenure the application of which has to be investigated by somebody who knows something about it.

Sahib Bahadur Mohammed Mustafa: ஸர், ஆகையால் மெம்பர்கள் சொல்வதுபோல் இந்த basic taxஆல் எங்களுக்கு ரொம்ப அனுகூலமுண்டு என்று சொல்வதற்கில்லை. சமமான கரம் கொண்டு வந்ததற்கு கவர்ன்மெண்டாருக்கு என் நன்றியைச் செலுத்திக் கொள்கிறேன்: இதற்காக ஒரு அபீசரை நியமித்து வேண்டியது செய்யக் கேட்டுக் கொள்கிறேன்.

Mr. T. M. Chidambarathanu Pillai: Sir, the position of Nanjinad has been misunderstood by some of the honourable members of this house. As my friend Mr. Mustapha put it there are thousands and thousands of acres of forest lands which have been paying tax, dry land tax which comes to more than chs. four per acre. There are dry lands which come outside the province of wet lands irrigated by the Kothayar Project which pays about less than half a rupee per acre. There are large numbers of such lands in South Travancore. We are now paying the highest rate of land tax in the whole of India, that is, from Rs. 7 to Rs. 33 per acre.

Mr. N. Narayana Kurup: May I know from the honourable member the land tax in the adjacent British Indian Province?

Mr. T. M. Chidambarathanu Pillai: It comes to Rs. 18 per acre.

Mr. G. Revi Varma: Does the honourable member know that there are certain Sripadom lands that pay more than Rs. 60 per acre.

Mr. T. M. Chidambarathanu Pillai: I am aware of that to a certain extent. But they are only few...

Mr. M. Mahommed Mustafa: May I know from the honourable member whether over and above the basic tax there is not a water tax in the Nanjinad areas.

Mr. T. M. Chidambarathanu Pillai: I am coming to that. There is the land tax of about Rs. 33 to be paid per acre. We have been fighting for a long time from about ten years after the settlement, that we have been heavily taxed; we have been agitating for adequate reliefs for years in regard to this. And more than that after the Kothayar Project was initiated and put into use we were asked to pay a water cess of Rs. 7 per acre; and Re. 1 for Ayacut lands. That is to say although we have a right to get irrigation work done at the expense of Government, the moment that an outlay was made by Government we were asked to pay a fresh tax namely water cess. Now I am glad that the land tax has been abolished. But we want to know whether this will affect the water cess also. That is a matter to be cleared by Government.

But the position is this. My honourable friend misunderstands the situation in Nanjinad. These 65,000 acres of lands which have to pay Rs. 28 have also to pay Rs. 7 and Re one of water cess per acre. Is it not a great difficulty and a real grievance for the poor ryots? Are not the ryots suffering beyond redemption? We were practically agitating for a resettlement some time ago. But it was understood that it would be very difficult because of the large expenses, with the large staff, and a huge delay involved in the matter of settlement operations. The original settlement was conducted at an earlier period and even that it took a long time to finish the work. Now, with all the complexities of the present system of Land Revenue, if a new settlement is to take place it will take about ten to twelve years to complete it. Therefore it was suggested that it was not necessary to reopen the settlement question now and that the best medium of equalising and giving justice and equity to everybody in Travancore would be to introduce this tax namely the basic tax. South Travancore has special consideration for the same. The whole Travancore would have to thank South Travancore. South Travancore is contributing a very large amount towards the income of the State. They made out a case to Government and they convinced Government that justice has to be meted out to South Travancore in the reduction of Land Revenue. Three or four years after tremendous efforts were taken by the people of Nanjinad in pressing their legitimate claims before Government, You Sir, out of great consideration and sympathy, sanctioned a temporary reduction of a portion of land tax.

Not only are we paying water cess and land tax but we are also contributing 25 lakhs of rupees towards Excise Revenue from Salt manufacture in South Travancore. We are working the Factories, in so doing we are paying a large amount of money as duty to Government. Therefore as my friend Mr. Mustapha stated this new system of levying tax has only reduced tax to Government to some extent to meet out justice.

I understand that the survey and the re-settlement took more than 20 years and practically the legal profession was fed by the litigation caused out of mistakes and complications arising in the settlement enquiries and issue of pattas.

Mr. N. Narayana Kurup: May I know if a re-settlement based on the productivity of the soil is made, South Travancore will have a reduction of tax?

Mr. T. M. Chidambarathanu Pillai: I am coming to it: We are verse than North Travancore in the matter of productivity of the soil, because our soil is exhausted, there is no manure there is no grazing land for our cattle. Our expenses for cultivation of lands come to Rs. 100 per acre per crop though we are able to get ten kottas as yied per crop.

Mr. N. Narayana Kurup: I said one para. The honourable member has misunderstood me.

Mr. T. M. Chidambarathanu Pillai: Any way the productivity of our soil is not as much as is understood by my friends in North Travancore. We get only two kottas for every acre of land, after deducting all expenses during a single crop. Therefore we are not able to make any profit from the yield of the property. Deducting all the expenses our profit is zero, sometimes only a loss.

Mr. K. C. Chandy was telling us, comparing five kottas of paddy land of South Travancore to five times the land in the North in the matter of yield of the lands in North Travancore and that we are benefited to a large extent. When all the expenses are calculated the profits in both places will be more or less same if not more. So far as the so-called income are concerned we are actually worse than North Travancore, because we have no other source of income other than from simple paddy cultivation. Therefore the position of land owners and cultivators in South Travancore is not the same as that of the cultivators in North Travancore who have large plantations, Rubber, Pepper, tea and Cocoanut.

Mr. T. M. Chidambarathanu Pillai: Because we pay, we are entitled to be benefitted to some extent, if I may say so. We do not have cocoanut gardens as North Travancoreans possess. The people who grow cocoanut trees, which are useful in every way, from top to toe namely from leaves, nuts, husks, coir, copra etc. These plantations were not taxed. It was not possible as they were effected only after settlement period. Therefore it comes to this. The people who were from the settlement period paying tax and over-tax are South Travancoreans and not the people of North Travancore.

Mr. K. C. Chandy: But are they not making export duties on the products of cocoanut?

Mr. T. M. Chidambarathanu Pillai: That is a different thing. You may be able to pay more from other sources.

Therefore the position taken by my honourable friends that South Travancore is not entitled to special considerations at the hands of Government is not justified.

Another point is when the settlement operations were effected the various kinds of tharams were considered. This was done most arbitrarily. We had an officer; he was called Mannuthinni Ayyangar (മൺതിന്നി അയ്യങ്കാർ) because he used to take the soil in his mouth and say 'this is the first tharam, this is the second tharam etc.' The whole thing depended upon that gentleman to determine the quality of the land. By tasting the soil, he was able to declare the tharams. There was no soil survey and expert

then. That was the basis on which we were taxed. Therefore this measure taken now by the Government is more equitable and is a liberal measure calculated to do justice to everybody. Therefore on behalf of the people of my constituency, I support this important measure. We have to clear difficulties, we have to bear certain difficulties, like the water cess. For one acre of land in Sanketham lands they have to pay about 15 kottas of paddy. We are aggrieved by such a tenure. But some amount of relief has to be given. Now by the introduction of the New Land Revenue Policy the position of the ryots is safe and their lot is improved. The case of other varieties of land with varieties of tenure which bear the heavy tax may also be considered by a separate committee to deal with the claims of such ryots. I therefore support the motion.

Mr. N. Narayana Kurup: Sir, the honourable member has not answered my question, whether a resettlement would solve the problem. He said he would answer after he finished.

Mr. T. M. Chidambarathanu Pillai: My argument was that the question of resettlement is a costly affair which involves time, labour and expense disproportionate to the benefit likely to accrue therefrom. Besides, settlement will not decide the point. Then we have to take and settle accounts for years past during which period we were being over-taxed. Then the question will be whether we are to be taxed at all for some years.

Mr. G. Revi Varma: സർ, ഈ ഡിമാൻറിനോടും ഗവണ്മെൻറ് ഇപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ നികുതി സമ്പ്രദായത്തോടും ഞാൻ യോജിക്കുന്നു. ഇവിടെ ഒരു ചോദ്യം ഉത്ഭവിക്കുന്നു. ൱൦ കൊല്ലങ്ങൾക്കുമുൻപുണ്ടാക്കിയ സെററിൽമെൻറു ചട്ടമനുസരിച്ച് വീണ്ടും ഒരു സെററിൽമെൻറു നടത്തണോ? അതോ പുതിയ നികുതിസമ്പ്രദായം സ്വീകരിക്കണോ? എനിക്കു പറയാനുള്ളതു ൱൦ കൊല്ലത്തിനുമുൻപുണ്ടാക്കിയ ചട്ടങ്ങൾ ഇന്നത്തെ കാലസ്ഥിതിക്കു ഒരിക്കലും യോജിച്ചതല്ലെന്നാണു. പണ്ട് അധികൃതന്മാർ രാജ്യത്തുള്ള ഓരോ പകുതികളിൽ കിടക്കുന്ന ഓരോ വസ്തുവിലും പ്രവേശിച്ച് അവിടെ നിൽക്കുന്ന വൃക്ഷങ്ങൾ, തെങ്ങിൻെറമടൽ, കുല, ഫലം മുതലായവ എണ്ണി അവയ്ക്കുള്ള ഈറവും തരവും നിശ്ചയിച്ച് കരം കണക്കാക്കിയിരുന്നു. ഇത്തരത്തിൽ കരം നിശ്ചയിക്കുന്നതു് ഇക്കാലത്തു് ഒരു പരിഷ്കൃതഏർപ്പാടായിതോന്നുന്നില്ലെങ്കിൽ അതു അത്രഭംഗമല്ല. പഴയ സെററിൽമെൻറനുസരിച്ച് പ്രധാനമായി ഇപ്പോൾ രണ്ടുതരം കരമുണ്ട്. വെറ്റ്, ഡ്രൈലാൻറ്, മാറ്റു് വെററ്ലാൻറ്. വെററ്ലാൻഡിൽ

[Mr. G. Revi Varma.]

തന്നെ പിന്നെയും രണ്ടുവിഭാഗങ്ങൾ ഉണ്ടു്; ഒരുപ്പൂ ഇരുപ്പൂ. ഇതിൽ ഡ്രൈലാൻഡിനു്, വൃക്ഷങ്ങളില്ലാതിരിക്കുന്നപക്ഷം ൪ ചക്രം മുതൽ ൧൭ പണം വരെ ഒരേക്കറിനു് കരം നിർണ്ണയിച്ചിരിക്കുന്നു. അത്ര വളരെ ഫലപ്രദങ്ങളല്ലാത്ത ഭൂമികളെ സംബന്ധിച്ചുള്ള നിരക്കുകളാണു് ഇവിടെ പറഞ്ഞതു. ഇതിനുംപുറമേ ഈ വസ്തുക്കളിൽ വൃക്ഷങ്ങളുണ്ടെങ്കിൽ അതിനു പ്രത്യേകം കരവും നിശ്ചയിച്ചിട്ടുണ്ടു. ഈ കരത്തെയാണു് സെറ്റിൽമെൻറുകരമെന്നു പറയുന്നതു്. ഡ്രൈലാൻറു കൃഷി ചെയ്തിട്ടുള്ള ഭൂമി ആണെങ്കിൽ അതിൽ നിൽക്കുന്ന വൃക്ഷങ്ങൾ ആദ്യമേ തരംതിരിക്കുന്നു. ആദായക്രമമനുസരിച്ചു് തെങ്ങിനെ ഒന്നു, രണ്ടു, മൂന്നു നാലു് ഇങ്ങനെ നാലായി തരംതിരിക്കുകയും അതിലേക്കു പ്രത്യേകം കരം നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ടു്. ഈ കരവും കൂടികണക്കാക്കുമ്പോൾ ഒരേക്കറിനു് ശരാശരി ഒരു രൂപവരെയും കൂടുതലും കരം കൊടുക്കേണ്ടി വരുന്നുണ്ടെന്നു കാണാവുന്നതാണു്. നിലങ്ങളുടെ കാര്യത്തിൽ ഇതുതന്നെയാണു് അനുഭവം. ഒരു പറ നിലത്തിനു്, നെടുമങ്ങാട്ടുള്ള ചില നിലങ്ങളെ ഒഴിച്ചാൽ, സാധാരണ ഏഴര ഇടങ്ങഴി നെല്ലുമുതൽ പത്തു പറ നെല്ലുവരെ കരം നിശ്ചയിച്ചിട്ടുണ്ടു്. എന്നാൽ നെടുമങ്ങാട്ടുള്ള ചില നിലങ്ങൾക്കു് ഒരു പറക്കു് അഞ്ചര ഇടങ്ങഴി നെല്ലേ കരമുള്ളു. പഴയ സെററിൽമെൻറു ചട്ടമനുസരിച്ചു് ഡ്രൈലാൻറിനും വെററ്ലാൻറിനും ഇന്നത്തെ ബേസിക്ക്ടാക്സ് മൊത്തത്തിൽ ഗുണപ്രദമാണെന്നു കാണിക്കുവാനാണു് ഞാനിത്രയും പറഞ്ഞതു്. വേറൊന്നു് ൧൦൯൭-ാമാണ്ടു നടപ്പിൽവരുത്തിയ റിവൈസ്ഡ് പുതുവൽ ചട്ടപ്രകാരം ഒരേക്കർ ഭൂമിക്കു ഒരു രൂപ മുതൽ പതിനഞ്ചുപണംവരെ കരം ചുമത്തിയിരിക്കുന്നു. ആ നിലക്കു പഴയ സെററിൽമെൻറുകരമോ റിവൈസ്ഡ് ചട്ടപ്രകാരമുള്ള കരമോ പുതിയ ഈ ബേസിക്ടാക്സിനേക്കാൾ ഒരിക്കലും കുറഞ്ഞിരിക്കുന്നില്ല എന്നു കാണാൻകഴിയും. എന്നാൽ ഏക്കറിനു നാലു ചക്രം മാത്രം കൊടുത്തുകൊണ്ടിരിക്കുന്നവക്കു്, ഇപ്പോൾ ൨൭ ചക്രം കൊടുക്കേണ്ടേ എന്നാണു് മറെറാരു ചോദ്യം. എന്തെങ്കിലും ഒരു പരിഷ്കാരം വരുത്തുന്ന ഈ അവസരത്തിൽ എല്ലാത്തോതിലുമുള്ള എല്ലാവരേയും എണ്ണി എണ്ണി തൃപ്തിപ്പെടുത്താൻ സാധിക്കുകയില്ല. പൊതുവെ ഒരു ന്യായം സ്വീകരിക്കുവാനേ ഒക്കുകയുള്ളു. മി. നാരായണക്കുറുപ്പു്, ഇവിടെ പ്രസ്താവിക്കുകയുണ്ടായി ഏക്കറിനു നാലുചക്രം വീതം കരമുള്ള അനവധി ഏക്കർ സ്ഥലങ്ങൾ ഇവിടെ ഉണ്ടെന്നു്. ഉണ്ടായിരിക്കാം. എന്തുകൊണ്ടു ഈ സ്ഥലങ്ങൾ കൃഷിചെയ്തുകൂടാ? ഒന്നും കൃഷി

ചെയ്യാതെ ഭൂമി തരിശായി ഇടുന്നതുതന്നെ രാജ്യക്ഷേമകരമായ ഒരു പ്രവൃത്തിയല്ല. അതുകൊണ്ട് അത്തരം ഭൂമികൾ കൃഷിചെയ്കയും അതിൽനിന്നും ആദായം എടുക്കാൻ ശ്രമിക്കയും ചെയ്യണം. അഥവാ അവർ കൃഷിചെയ്യുന്നില്ലെങ്കിൽ വേണ്ട, ബേസിക് ടാക്സ് കൊടുക്കണം.

Mr. K. C. Chandy : എത്ര ശ്രമിച്ചാലും ഫലമൊന്നുമുണ്ടാകാത്ത ഭൂമിയാണെങ്കിലോ?

Mr. G. Revi Varma : അങ്ങനെയുള്ള സ്ഥലങ്ങൾ കൈവശംവെച്ചുകൊണ്ടിരിക്കേണ്ട ആവശ്യമില്ല. ചില്ലറയായി കിടക്കാൻ സ്ഥലമില്ലാത്തവർക്ക് അവ വീതിച്ചുകൊടുക്കണം. (അവരുടെ പ്രയത്നവും തുമ്പായുംചെല്ലുമ്പോൾ ആ സ്ഥലങ്ങൾ ഫലഭൂയിഷ്ഠമാകും) സ്ഥലം ഒരുവിധത്തിലും ഉപയോഗപ്പെടുത്താതെയിരിക്കുന്നതു രാജ്യത്തിനു ദോഷകരമാണു. ൨൦൦൦-ം, ൩൦൦൦-ം ഏക്കർ ഭൂമി കൈവശംവെച്ചിരിക്കുന്നവർ നല്ല വില കിട്ടുമ്പോൾ വില്ക്കാമെന്നുള്ള ഉദ്ദേശത്തിൽ കൃഷിചെയ്യാതെ വെറുതെ ഇട്ടിരിക്കുന്നു. അങ്ങനെ ഭൂമി തരിശായി ഇടുന്നതിനു അനുവദിക്കരുതു. അത്രയും ഭൂമി എടുത്തു വീതിച്ചു മറ്റുള്ളവർക്കു കൊടുക്കുന്നതായാൽ അവർ അതിൽ ഭംഗിയായി കൃഷിചെയ്യുന്നതാണ്. ഏക്കറിനു ഇപ്പോൾ നാലുചക്രം കരമേ ഉള്ളു എന്നു വിളിച്ചുകൊണ്ടിരിക്കുന്ന ബഹുമാനപ്പെട്ട മെംബറന്മാർ അതിൽ കൃഷിചെയ്തു ഉണ്ടാകുന്ന വൃക്ഷങ്ങൾക്കു എത്രകരം വരുമെന്നുകൂടി ആലോചിക്കേണ്ടതാണ്. അതുകൂടി കണക്കാക്കുന്നപക്ഷം ഏക്കറിനു ൨൫ ചക്രത്തിൽ കൂടുതൽ വരും.

വെറ്റ ലാൻഡിനെ സംബന്ധിച്ചിടത്തോളം സാധാരണ നിലയ്ക്കു പറ ഒന്നിനു ഏഴര നെല്ലുമുതൽ പത്തു പറ നെല്ലും നെടുമങ്ങാട്ടുതാലൂക്കിൽ ആനശല്യമുള്ള ചില സ്ഥലങ്ങളിൽ ഒരു പറനിലത്തിനു അഞ്ചര ഇടങ്ങഴി നെല്ലും കരം ഈടാക്കിവരുന്നു. പത്തുപറനെല്ലു കരം കൊടുത്തു വരുന്നവരും അഞ്ചര ഇടങ്ങഴി നെല്ലു കരം കൊടുത്തുവരുന്നവരും ഈ പുതിയ സമ്പ്രദായമനുസരിച്ചു ഒരേനിരക്കിലുള്ള കരം കൊടുക്കേണ്ടിവരുകയില്ലേ എന്ന ചോദ്യമുണ്ടാകാം. ഈ നിലങ്ങളിൽനിന്നും മറ്റും ഇപ്പോൾ കിട്ടിവരുന്ന ആദായത്തെപ്പറ്റിയും അന്വേഷിച്ചറിഞ്ഞു ന്യായമായ വിധത്തിലുള്ള കരം നിശ്ചയിക്കുന്നതിനും മറ്റുമായി ഒരു സ്പെഷ്യൽ ആഫീസരെ നിയമിക്കാൻ പോകുന്നുവെന്നുള്ള അദ്ധ്യക്ഷൻ അവർകളുടെ പ്രസ്താവന ഈ ചോദ്യം ചോദിക്കുന്നവരെ സമാധാനപ്പെടുത്തുമെന്നാണു എന്റെ വിശ്വാസം. എങ്കിലും നിലങ്ങൾക്കു സെന്റിനു മൊത്തം നാലുകാശു എന്നുള്ള ഇപ്പോഴത്തെ റേറ്റ് കഴിയുമെങ്കിൽ ഭേദപ്പെടുത്തേണ്ടതാണ്.

[Mr. G. Revi Varma]

സർ, നിലങ്ങളിൽതന്നെ രണ്ടിനങ്ങളുണ്ട്. അതായത് ഒരുപ്പൂനിലവും ഇരുപ്പൂനിലവും. അതുപോലെ ഡ്രൈലാൻഡിനെ സംബന്ധിച്ചും രണ്ടുതരത്തിലുണ്ട്; കൃഷിചെയ്യുന്നസ്ഥലങ്ങളും കൃഷിചെയ്യാത്ത തരിശുഭൂമികളും ഇങ്ങനെ തരാതരങ്ങളായിതിരിച്ച് ഓരോ പ്രത്യേകം ഇനങ്ങൾക്കും എത്രയാണ് ഇടേണ്ടതെന്ന് പ്രത്യേകമായി ആലോചിക്കേണ്ടതാണ്. കൃഷിചെയ്യാതെ തരിശായി അഞ്ചേക്കറിൽ കൂടുതൽ സ്ഥലം ഒരാളിന്റെ കൈവശമിരുന്നുകൂടാ. അഥവാ ഉണ്ടായിരുന്നാൽ അതുകൾക്ക് കൂടുതൽകരം ചുമത്തേണ്ടതാണ്. അഗ്രികൾച്ചറൽ ഇൻകം ടാക്സ് ആണെങ്കിൽ ആദായം കിട്ടുന്നവരിൽനിന്നാണ് ഈടാക്കാൻ പോകുന്നതെങ്കിൽ ആ തുക കുറേക്കൂടി കുറച്ചാൽകൊള്ളാം. ആണ്ടിൽ ൫൦൦൦ രൂപ ആദായമുള്ളവരിൽനിന്നും ടാക്സ് ഈടാക്കണമെന്നാണ് എന്റെ അഭിപ്രായം.

Mr. K. C. Chandy: Supplementary to the observations I made during the general discussion of the budget, I may add a few remarks on the proposed reform of land tax. The trend of the discussions here has revealed the fact that this scheme, if put into operation, will bring in more inequality than was anticipated. My honourable friend, Mr. Raja, referred to the increased basic tax the owner of a 13th tharam land would have to pay. That owner till now paid only 4 chs. per acre. All his endeavours to bring his property to a fertile condition failed. Yet, he will have to pay enhanced tax now, while a person who is blessed with a fertile land will also pay only at the same rate.

One principle of taxation is that taxation must be according to the ability to pay and in deciding the ability to pay, the economic condition of the agricultural population which is going to be affected by the scheme has also to be considered. The other House voted out an amendment to the Debt Relief Act which sought to reduce the number of permissible defaults. That is a pointer to the fact that the indebtedness of the middle class agriculturist still subsists. This is known to the people having anything to do with Courts of law.

President: But the records of the various banks are slightly different. There are now only very few people who remain without paying up their debts.

Mr. K. C. Chandy: Then, has the agriculturist benefited during the war? He has not. As I submitted, the agricultural income has not increased. As Mr. W. A. Langley has pointed out,

in a letter to the editor of the 'Hindu' dated 7th April 1945, as far as the agriculturist is concerned, inflation is on the side of expenditure and not of receipts. And in the Leader of the "Hindu "dated" the 20th June from which Sir, you quoted during your speech in the Joint Session, we have the cause of the agriculturist put very strongly in these words. "The war-time rise of agricultural prices has produced the illusion of prosperity which the Government are eager to cash in on conveniently forgetting that economically speaking the agriculturist is actually worse of than before the war, since while the prices of his produce are strictly controlled, cultivation and living expenses have multiplied fourfold". Hence, Sir, I submit that it will be better wisdom not to kill the goose that lays the golden egg, by giving effect to the proposed reform of land tax.

Mr. G. Narayana Aiyar : Sir, in supporting the Demand I should like to submit that in fixing the basis for the proposed new agricultural income tax, it will be advisable to take the average rates of income and price for a period of the previous six years and then fix a fixed standard income and price of agricultural products as has been done for the settlement of jenmikaram cases. There may be periods when the inflation prices will be prevailing as well as periods when prices are very low. I should like to point out another irregularity. Even though Government have fixed the price of paddy at Re. 1 annas 8 per parah for their purchase, we find the Taluk authorities sending nirak rates to Civil courts fortnightly wherein the price of paddy is fixed at Re. 1 chs. 25 or Re. 1 chs. 26 per parah on the ground of prevailing rates. Such a valuation statement works great hardship especially in civil courts whose nirak rates are relied on. Lessors can refuse to the delivery of paddy pattom which if they sell to Government can get only Rs. 1 1/2 per parah but if they go to courts of law with a suit they can evade the said rate and get at the nirak rate which is higher. This is inconsistent. Those who are entitled to get paddy from their debtors can get over the Government order by having recourse to a Court of law. This gives rise to serious troubles and therefore requires consideration. Even in Registration offices, in ascertainly the Stamp and Registration fees, instead of valuing paddy by the rate of Rs. 1-8-0 per parah fixed by Government Sub-Registrars value paddy etc, on the statement furnished by the Taluk authority and realise registration fees on that basis. The Nirak rates prevail with them. The Registration Offices demand fees according to nirak rates which reacts on the agriculturists. That is a very objectional procedure. There is no meaning in Government publishing one rate for one purpose and

[Mr. G. Nārayana Aiyar]

another rate for a different purpose. If and when a rate is published, the Government should adopt that rate for realisation purposes throughout.

Another matter which I wish to point out to Government is the uneasiness caused to copyists in the Revenue Department in view of the very small amount they get per mensem as remuneration. At the time when copyists were appointed, certain rates of amounts were expected to be paid to them per mensem. That has become impossible in view of the irresponsible appointments. Those who are not fit for any responsible work are sent out as revenue copyists. In actual practice, the income which they now get per mensem is very nominal. Only a very nominal income below Rs. 10 per mensem is being received by revenue copyists per mensem on an average and that is opposed to the directions laid down. Under Section 21 of the Code of Instructions published in Revenue Manual Vol. III page 434 it is observed that when the appointment of revenue copyists is to be made, the number of copyists to be entertained in an office should however be not more than the number actually required for the work, roughly on the basis that a copyist is expected to copy 12 sheets of paper which is considered to be a full time work for a copyist. Calculated at this rate the amount he is expected to earn in a month is as per the rate fixed there is something like 150 fanams per month taking 25 days as the working days in a month. Now-a-days a copyist is not getting even 10 rupees on an average because the number appointed is very large. This is a hard state of affairs. In the recent orders for revising the pay of even the menials, Government have by their order dated 25-7-45 published in the Government Gazette observed in paragraph 10 as follows :

"Full-time menial paid from contingencies whose pay is less than that of permanent peons to be given Rs. 14 in..................."
That the revenue copyists should get a lesser income than menials is very deplorable and has to be remedied. But the revenue copyists are asked to attend along with their legitimate work to other clerical work as well. Moreover there is an anomaly in this system which is quite peculiar. Out of 3 1/2 chs which is the value of each copying paper, the copyists get only 2 chuckrams as remuneration for a copying paper copied by him. One fourth chuckram goes as remuneration for comparing work for each paper compared by the clerk. In no department other than this fees for comparing work are paid to comparing clerks. There is the comparing work in the Civil courts, Magistrate courts and other places

where the comparing work is attended to by other clerk of such institutions. They do not get any fees for that purpose. So my submission is that the copyists must be given a better rate and they must be paid at least Rs. 20 a month and made permanent Government servants like other copyists. Something like the Income Tax Tribunal established in Madras and other Provinces in British India may be introduced into Travancore as well for the efficient working of the Income Tax subject. In my opinion that will be a source of relief to the administration of Income tax work in the State.

Mr. A. N. Satyanesan : സർ, തിരുവിതാംകൂർ മററു പല സംഗതികളിലും എന്നപോലെതന്നെ ഭൂനികുതിയിലും മാതൃകാപരമായ ഒരു ചരിത്രം സൃഷ്ടിക്കുകയാണ് ചെയ്തിരിക്കുന്നത്. നിലവിലിരിക്കുന്ന ഭൂനികുതി ഏർപ്പാട് ൧൦൬൧-ൽ ആരംഭിച്ച് ൨൫ വർഷം കൊണ്ടവസാനിച്ച ഒരു കണ്ടെഴുത്തിന്റെ ഫലമാണ്. ആ കണ്ടെഴുത്തു മുപ്പതു കൊല്ലം നിലനിൽക്കുന്നതാണെന്നും അന്നു പ്രഖ്യാപനം ചെയ്തിട്ടുണ്ട്. അതുകൊണ്ടാണ് ൧൧൧൬ മുതൽക്ക് പ്രത്യേക നിലയിൽ ഭൂനികുതിഭാരം അനുഭവിച്ചുകൊണ്ടിരുന്ന പ്രദേശങ്ങളിൽ നിന്ന് വലിയ പരാതികൾ ഇതു സംബന്ധിച്ച് പുറപ്പെടുവിക്കുകയും, ഒരു പുതിയ കണ്ടെഴുത്തു നടത്തി നികുതി പിരിക്കുന്ന കാര്യത്തിൽ ഒരു ഏകീകരണം ഉണ്ടാക്കണമെന്നാവശ്യപ്പെടുകയും ചെയ്തത്. ചിലപ്രദേശങ്ങൾ കൈയേററം നടത്തി ധാരാളം ആദായം സംഭരിക്കാവുന്ന തോട്ടങ്ങളും മററുമാക്കി അനുഭവിക്കുന്നവരുണ്ടെങ്കിലും ദീർഘകാലമായി യാതൊരു കരവും കൊടുക്കാതെ കഴിച്ചുകൂട്ടുകയുമാണ്.

Mr K. C. Chandy : അങ്ങനെയുള്ളവരുടെ പേരിൽ കേസ്സെടുക്കുന്നതിലേക്കായി ലാൻഡു കൺസർവെൻസി ആക്ടുള്ളതായി മെമ്പർക്കറിയാമോ?

Mr. A. N. Satyanesan ; അറിയാം, അതനുസരിച്ച് ചിലരുടെപേരിൽ കേസ്സെടുത്തിട്ടുണ്ടാവാം. എന്നാൽ ധാരാളം പേർ ഇപ്പോഴും കരം കൊടുക്കാതെ അനുഭവിക്കുന്നുണ്ട്.

നിലവിലിരിക്കുന്ന ഭൂനികുതി നീതിപൂർവ്വമായ അടിസ്ഥാനത്തിലോ, ശാസ്ത്രീയമായ അടിസ്ഥാനത്തിലോ ഏർപ്പെടുത്തിയിട്ടുള്ള ഒന്നല്ലെന്ന് വ്യക്തമാണ്. അതുകൊണ്ട് ഈ ഏകീകരണം ജനക്ഷേമത്തെ സംബന്ധിച്ചിടത്തോളം എത്രയും സംതൃപ്തികരമാണ്.

എന്നാൽ സ്റേററുകാൺഗ്രസ്സു പാർട്ടി ഇതു സംബന്ധിച്ചു പ്രഖ്യാപിച്ച നയം വിധ്വംസകമായിട്ടുള്ള ഒന്നാണെന്നു ചൂണ്ടിക്കാണിക്കേണ്ട ചുമതല എനിക്കുണ്ടെന്ന് ഞാൻ വിചാരിക്കുന്നു. അവർ പറയുന്നതു

[Ma. A. N. Satyanesan]

ബേസിക്ടാക്സുതന്നെ ആവശ്യമില്ലെന്നും, ഭൂനികുതി എന്ന ഇടപാടുതന്നെ ഈ രാജ്യത്തുനിന്നും നിഷ്കാസനം ചെയ്യുക എന്നുള്ളതാണു അവരുടെ സുനിശ്ചിതമായ നയമെന്നും ആണ്. അതു തികച്ചും വിപ്ലവാത്മക പരമാണ്. രാജസ്ഥാനവും, പ്രജാവലിയും തമ്മിലുള്ള അഭേദ്യമായ ബന്ധം എന്നനിലയിലാണ് ഭൂനികുതി ഏർപ്പാട് രാജ്യത്തുനിലനിന്നുപോരുന്നത്. അതു നിശ്ശേഷം ബഹിഷ്കരിക്കുക എന്നുള്ളതു് പരമ്പരാസിദ്ധമായ ആ ബന്ധത്തിന് ശൈഥില്യം ഉണ്ടാക്കുക എന്നുള്ളതാണ്. സ്റ്റേററുകാൺഗ്രസുപാർട്ടി ആദ്യകാലത്തുതന്നെ സങ്കൽപ്പപരമായ ഒരു പ്രഖ്യാപനം ചെയ്തതു അവർ ഉദ്ദേശിക്കുന്ന ഉത്തരവാദഭരണം കൈവരുമ്പോൾ ഭൂനികുതി മുഴുവൻ ഇല്ലാതാക്കുമെന്നാണ്. അതിനെ മുറുകെപിടിച്ചായിരിക്കാം അവർ ഇപ്പോഴും ഇങ്ങനെ പ്രസ്താവിക്കുന്നതു്. എന്നാൽ അങ്ങു്, ഇവിടെ ബേസിക്ടാക്സു ഏർപ്പെടുത്തിയതു്, ഭൂനികുതിയിൽ ഒരു ഏകീകരണം ഉണ്ടാക്കിയതു്, തിരുവിതാംകൂറിൻെറ ചരിത്രത്തിൽ മാത്രമല്ല, ഇൻഡ്യാചരിത്രത്തിൽ തന്നെ മഹനീയമായ ഒരു സംഭവമായി രേഖപ്പെടുത്തത്തക്കതാണ്.

Mr. Paul A. Thaliath : സർ, ഭൂനികുതി ഏർപ്പാട് നിർത്തലാക്കി. അതിനു പകരം കാർഷികാദായനികുതി ഏർപ്പെടുത്തുവാൻ തീരുമാനിച്ചുപോയതായി ദിവാൻ പ്രസിഡൻറവർകളുടെ പ്രസ്താവന കൊണ്ടു് അറിഞ്ഞുകഴിഞ്ഞു. ഗവണ്മെൻറു ഈ തീരുമാനം ചെയ്തതു പൊതുജനങ്ങളുടേയും നിയമസഭകളുടേയും അഭിപ്രായംകൂടി അറിഞ്ഞു കൊണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ ഇതു സംബന്ധമായി ജനങ്ങൾക്കു ഉണ്ടായിരിക്കുന്ന പരിഭ്രാന്തി കാണുകയില്ലായിരുന്നു. ഏതായാലും കാർഷികാദായനികുതി ചുമത്തുവാൻ ഗവണ്മെൻറു തീരുമാനിച്ചനിലയ്ക്കു ഇനി അതിൻെറ പ്രവർത്തനരീതിയെ പററി മാത്രം എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിക്കുന്നുള്ളു.

സർ, ഒരു പദ്ധതി വിജയിക്കുന്നതു് പ്രായോഗികമായ അതിൻെറ നിർവഹണസമ്പ്രദായത്തിലാണു. കാർഷികാദായനികുതി ഏതു രീതിയിലാണ് ഗവണ്മെൻറു പിരിക്കുവാൻ നിശ്ചയിച്ചിരിക്കുന്നതെന്നുള്ളതിൻെറ പൂർണ്ണരൂപം ഇപ്പോഴും അറിഞ്ഞുകൂടാ. ആദ്യമായി ഒരേക്കറിനു ഒരു ചക്രം ബേസിക്ക് ടാക്സ് ഇടാക്കണമെന്നാണ് അറിയുന്നതു്. വടക്കൻ തിരുവിതാംകൂറിലുള്ള മിക്ക സ്ഥലങ്ങൾക്കും ഇതിനേക്കാൾ കുറഞ്ഞ കരം മാത്രമേ ഇപ്പോൾ ചുമത്തപ്പെട്ടിട്ടുള്ളു.

അതിനാൽ ബേസിക്ക് ടാക്സിൻെറ റേറവ കുറെക്കൂടി കുറക്കേണ്ടതാണ്. അല്ലാത്തപക്ഷം വടക്കൻ തിരുവിതാംകൂറുകാർക്ക് കൂടുതൽ നഷ്ടത്തിന് ഇടവരും.

രണ്ടാമത്തെ ഈ കാർഷികാദായനികുതി ഈടാക്കുന്നതിൽ റവന്യൂ അധികാരികൾക്ക് യാതൊരു കയ്യും ഉണ്ടായിരിക്കയതെന്നു പ്രത്യേകം വ്യവസ്ഥചെയ്യണം. ഇവരിൽനിന്നും ഞങ്ങൾക്ക് ഇതുവരെ പ്രത്യേകിച്ചു യുദ്ധം തുടങ്ങിയതു മുതൽ സങ്കടകരങ്ങളായ അനുഭവങ്ങളാണ് ഉണ്ടായിട്ടുള്ളതു്. വിശ്വാസയോഗ്യമുള്ളവരും സത്യസന്ധന്മാരുമായ ആളുകൾ ഇവരിൽ അധികം കാണുകയില്ല.

Mr. K. C. Chandy : ഇൻകം ടാക്സ് ഉദ്യോഗസ്ഥന്മാർ സാധാരണ റവന്യൂ ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടനുസരിച്ചാണ് ആദായനികുതി ചുമത്തുന്നതെന്നു ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

Mr. Paul A. Thaliath : അതുകൊണ്ടാണ് റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് യാതൊരു അധികാരവും കൊടുക്കരുതെന്നു പറയുന്നതു്. സത്യസന്ധന്മാരും യോഗ്യന്മാരുമായ ഉദ്യോഗസ്ഥന്മാരെ മാത്രമേ ഇതിലേക്ക് നിയമിക്കാവൂ. ആദായനികുതി തിട്ടപ്പെടുത്തുന്നകാര്യത്തിൽ ഈ ഉദ്യോഗസ്ഥന്മാരെ ഉപദേശിക്കുവാൻ താലൂക്കുതോറും ഓരോ ബോർഡുകൂടി ഉണ്ടായിരിക്കുന്നതു കൊള്ളാമെന്നു എനിക്കു തോന്നുന്നു. ഓരോ താലൂക്കിലും സ്ഥാപിക്കപ്പെടുന്ന ബോർഡ് ഇൻകം ടാക്സ് കലക്ടർ അതാതു സ്ഥലങ്ങളിൽ വരുമ്പോൾ ഇൻകം ടാക്സ് എങ്ങിനെ ഈടാക്കണമെന്നും മററും അദ്ദേഹത്തിനെ ഉപദേശിക്കണം.

President. Will that not create a lot of complications?

Mr. Paul A. Thaliath : അസസ്സ്മെൻറിൽ അവർ കൈകടത്തണമെന്നല്ല ഞാൻ പറഞ്ഞതു്. ഏതെങ്കിലും ഒരു സ്ഥലത്തുള്ള ഒരേക്കർ ഭൂമിയിൽനിന്നു ഇത്ര തേങ്ങകിട്ടും, അതിനു ഇന്ന വിലകിട്ടും, അങ്ങിനെ ആ ഭൂമിയിൽനിന്നും ഇത്ര ആദായംകിട്ടും എന്നിങ്ങനെയുള്ള കാര്യങ്ങളിൽ ഇൻകംടാക്സ് കലക്ടർക്ക് സ്ഥലപരിചയക്കുറവുനിമിത്തം ശരിയായി പരിജ്ഞാനം ഉണ്ടായിരിക്കുന്നതല്ല. അതുകൊണ്ടു അവരെ ഉപദേശിക്കുവാൻ ഒരു ബോർഡ് ഉണ്ടായിരിക്കുന്നതു നല്ലതാണ്. ഈ വക കാര്യങ്ങളെപ്പററി സമഗ്രമായി ആലോചിക്കുന്നതിനു ഇപ്പോൾ ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചിരിക്കുകയാണല്ലോ. അദ്ദേഹത്തിൻെറ റിപ്പോർട്ടു വന്നതിനു ശേഷമേ ഇതു നടപ്പിൽ വരുത്തുന്നുള്ളു എന്നും പ്രസ്താവിച്ചല്ലോ. അദ്ദേഹത്തിൻെറ റിപ്പോർട്ടുവരുത്തി വീണ്ടും

[Mr. Paul A. Thaleath]

പൊതുജനങ്ങളുടെയും നിയമസഭകളുടെയും അഭിപ്രായം അറിഞ്ഞതിനു ശേഷം ഇതു നടപ്പിൽ വരുത്തിയാൽ കൊള്ളാമെന്നും എനിക്കു അഭിപ്രായമുണ്ട്. അതുതന്നെയും നിയമസഭകളാൽ പാസ്സാക്കുന്ന ഒരു ആക്ട് മൂലം നടപടിയിൽകൊണ്ടുവരേണ്ടതാണ്.

Mr. K. A. Raman Pillai: Sir, may I point out one matter in this connection. One honourable member says that popular opinion should be invited regarding the reform in the land tax. May I ask which is the best method of ascertaining public opinion. Is not this House a suitable channel for voicing popular opinion? Now the principle of the introduction of basic tax has been applauded and approved by the sister House. I do not see what more is required for ascertaining public opinion. Now, this House is called upon to express their views on the matter.

Mr. Paul A. Thaliath: ഏതു ആശയവും പൊതുജനങ്ങളുടെ അല്ലെങ്കിൽ പൊതുജനപ്രതിനിധികളുടെയെങ്കിലും നിർദ്ദേശങ്ങൾകൂടി അറിഞ്ഞു പ്രവർത്തിക്കേണ്ടതാണ്. ഈ സംഗതിയിൽ ഗവൺമെണ്ടിന്റെ ശ്രദ്ധ വേണ്ടവിധം പതിയുമെന്നു വിശ്വസിക്കുന്നു.

Mr. G. Narayanan Tampi: Sir, after amplification of the scheme from the Chair, in the course of the general discussion, there is hardly any possibility of adding a single word to elucidate the position of Government. My esteemed and honourable friend Mr. G. Narayana Iyer.—

Mr. K. S. Joseph: Sir, on a point of information. Don't we have two hours for the subject?

President: Originally, Land Revenue included the Income Tax department as well. Now, they have been separated.

Mr. G. Narayanan Tampi: As I was saying, Sir, my esteemed friend Mr. Narayana Iyer has made a detailed exposition of the whole position. After closely following the discussion on the floor of this House, I have been able to gather that there is really a consensus of opinion in support of the principle underlying the new scheme. After all, the contention, if there be any, is only with regard to the details of the *modus operandi* in actually implementing the proposed system of taxation. It is gratifying to note that there has been no opposition to the scheme itself, either in this house or elsewhere. My esteemed friend Mr. K. C. Chandy has, however, thought it fit to enter an emphatic protest against the suggested change. No doubt, he is actuated by the best of motives. The Honourable Member apprehends that this may cause considerable hardship to the poor ryots, especially those in Central

and North Travancore. I would assure him, both as a Member representing Government and as a ryot myself, that there is absolutely no ground for any such apprehension.

Sir, what is taxation? There is hardly any necessity to explain it before this House it would be like carrying coals to Newcastle. Nevertheless, it has to be remembered that those who own land and take the yield out of that land have to pay to the State a proportion of their income from the land in the shape of land tax. It is well known that the existing rate of land tax bears a definite proportion to the approximate income from the various classes and types of lands throughout the State, as estimated during the last Settlement about 50 years ago. Conditions have changed almost beyond recognition during these years. Hence a resettlement is long overdue. But then there is the enormous expenditure, time and labour involved in completing a fresh settlement; and the resultant benefit may not be commensurate with the outlay on the scheme. It is therefore proposed that, instead of laboriously finding out the standard of productivity in respect of the numerous types and classes of land throughout the State, a better plan would be to abolish the land tax as such and institute a nominal basic tax at a uniform rate without advertence to the kind or quality of the land concerned. In any event, land tax must have a direct bearing on the actual income that may be derived by the owner from a particular item of landed property. It is therefore in the fitness of things that the income from such property is itself assessed, and not the property as such, in the same manner in which income from other sources is assessed to income tax. Apart from the possibility of harassment by subordinate officials in actually assessing the income of individuals from purely agricultural sources, there can be no objection to this new method of assessment in lieu of the antiquated method of land tax based on the possible productivity of lands in various localities. As for the chances of harassment by subordinate officials, I would assure the house that the most effective safeguards will be provided. It is only the actual net income of an individual, or group of individuals as in the case of a joint family, supported by correct accounts, that will come in for the new incidence. There is then the corresponding advantage that no land tax as such need be paid at all, the basic tax being but a mere symbol of allegiance to the Sovereign.

Our land tax used to be the main source of revenue to the State till some years ago because land used to be practically the only source of wealth for the people. Till the year 1040 M. E., all land in the State was absolutely State property, the cultivators having merely the occupancy rights of tenants at will. In 1040,

[Mr. G. Narayanan Tampi]

there was the famous Pattom Proclamation promulgated by His Highness Maharaja Ayilyam Tirunal. This Proclamation is rightly known as the Magna Carta of the ryots of Travancore because it gave them the rights of regular ownership in respect of the lands under their occupation. Thereafter, came the settlement.

As the honourable member Mr. Satyanesan has pointed out, it was in 1058 M. E., that is, about 18 years after the promulgation of the Pattom Proclamation, that regular settlement operations were started. And what is Settlement? It is not merely "കണക്കെടുപ്പ്" as stated by the honourable member Mr. Revi Varma, although that is the Malayalam equivalent of the expression settlement. Strictly speaking, it is a process of "[illegible]" by which the actual fertility of the soil and the yield from the standing trees are carefully observed and recorded.

Mr. G. Revi Varma: [illegible] "[illegible]" [illegible] [illegible] [illegible]?

Mr. G. Narayanan Tampi: അറിയാം. For the purpose of the above settlement, the first step was the land survey. Side by side with the survey, there was the തണ്ടപ്പേര് enquiry, that is, the registration enquiry. Thus the entire extent of lands forming each pakuthy, comprising several survey numbers, was settled by fixing the assessment under numerous categories and patta granted to the rightful owner in respect of each sub-division. We have over 400 pakuthies, and each Pakuthy has a Settlement Register---what is known as the 'A' Register—containing these details. As complementary to the 'A' Register, there is also the 'B' Register; recording from time to time variations in title by reason of sale or inheritance. It took us over 30 years to complete the above Settlement. Is it now worthwhile to repeat the process and wait for another 30 years to complete it? I am sure the honourable members would prefer the simplified process now proposed by Government.

Under the present system, lands are divided into two Inams, Wet and Dry; and each group has been sub divided into various Tharams namely, 13 Tharams, both Wet and Dry, although there is a 14th Tharam in the case of wet lands in certain taluks such as Ambalapuzha, Nedumangadu and Vilavancode, as pointed out by the honourable member Mr. Revi Varma. In this connection, I may refer to the statement made by the honourable member Mr. Chidambarathanu Pillai that land tax in South Travancore at present goes up to as much as Rs. 37 per acre. May I point out to the honourable member that this is not merely land tax properly so-called, but includes also water cess which is a special feature in

South Travancore where the lands require expensive irrigation facilities and yield correspondingly better crops than in other parts of the State. So far as the Settlement Records go, the maximum rate for the First Tharam double crop wet lands, that is, in the Thovala and Agasteeswaram taluks, amounts only to Rs. 25 Chs. 14 and C. 3. This is the highest rate extant under the present Settlement.

Mr. T. M. Chidambarathanu Pillai: Are there not exceptions in the Ananthapuram pakuthy?

Mr. G. Narayanan Tampi: May be, Sir. At the same time the lowest figure is 18 Ch. and C. 2 for the 14th Tharam wet land single crop; and there are numerous variations in between.

Mr. K. C. Chandy: Is not the same rule available in respect of lands in the first tharam in North Travancore?

Mr. G. Narayanan Tampi: No Sir. The rate of tax for particular Tharams varies in accordance with the localities concerned. There are, as I was saying, 15 Tharams of dry land. The highest rate of tax, that is, for the First Tharam is 25 fanams per acre, and not 15 fanams as stated by Mr. Revi Varma.

Mr. G. Revi Varma: I said 15 fanams.

Mr. G. Narayanan Tampi: Quite so, Sir. The 15 fanams rate is what has been subsequently fixed under the Puduval Rules and not the settlement tax. The lowest dry assessment that is for the 14th Tharam is one fanam. Added to all these, there is also the tree tax as a separate item in varying rates, for instance, one chuckram to four chuckrams per tree in the case of cocoanut trees. Of course there are other kinds of yielding trees as well. Thus the enormous variations brought about by the permutation and combination of the various Tharams and the two Inams, with the additional differences on the score of the varying conditions in different localities, will give an idea of the unnecessary complexity and magnitude of the present land tax system. It is just for the purpose of simplifying matters in such a manner as to enure to the best advantage of the ryot on the one hand, and the Government on the other, that the new scheme is being initiated.

President: The member will finish soon.

Mr. G. Narayanan Tampi: Yes Sir, I shall conclude presently. The honourable member Mr. Paul Thaliath has stated that public opinion with regard to the new scheme has not yet been obtained by Government. I would assure the House that public opinion is being obtained and that the fullest measure of consideration will be given to such opinion that is furnished to Government. They have already appointed an experienced Revenue Officer as Special Officer for working out all the details of the scheme; and

[Mr. G. Narayanan Tampi]

he has been charged with the responsibility of contacting representatives of all kinds of landed interests, including the Jenmis and Madampies, throughout the State. The Division Peishkars too are contacting representative members of the general public and collecting the various views that may be expressed by ryots in different parts of the respective divisions.

Mr N Narayana Kurup: May I know from the Member that according to the new scheme many voters from the voters list will have to be removed.

Mr. G. Narayanan Tampi: That is quite a different affair altogether. After all, Sir, there are only about eighteen thousand Pattadars out of a total population of about 62 lakhs.

President: Before putting the question to the vote I would like to have the opinion of the House on the question whether they assent to the scheme of basic tax and agricultural income tax.

The motion was put and carried, only two Members voting against.

The question that Government be granted a sum of Rs. 13,37 590 under demand X Land Revenue was put and carried. The motion was passed and the grant made.

DEMAND I—EXCISE.

Mr. P. G. Narayanan Unnithan: Sir, I rise to move for a grant of Rs. 12,48,451 under Demand I, Excise Department.

Mr. G. Revi Varma: Sir, I support the demand. I support it not because I have no difference of opinion with regard to the abkari policy of the Government, but because the department's administration is conducted in a systematic and most efficient manner.

Coming to the abkari policy of the Government in recent years I find a big deviation from the policy enunciated in the administration Report of the Department in 1115 M. E. Though I find it said, in all subsequent yearly Administration Reports, that the same policy was all along being continued, the facts are quite against it. Taking the Administration Report for 1119 M. E. the policy of the Government appears on page 10 which reads thus. "The abkari policy of the Government continued to be the same as in previous years as detailed in the Administration Report for 1115". Now take the Administration Report for the year 1115 and what do we find there?

"The Abkari Policy of Government had been declared as the gradual attainment of prohibition. The department has been all along striving along this goal by adopting the following measures

once recognised as important steps leading to prohibition. They are, (1) Reduction of issue strength of Arrack. (2) Enhancement of the tax levied on trees licensed to be tapped for toddy and the excise duty on alcohol. (3) Curtailment of the hours prescribed for the sale of liquor in shops (4) Progressive reduction in the number of shops (5) Introduction of prohibition in certain selected areas according to the will of the people etc. etc".

After 1115 and the enunciation of the policy, the department has not done anything to the attainment of the declared goal. Instead of that from that time onwards every year the shops increased in number, the number of trees tapped increased in large numbers, the quantity of arrack and coco-brandy manufactured increased considerably though it was within the competence of the department to reduce all these. From the year 1117 M. E. to 1119 M. E. a period of two years the proportion of the number of cocoanut trees increased from 1 to 1·78 or nearly double; palmyrah trees 1 to 2½; Choondapana trees 1 to 1⅓ or nearly double. Coming to country spirits and coco-brandy the corresponding proportions from 1117 to 1119 M. E. are 1 to 3½ in the case of country spirits and 1 to 2¼ for coco-brandy. What a mockery to say that all along the Government's goal was the attainment of prohibition? At least let us not be humbugs. That virtuous virgin of 1115 M. E. starting life with pious hopes has become a......I don't say what...in 1119, at the sight of easy money flowing in the country. I could understand, Sir, if the Government is interested in revenue. But without loss of revenue cannot we reduce the quantity of liquor produced in the country? I am not a fanatic of prohibition, but I want temperance in the State. I can understand people taking liquor moderately as a luxury or otherwise, but it should not be the order of the day. It is high time that the Government take serious steps and act up to the policy announced in the Administration Report of 1115 M. E.

In regard to the restrictions of the hours prescribed for the sale of liquor in shops, though there are certain rules they are never exercised. In the matter of issuing temporary licenses the policy of the department is quite objectionable. I had a sad experience of it in the month of Kumbhom this year. I was responsible for the conduct of a festival in a certain temple and just on the 4th or 5th day a temporary liquor shop came into existence in front of the temple. I asked the shop owner whether he had obtained the license for it and he replied that he had got it. If such temporary licenses are given I do not know how people in the State will be able to keep order and conduct such festivals. If along with religious worship the department thinks that liquor should also be supplied, I do not know what the State is going to be.

President: What is the name of the temple?

Mr. G. Revi Varma: It is a Sastha temple in Kilimanoor. There was a cattle market in the fields just in front of the temple. Because the fields were mine I asked the people to get away.

Mr. P. G. Narayanan Unnithan: May I know whether these temporary licenses were given on former occasions?

Mr. G. Revi Varma: No, Sir, not within the last fifteen years. What I mean to say is that there has never been such a period in the history of Travancore, when such a large quantity of liquor was produced in the State. My fear is, Sir, that the future generation is going to be affected by these excesses in liquor. Another fear is that liquor interests may get into the politics of the land just as in America.

Mr. Paul A. Thaliath: മി. രവിവർമ്മ കൊല്ലംതോറും മദ്യം കൂടുതൽ ഉണ്ടാക്കുന്നതിനെ ഡിപ്പാർട്ടുമെൻറു എങ്ങിനെ പ്രോത്സാഹിപ്പിക്കുന്നു എന്നതിനെപ്പററി ഇവിടെ ചൂണ്ടിക്കാണിച്ച സംഗതികളോട് ഞാനും യോജിക്കുന്നു. അബ്കാരിയിനത്തിൽ ആണ്ടോടാണ്ട് വരവു വർദ്ധിച്ചുവരുന്നതായിട്ടാണ് കാണുന്നതു്. തന്മൂലം എക്സൈസ് വകുപ്പിൻെറ പൊതുവേയുള്ള വരവും വർദ്ധിച്ചു കാണുന്നു. അബ്കാരിയിനത്തിലുള്ള വർദ്ധനവു് മദ്യം കൂടുതൽ ചെലവാക്കുന്നതുകൊണ്ടു ഉണ്ടാകുന്നതാണെന്നുള്ളതിൽ സംശയമില്ല. മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതൽ വൃക്ഷങ്ങൾ ഇപ്പോൾ ചെത്തുന്നതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇപ്രകാരം കൂടുതൽ വൃക്ഷങ്ങൾ ചെത്തുന്നതിനും അങ്ങിനെ കൂടുതൽ മദ്യം ഉണ്ടാക്കുന്നതിനും അനുവദിക്കുന്നതു രാജ്യത്തിൻെറ പൊതുനന്മയെ ലാക്കാക്കി നോക്കുന്നപക്ഷം നല്ല നയമാണെന്നു തോന്നുന്നില്ല. ചാരായവും ൧൧൧൯-ൽ ഉണ്ടായിരുന്നതിനേക്കാൾ വളരെ കൂടുതലായി ഇപ്പോൾ ഉണ്ടാക്കുന്നുണ്ടെന്നും ചെലവാകുന്നുണ്ടെന്നും കാണാവുന്നതാണ്. അതുകൊണ്ട് മദ്യത്തിൻെറ ക്വാണ്ടിററി കൂട്ടാതെ കൊല്ലംതോറും കുറയ്ക്കുകയും വില കൂട്ടുകയും ചെയ്യുക എന്ന നയമാണ് ഡിപ്പാർട്ടുമെൻറു കൈക്കൊള്ളേണ്ടതു്. അങ്ങിനെയെങ്കിലും നിലവിലിരിക്കുന്ന മദ്യപാനത്തെ കുറയ്ക്കേണ്ടതു അത്യാവശ്യമാണ്.

എനിക്ക് വേറൊരു സംഗതികൂടി ഈ അവസരത്തിൽ പറയേണ്ടിയിരിക്കുന്നു. അതിനെപ്പററി ഞാൻ ഒരുചോദ്യവും അയച്ചിരുന്നു. കാലടിയിൽ മാർക്കററിനകത്തും പരിസരങ്ങളിലും എക്സൈസ് ഗാർഡുകൾ അല്ലെങ്കിൽ സാധാരണ ജനങ്ങൾ പറയുന്നതുപോലെ 'ഇടിവണ്ടിക്കാർ' പൊതുജനങ്ങളെ അകാരണമായി കയ്യേററം ചെയ്യുന്നതിനെപ്പററി ൧൧൧ൻ

മകരത്തിൽ ഒരു പരാതി അയച്ചിരുന്നു. അസിസ്റ്റൻറു എക്സൈസ് കമ്മീഷണർ, അസിസ്റ്റൻറു പോലീസു സൂപ്രണ്ടു് മുതലായവർവന്നു അന്വേഷണം നടത്തി. ഇതിനും പുറമെ കോട്ടയം ഡിസ്ട്രിക്റ്റു മജിസ്ട്രേട്ടുകൂടിയും സ്ഥലത്തുവന്നു അന്വേഷണങ്ങൾ നടത്തി. എന്നാൽ ൧൧൨൦ കർക്കടകമായിട്ടും ഇതുവരെ യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല എന്നു് എൻറെ ചോദ്യത്തിൻറെ മറുപടികൊണ്ടു കാണുന്നു. എക്സൈസ് കമ്മീഷണർ അവർകൾ സ്ഥലത്തുവന്നു അന്വേഷണം നടത്തിയതുമില്ല. അദ്ദേഹം എക്സൈസ് ഡിപ്പാർട്ടുമെൻറിലുള്ള അഴിമതികളെ ഇല്ലായ്മ ചെയ്യുവാൻ വളരെ തൻേറടത്തോടുകൂടി പ്രവർത്തിച്ചുപോരുന്ന ഒരാളാണു്. തന്നിമിത്തം ആ അഴിമതികൾക്കു വളരെ ശമനം ഉണ്ടായിട്ടുമുണ്ടു്. പക്ഷേ ഞാൻ മുമ്പു പറഞ്ഞ പരാതിയെപ്പററി ഇത്രയുമായിട്ടും അതായതു പൊതുജനങ്ങളെ ദേഹോപദ്രവം ഏല്പിച്ചിട്ടു ഒന്നരക്കൊല്ലം ആയിട്ടും അദ്ദേഹം ഒരു തീരുമാനവും ഉണ്ടാക്കാതിരിക്കുന്നതു് എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇനിയെങ്കിലും ഒരു തീരുമാനം ഉടൻ ഉണ്ടാക്കണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു.

അതിർത്തികളിൽ താമസിക്കുന്ന ആളുകൾക്കു ആ ചൗക്കകളിലെ ചില നടപടികൾ നിമിത്തം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നുണ്ടു്. ഉദാഹരണമായി എറണാകുളത്തുനിന്നും വരാപ്പുഴയിലേക്കു തീരുവ ഇല്ലാത്ത സാമാനങ്ങൾ കൂടുതലായി കൊണ്ടുവരണമെങ്കിൽ ചൗക്കയിൽ ഒരു ഫാറത്തിൽ എഴുതി കൊടുക്കണം. ഈ ഏർപ്പാടു വച്ചിരിക്കുന്നതു് ഗവൺമെൻറു എന്തുപയോഗത്തിനു വേണ്ടിയാണെന്നു എക്സൈസ് കമ്മീഷണർ അവർകൾ പറഞ്ഞുതന്നാൽ കൊള്ളാം.

Mr. T. M. Chidambarathanu Pillai: Sir, in supporting this motion, I have got two points of view to be placed before the House, as an agriculturist. In the exercise of the powers under section 77 of the Salt Act of 1088, certain rules are framed for the issue of the salt free of duty for manurial purposes. The rules are very severe as regards this issue, because, first, when the agriculturist wants the salt he will have to apply through the Agricultural Department and then it has to be reported on by the Assistant Excise Commissioner and then by the Commissioner. The rules are framed in such a way, that even though for manurial purposes the salt is given free, after mixing it up with prawnskin punnacs and other things we will have to keep the mixture in a safe room. If you are to manure 10 acres of land you have to spend more than 500 rupees for getting a safe-room. Besides that, when the Excise Commissioner comes, you will have to show him

the accounts and all that. This is causing a very serious hardship to the poor agriculturists. If I want the manure I must be allowed to mix it as directed and then use it for agricultural purposes. Why should there be a room for keeping it as prescribed in the rules? If that condition is put in as a sort of scientific factor it is to be considered, now just as the Agricultural Department now sells things like punnac, groundnut oil cakes for manure, why not mix the salt in the proportion required and supply it to the ryots from the department? It will be helping the ryots a great deal. As it is now, the salt supplied free is not helping us very much.

I was urging this House last time that the condition of the road from Thamarakulam to salt factories should be improved. It seems that some sanction is given to take up the two roads at a cost of sixty thousand rupees. I thank the Government for that. But now I understand from a notice board there, that if all the salt licensees are prepared to spend a moiety of this amount, then the roads will be taken up for execution. My submission is, how are the licensees concerned in this? If proper transport or cheaper transport is given, the consumer is benefited and not the licensee. Therefore, to impose on the licensee this burden is very hard. They will not be prepared to do it as a matter of fact they have protested the same. Therefore in the interest of the citizens and to enable the consumers the salt supplied with greater facilities of transport and less cost. I think the Government should undertake the whole expenditure. I support the demand.

Mr P. Gopalan: സർ, അബ്കാരിയിനത്തിൽ ഇത്ര കൂടുതൽ വരവുണ്ടായിരിക്കുന്നതു രാജ്യാഭിമാനികളായ ആരേയും ഭയപ്പെടുത്തുന്ന ഒന്നാണ്. മദ്യനിരോധനമാണ് ഗവണ്മെന്റിന്റെ നയമെന്നു പറയുന്നു. കഴിഞ്ഞ ബഡ്ജറ്റ് വിമർശനവേളയിൽ റസ്റ്റാറന്റിൽ എങ്കിലും മദ്യവില്പനയെ തടയണമെന്നു പൊതുജനപ്രതിനിധികൾ ഗവണ്മെന്റിനോടു ആവശ്യപ്പെട്ടതാണ്. എന്നാൽ ഗവണ്മെന്റു യാതൊന്നും ചെയ്തിട്ടില്ല. റസ്റ്റാറന്റിലും മററു ഷാപ്പുകളിലും മദ്യവില്പന ഇപ്പോൾ വർദ്ധിച്ചു വരികയാണ് ചെയ്യുന്നതു്. മദ്യപാനം രാജ്യത്തിന്റെ പലഭാഗങ്ങളിലും അടിക്കടി വർദ്ധിച്ചുകൊണ്ടുവരുന്നതു കാണുമ്പോൾ രാജ്യസ്നേഹികളായ ജനങ്ങൾ അത്ഭുതപ്പെടുകയാണ് ചെയ്യുന്നതു്.

Mr. P. G. Narayanan Unnithan: റസ്റ്റാറന്റുകളിൽ ൧൮ വയസ്സിനു താഴെയുള്ളവർക്കും മററും മദ്യം കൊടുക്കരുതെന്നു ഒരു സർക്കുലർ അയച്ചിട്ടുള്ളതായി മെമ്പർക്കറിയാമോ?

Mr. P. Gopalan : ആ സർക്കുലർകൊണ്ടു് യാതൊരു പ്രയോജനവുമില്ല. റസ്റ്റാറൻറിലെ മദ്യവില്പനയെ ഒന്നപാടേ തടയേണ്ടതാണു്. [illegible] വയസ്സിനു താഴെയുള്ളവരെ, കൂടുതൽ മദ്യം ചെലവാക്കുവാൻ വേണ്ടി പതിനെട്ടോ അതിൽ കൂടുതലോ വയസ്സുള്ളവരാക്കി തീർക്കുവാൻ റസ്റ്റാറൻറു ഉടമസ്ഥന്മാർക്കു് യാതൊരു പ്രയാസവുമില്ല. ഏതായാലും മദ്യനിരോധനത്തിനുവേണ്ടി ഗവർമ്മെൻറു എന്തെങ്കിലും കാര്യമായി പ്രവർത്തിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ഉപ്പുവ്യവസായംകൂടി ദേശീയമാക്കേണ്ടതാണു്. ഇവിടത്തെ വിദ്യാഭ്യാസം ദേശീയമാക്കിയതുപോലെ, വളരെ ബുദ്ധിമുട്ടുകൂടാതെ ഗവർമ്മെൻറിനു യാതൊരുതരത്തിലുമുള്ള നഷ്ടംവരാതെ രാജ്യത്തിനും ജനങ്ങൾക്കും കൂടുതൽ പ്രയോജനകരമായ വിധത്തിൽ ഉപ്പുവ്യവസായത്തെ കൂടി ദേശീയമാക്കിത്തീർക്കുവാൻ കഴിയും. ആ കാര്യത്തിലും ഗവർമ്മെൻറു ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

Mr. K. A. Raman Pillai: Sir, the Excise Department is bringing us bumber crops and we are in a period of boom as far as the Excise revenue is concerned. But with regard to customs I do not find any appreciable increase in revenue, because the difference between the revised estimate of 1120 and the budget estimate for 1121 is only Rs. 4,500 whereas when we come to abkari, tobacco etc., the amount of revenue for 1119 is Rs. 73,81,253 ; the budget estimate for 1120 is Rs. 98 lakhs nineteen thousand nine hundred and the revised estimate for 1120 is Rs. 127 lakhs four thousand. The Budget estimate for 1121 is Rs. 131·89 lakhs. The estimate of 1121 when compared to the actuals of 1119 is something like twice the amount of the actuals of 1119.

There is a phenomenal increase in the Excise Revenue and the question is whether the policy pursued by the Department is a sound one. In other words, the question is whether prohibition is to be introduced in the country in the interests of the people of the country. I might at once say that prohibition is not successfully practised in any part of the world. What I have to say is that, we are in the company of other enlightened countries in regard to this matter. But it cannot be said for a moment that the Excise Department is encouraging drinking or that it is carrying on propaganda for the purpose.

Mr. G. Revi Varma: Is it not within the competence of the Government to reduce the quantity of liquor and arrack supplied in the State?

Mr. K. A. Raman Pillai: It is within the powers of the Government. What I have next to say is that if a person who is addicted to alcoholic liquors proves a danger to society, the Law has provided sufficient safeguards to punish him. In regard to this matter, the Excise Commissioner has rightly pointed out that persons who are below 18 years of age are prohibited from buying liquor. They are not allowed to purchase liquor from any Arrack shop and it is one of the conditions in the licenses also. But the rule must be strictly enforced. It ought not remain a dead rule, so to speak. If there is an infringement of the rule, strict action should be taken against the licensees and their licences must be cancelled. I am glad that the Assembly and the Council have passed Borstal Schools Bill and the Children Bill. They contain salutary provisions. I do not think any person below 18 years will be enabled to resort to the use of alcoholic liquors when those Bills pass into the Statute Book.

